കൗമുദി
ആഴ്ചപ്പതിപ്പു്



ഇൗ ലക്കത്തിൽ

കുറിപ്പുകൾ — കെ ബാലകൃഷ്ണൻ

പത്രാധിപരോടു സംസാരിക്കുക — പത്രാധിപർ

സ്പോർട്ട്സ്
"ജയിച്ചുവരൂ രാഘവാ" — ശ്യാമകൃഷ്ണൻ
തുറമുഖം — കിടക്കുകൾ

വനകന്യക (കവിത) — കാട്ടാക്കട, ദിവാകരൻ

പുഴിയാ പെണ്ണാ? (പ്രശ്നകഥ) — കെ. എ. ജബ്ബാർ

പുരോഗമനസാഹിത്യസംഘടന — പ്രത്യേകലേഖകൻ

കയർമുതലീഗ് — ഉഷശ്ചേച്ചി

കടലാസ്കപ്പലിലെ യാത്ര (ചെറുകഥ) — എം. ലൈലാബീവി

ബുദ്ധിമാനായ ഒരു ന്യായാധിപൻ (ചെറുകഥ) — വിജയലക്ഷ്മിക്കുഞ്ഞമ്മ

ഗാന്ധിസം (കവിത) — എൻ. ശാന്തമ്മ

സിംഹളം ചരിത്രത്തിലൂടെ — ടി. കെ. ശങ്കരൻ

മാവൊസെതുംഗ് വാൻസായ്
ഭരണസംവിധാനം — എൻ. ശ്രീകണ്ഠൻനായർ എം. പി.

വനിതാപംക്തി
അറിയുമോയെന്നോ നിങ്ങൾ! — കെ എൽ. കെ. സോറ

എഴുതാത്ത കഥ (ചെറുകഥ) — വെള്ളായണി, പലവേശൻ

അംബാപ്രസാദ് സൂഫി — വിവർത്തകൻ: ദേവി

ജീവിതസ്വരം — സി. കേശവൻ

ഇന്നത്തെ ശകുന്തള (കവിത) — രാധാമണി

കൊറിയയിൽ ഇന്നു നടക്കുന്ന
സൈനിക രാഷ്ട്രീയനാടകം — ജി. ചെല്ലപ്പൻപിള്ള, കൊറിയ

കഴിഞ്ഞലക്കം

മുഖചിത്രം: — ശകുന്തള

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്ന്
118-ാം ദിവസം

പത്രാധിപർ — കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ ശ്രീകണ്ഠൻനായർ

കൗമുദി

പുസ്തകം 4 1129 മകരം 5 തിങ്കൾ ലക്കം 43

കൗമുദിയിൽനിന്നുള്ളത്

തിരഞ്ഞെടുപ്പു രംഗത്തേക്ക്

മറ്റാരാളുമില്ലെങ്കിലും കൗമുദിവായനക്കാരോടു് ഞാൻ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ച വിവരം പറയേണ്ട ചുമതല എനിക്കുണ്ടു്. കൗമുദി പംക്തികളിലൂടെ ഞാൻ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പല തവണ പറഞ്ഞിട്ടുണ്ടു് ഇന്നു തിരുവനന്തപുരം മൂന്നാം നിയോജകമണ്ഡലത്തിൽ ഐക്യമുന്നണി സ്ഥാനാർത്ഥിയായി ഞാൻ മത്സരിക്കുന്നുണ്ടു് ഈ മനഃമാറ്റം എങ്ങനെ ഉണ്ടായെന്നു് എന്നോടു സംസാരിക്കാനുള്ള പംക്തിയിൽ പല സുഹൃത്തുക്കളും ചോദിക്കുന്നുണ്ടു്. തിരഞ്ഞെടുപ്പിൽ മത്സരിക്കുക എന്ന ഒരുദ്ദേശ്യം എനിക്കു ഉണ്ടായിരുന്നില്ലെന്നുള്ളതു നേരാണു് എനിക്കു അവസാന തീരുമാനമെടുക്കാനുള്ള അവകാശം പരിമിതമായിരുന്നെങ്കിൽ ഞാൻ മത്സരിക്കയുമില്ലായിരുന്നു. ഈ രാജ്യത്തിന്റെ പുരോഗതിക്കു ഇടതുപക്ഷശക്തികൾ അധികാരത്തിൽ വരേണ്ടതു് ആവശ്യമാണെന്നു വിശ്വസിക്കുന്ന അനേകായിരങ്ങളുടെ പേരിൽ ഒരാളാണു് ഞാൻ. അതിനു എന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും വ്യക്തിപരമായും ഈ വാരികവഴിയും നൽകണമെന്നും ഞാൻ തീരുമാനിച്ചിരുന്നു. ഈ നിലയിൽ നൽകാവുന്ന ഏറ്റവും വലിയ സഹായം ഇവിടെ ഒരു സ്ഥാനാർത്ഥിയായി നില്ക്കുകയാണെന്നു ബോദ്ധ്യമായതുകൊണ്ടു ഞാൻ ഒരു സ്ഥാനാർത്ഥിയായിനില്ക്കാൻ തീരുമാനിച്ചു ജയിക്കുന്നോ തോല്ക്കുന്നോ എന്നുള്ളതു ഒരു നിസ്സാരകപ്രശ്നമായി ഞാൻ കരുതുന്നില്ല. വിജയിക്കാൻവേണ്ടി പരമാവധി പരിശ്രമിക്കും. എനിക്കുവേണ്ടി വോട്ടുചെയ്തു വിജയിക്കണമെന്നല്ല എന്റെ ആഗ്രഹം. ഞാൻ ഇന്നു ഒരു വ്യക്തിയല്ല ഒരു രാഷ്ട്രീയചിന്താഗതിയിൽ വിശ്വസിക്കുന്ന ഒരു സന്നദ്ധസേനയിലെ ഒരു ഏളിയ ഭടൻമാത്രമാണു്. ഞാൻ വിശ്വസിക്കുന്ന ചിന്താഗതി സമ്മതിദായകരുടെ ഇടയിൽ പ്രചരിപ്പിച്ചു പരമാവധി ആ ചിന്താഗതിക്കു പിൻതുണ സമ്പാദിക്കാനാണു് എന്റെ ശ്രമം. എന്റെ വിജയവും പരാജയവും വ്യക്തിപരമായിരിക്കയില്ല. വ്യക്തിപരമായ നിലയിൽ അവശ്യപൂർവ്വം എനിക്കു പിന്തുണ നല്കുന്നവരെ മഹാഭൂരിപക്ഷം എതിർക്കുന്നവരെക്കാളും വ്യക്തമായി എനിക്കറിയാം പക്ഷേ എന്റെകൂടെ ഈ രാജ്യത്തെ ജനങ്ങളുടെയിടയിൽ പ്രവർത്തിച്ചു അവരുടെ വിശ്വാസമാർജ്ജിച്ചിട്ടുള്ള ചില രാഷ്ട്രീയപാർട്ടികളുണ്ടു് അവർക്കുള്ള ജനസ്വാധീനം എനിക്കുള്ള വോട്ടുകളായി രൂപാന്തരപ്പെടുമെന്നു എനിക്കു ധൈര്യമുണ്ടു്. എങ്കിലും നിയോജകമണ്ഡലം ഈ തിരഞ്ഞെടുപ്പുമൽസരത്തിൽ അത്ര വലിയ പ്രാധാന്യമുള്ള ഒരു രംഗമല്ല എന്നിയായ ബലപരീക്ഷണരംഗങ്ങൾ വേറെ ചില നിയോജകമണ്ഡലങ്ങളുണ്ടു്. രാഷ്ട്രീയ പരിഗണനകൊണ്ടും വ്യക്തിപരമായും വലിയ പ്രാധാന്യമുള്ള മറ്റു ചില നിയോജകമണ്ഡലങ്ങളുമുണ്ടു്. ഇടതുപക്ഷങ്ങളുടെ നേതാവായ ശ്രീ പട്ടം മൽസരിക്കുന്ന നിയോജകമണ്ഡലം രാഷ്ട്രീയ പ്രാധാന്യത്തിൽ മുന്നണിയിൽ നിൽക്കുന്നു. സ്വതന്ത്ര മൂടുപടമിട്ട കോൺഗ്രസ്സു സ്ഥാനാർത്ഥിയായി സ്പീക്കർ ശ്രീ കെ. പി. ആ നിയോജകമണ്ഡലത്തിൽ മൽസരിക്കുന്നുണ്ടു് ശ്രീ പട്ടത്തിനെ പരാജയപ്പെടുത്താൻ കഴിഞ്ഞാൽ അതിൽവലിയ ഒരു നേട്ടം കോൺഗ്രസ്സുകാർക്കുണ്ടാകാനില്ല. അക്കാരണത്താൽ തന്നെ കോൺഗ്രസ്സിന്റെയും ശവക്കല്ലറയുടെയും സർവ്വശക്തികളും തിരുവനന്തപുരം രണ്ടാം നിയോജകമണ്ഡലത്തിൽ ശ്രീ. പട്ടത്തിനെതിരായി നിങ്ങുമെന്നകാര്യം തീർച്ചയാണു്. വിജയം സുനിശ്ചിതമാകണമെങ്കിലും നല്ല ഭൂരിപക്ഷം വാശിയോടും പ്രവർത്തിച്ചില്ലെങ്കിൽ ശ്രീ പട്ടത്തിന്റെ നിയോജകമണ്ഡലം പ്രതീക്ഷിക്കാത്ത കഥകളും പറഞ്ഞേക്കും. പട്ടാഴിയിൽ സ. എം. എൻ. ഗോവിന്ദൻനായരും മന്ത്രി ശ്രീ. കള്ളത്തിൽ വേലായുധൻനായരുമായി നടക്കുന്ന മത്സരം പ്രധാനമാണു്. കോൺഗ്രസ്സു മന്ത്രിമാരിൽ ഏറ്റവും കൂടുതൽ അപഖ്യാതി നേടിയ കരുത്തിലാണു് ഇടതുപക്ഷങ്ങളുടെ ഏറ്റവും വലിയ നേതാക്കന്മാരിലൊരാളും എതിർക്കുന്നതു്. ആ നിയോജകമണ്ഡലത്തിലെ വിജയവും പരാജയവും രാഷ്ട്രീയമാകുമെന്നതുകൊണ്ടു അതീവശ്രദ്ധയോടെ നോക്കിയിരിക്കയാണു് ഇടതുപക്ഷശക്തികൾ പരമാവധി ഉത്സാഹത്തോടെ നിങ്ങുന്നുണ്ടു് ഒരു നിയോജകമണ്ഡലമാണല്ലോ കൊട്ടാരക്കരയിൽ സ: പി കെ. ദിവാകരനും ശ്രീ. ആർ. ശങ്കറുമായി ഒരു മൽസരം നടക്കുകയാണു്. എസ്. എൻ. ഡി. പി. യോഗം ജനറൽസെക്രട്ടറി എന്ന നിലയിൽ ശങ്കറിനു സാമുദായികസമ്മർദ്ദം ചെലുത്തി ഒരു നല്ലഭൂരിപക്ഷം ഇഴുവപ്പാട്ടന്മാരുള്ള കൊല്ലത്തു വിജയിക്കാമെന്നാണു് ശ്രീ. ശങ്കർ പ്രതീക്ഷിക്കുന്നതു്. കൈക്കുസ്സ വയോട്ടകം സുസ്ഥിരമാക്കുന്നതിനു അദ്ദേഹം ഡിഷ്പ്പിൻറ്റമുന്നിൽ മുട്ടുകുത്തി അനുഗ്രഹാശിസ്സുകളും വാങ്ങിയിട്ടുണ്ടു്. നഖശിഖാന്തം തന്നെത്തന്നെ ഏൽപ്പിച്ചുകൊണ്ടിരുന്ന ശർവ്വസ്വീകാരനായ ഒരു സമുദായനേതാവു് മുന്നിൽവന്നു് മുട്ടുകുത്തുന്നതു കാണുമ്പോൾ അതുകൊണ്ടു മനസ്സാണു് അലിഞ്ഞുപോകാത്തതു്. ഈ മുൻമന്ത്രിസഭയെ നിലനിറുത്താനായി പിന്തുണ യാചിക്കുമ്പോൾ, പണത്തിന്റെയും സാമുദായികവും മതപരവുമായ സമ്മർദ്ദങ്ങളുടെയും ഒരു വലിയ ശക്തിയാണു് പണമില്ലാത്ത സാമുദായിക സംഘടനകളും മതാദ്ധ്യക്ഷന്മാരും പിന്നിലില്ലാത്ത ദിവാകരനു നേരിടേണ്ടി വന്നിരിക്കുന്നതു്. നിയമസഭയിൽ ചെന്നായി അനുസ്സോടെ മടങ്ങിവന്ന പാരമ്പര്യം മി

വ്യാകരണം നിയമസഭയിൽ പോയി പല കസ്റ്റാംകളികളും നടത്തി പരാജയപ്പെട്ട തെറിച്ചുവീണ പാരമ്പര്യം ശങ്കർക്കുണ്ട്. പലതുകൊണ്ടും രാജ്യം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു തിരഞ്ഞെടുപ്പ് മൽസരമായിരിക്കും കൊല്ലത്തേത്. മന്ത്രിമാർ മൽസരിക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളും ഇടതുപക്ഷമോതാക്കന്മാർ മൽസരിക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളും പ്രാധാന്യമുള്ളവയാണ്. അതുകൊണ്ട് ഏതെന്നപ്പോലുള്ളവർ മൽസരിക്കുന്ന നിയോജകമണ്ഡലങ്ങൾ അപ്രധാനങ്ങളാണ് എന്നല്ല ഞാൻ പറയുന്നത് ഇന്നത്തെ ഭരണകൂടത്തിന്റെ സ്ഥാനത്തു ജനാഭിലാഷങ്ങളും മാനിക്കുന്ന ഒരു ഭരണകൂടം അധികാരത്തിൽ വരണമെങ്കിൽ ഏതൊപ്പോലെ ഇടതുപക്ഷസ്ഥാനാർത്ഥികളായി നിന്നു മൽസരിക്കുന്ന സാധാരണക്കാർ നിയമസഭയ്ക്കകത്തു ഒരു ശരിപക്ഷം നേടത്തക്കവണ്ണം വിജയിക്കണം. നയിക്കാനും നയിക്കപ്പെടാനും ഒരു നല്ല സംഘത്തെ തിരഞ്ഞെടുത്തയക്കേണ്ട ചുമതലയാണ് തിരു-കൊച്ചിയിലെ സമ്മതിദായകന്മാരിൽ അർപ്പിതമായിരിക്കുന്നത്.

ഈ തിരഞ്ഞെടുപ്പിൽ പുരോഗമനവിരോധങ്ങളെ പ്രധാനമായി ഏതിർക്കുന്നതു കോൺഗ്രസ്സിനെയാണ്. അധികാരത്തിലിരിക്കുന്ന കക്ഷിയായതുകൊണ്ടു കോൺഗ്രസ്സിനെ ശത്രുതയിൽനിന്നു കാണുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതസ്ഥിതിയുണ്ട്. അധികാരകക്ഷിയെന്ന നിലയിൽ ഈ രണ്ടുകൂട്ടരിൽ തുടരാൻ കോൺഗ്രസ്സിനർഹതയുണ്ടോ ഇല്ലയോ എന്ന പ്രശ്നത്തിനാണ് ഈ തിരഞ്ഞെടുപ്പു മറുപടിപറയാൻപോകുന്നത്. ഇന്നു നിലവിലിരിക്കുന്ന ഭരണകൂടത്തിനു് അധികാരത്തിൽ തുടരാൻ അർഹതയില്ലെന്നു് ശക്തിയായ അഭിപ്രായമുണ്ട് അധികാരത്തിൽ തുടരാനുള്ള അർഹത ധാർമ്മികമായി ഇല്ലെന്നു് കോൺഗ്രസ്സുകാർതന്നെ സമ്മതിക്കുന്നുണ്ട് നിർഭാഗ്യവശാൽ ഇങ്ങനെ തുടരുന്നതിൽ തെറ്റില്ല എന്നുള്ള വാദമാണ് കോൺഗ്രസ്സ് ഉന്നയിക്കുന്നത് ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചു് അതു് പരാജയപ്പെട്ടാൽ മന്ത്രിസഭ ഏറ്റുചെയ്യണമെന്നാലോചിക്കുന്ന ഒരു മര്യാദപോലും ഇന്ത്യൻ ഭരണഘടനയിലില്ല. ബ്രിട്ടൻ സ്വീകരിച്ചിട്ടുള്ള അനേകം കീഴ്വഴക്കങ്ങളിലൊന്നാണ് ഇവിടത്തെ മന്ത്രിസഭ നിലനിൽപ്പിനുവേണ്ടി സ്വീകരിച്ചതു്. അതിലും ഒരു നേരമ്പോക്കുണ്ട്. വ്യവസ്ഥാപിതമായ ഭരണം നിലനിൽക്കുന്ന ഒരു രാജ്യത്തും ജനങ്ങളോടുത്തരാദിത്വമില്ലാത്ത ഒരു "ജനകീയ മന്ത്രിസഭ" 'സർവ്വാധികാരങ്ങളുമുള്ളടക്കി' അധികാരസക്രമം ഭരണം നടത്തിയതായി ലോകചരിത്രത്തിൽ ഒരുദാഹരണം കാണുകയില്ല ഒരു കാര്യം വ്യക്തമാണ്. ഇന്നത്തെ ഭരണകൂടം ഇങ്ങിപ്പിരിക്കുന്നവരുടേതല്ല. ജനാഭിലാഷത്തെപ്പറ്റിയുള്ള ആരവങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതു് ഏന്ന ചിന്ത ഈ ഭരണകൂടത്തെ തൊട്ടുതൊട്ടില്ലാതുമില്ല. കോൺഗ്രസ്സുകാർ പറയുന്നു്. ജനാധിപത്യം അപകടത്തിലാകാൻ പോകുന്നുവെന്നു്. ജനാധിപത്യം എന്നു പറഞ്ഞാൽ ഈ വിരോധികൾ എന്താണു ധരിച്ചു വച്ചിരിക്കുന്നതെന്നവർക്കു അറിഞ്ഞുകൂടേ ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതിനിധാനം ചെയ്യുന്നവർ ഭരിക്കുകയാണു് ജനായത്ത സമ്പ്രദായങ്ങളിൻറെ മധുരികതത്വമെങ്കിൽ ജനാധിപത്യത്തിൻറെ ഏറ്റവും വലിയ ശത്രുക്കളാണു് ഇന്നിരാജ്യം ഭരിക്കുന്നതു് ഈ നാട്ടിലെ ജനങ്ങൾ തിരഞ്ഞെടുത്തയച്ച പ്രതിനിധികൾക്കു് ജനങ്ങളെ പ്രതിനിധീകരിക്കാനുള്ള അവകാശമില്ലെന്നു് ഭരണകൂടത്തിലിരിക്കുന്നവർ പ്രഖ്യാപിച്ചിരിക്കുന്നു. നമ്മുടെ ഇഷ്ടമുള്ളവരെ തിരഞ്ഞെടുത്താൽ ഞങ്ങളവരെ തിരിച്ചയയ്ക്കും ഞങ്ങൾക്കു് ഭരിക്കാൻ സൗകര്യം തരുന്നവരെ തിരഞ്ഞെടുത്തയച്ചു ഞങ്ങളെ നിങ്ങളുടെ പ്രതിനിധികളെ ബഹുമാനിക്കും. ഇതാണു് ഇന്നു് കോൺഗ്രസ്സിൻറെ നില. ഇതിനേയാണു് ഞങ്ങളും ജനങ്ങളോടുള്ള വെല്ലുവിളി എന്നു പറയുന്നതു്. ഈ രാജ്യത്തു് പുരോഗമനശക്തികളും അധികാരത്തിൽ വരുന്നതിനെ ഭയപ്പെടുന്നവർ ഇവിടെ മാത്രമല്ല പുറത്തുമുണ്ട്. വിദേശങ്ങളിലൂടെയും പത്രികകളിലൂടെയും ഈ രാജ്യത്തെ ഭരണം നിയന്ത്രിക്കാനും നയിക്കാനും ചില സാമ്രാജ്യശക്തികളും പരിശ്രമിക്കുന്നുണ്ട്. പൊതുവേയുള്ള കോൺഗ്രസ്സിൻറെ ചിത്രത്തേക്കാൾ വളരെയേറെ ഇരുണ്ടതാണു് തിരു-കൊച്ചിയിലെ കോൺഗ്രസ്സിൻറെ ചിത്രം. റോമിൽനിന്നും അമേരിക്കയിൽനിന്നും പണവും ആളും അക്കാക്കിയുടെ തിരഞ്ഞെടുപ്പുകാലംമുതൽതന്നെ ഇങ്ങോട്ടു പ്രവഹിച്ചുതുടങ്ങിയിട്ടുണ്ട് മറ്റൊരുവരെ വിരൽചൂണ്ടി അവർ രാജ്യത്തെ മുറിച്ചുകൊടുക്കുന്നു എന്നു തൊണ്ണകീറി പ്രസംഗിച്ചു് സഹകരിച്ചുമായി ഈ രാജ്യത്തിൻറെ പ്രബുദ്ധതയെ തുടച്ചുമാറ്റാൻ ഒരു സംഘം ഇവിടെ പ്രവർത്തിക്കുകയാണു്. പള്ളിക്കുകത്തു പ്രാർത്ഥനാസമയത്തു ദൈവത്തിൻറെ കാര്യങ്ങൾ പറയുന്നതിനോടൊപ്പം കാൽവരിയിൽ നടന്ന മഹത്തായ ത്യാഗത്തിൻറെപേരിൽത്തന്നെ കോൺഗ്രസ്സിനു വേണ്ടി ഇന്നു വോട്ടുപിടിക്കുവും നടക്കുകയാണു് ഇതു വ്യക്തിപരമായ രാഷ്ട്രീയചിന്തയാണെന്നു പറയാൻ നാണമില്ലാത്ത ചില രാഷ്ട്രീയനേതാക്കന്മാരും ഈ രാജ്യത്തുണ്ട്. ഒരു പ്രസിഡണ്ടുപദത്തിനോ മന്ത്രിപദത്തിനോവേണ്ടി ഈ രാജ്യത്തെ വിദേശനിയന്ത്രണത്തിലുള്ള ഒരു പള്ളിക്കു് അടിയറവച്ചു കൈമടക്കു വാങ്ങിക്കുവാൻ നടക്കുന്ന ആളുകളും ഞങ്ങളെപ്പോലെ വിദേശ ഭൃങ്ങളുടെ ചാരന്മാരാണു് എന്നു പറയുന്നതുകേൾക്കുമ്പോൾ ചിരിക്കാതെത്തുചെയ്യാനാണു് ഈ രാജ്യത്തു് കോൺഗ്രസ്സുകാരായി അറിയപ്പെട്ടിരുന്ന ചില ആളുകളുണ്ടു്. കോൺഗ്രസ്സ് എന്നു പറയുമ്പോൾ അവരുടെ ചോരയും സർവ്വപ്രധാനമായി നാം കാണിച്ചുപോകാവുന്നതുമാണു്. കോൺഗ്രസ്സിൽനിന്നു് ഇത്തവണ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളായി നിന്നുതിയിട്ടുള്ളവരുടെ ലിസ്റ്റും പരിശോധിച്ചാൽ ആ സംഘടനയെ പാരാളംപേരെ വീണിരിക്കുന്നതെന്നു് മനസ്സിലാക്കാൻ വിഷമമില്ല രാഷ്ട്രീയം ഒരു കരിഞ്ചന്തവ്യാപാരംപോലെ കൊണ്ടുനടക്കുന്ന കുറെ കോൺട്രാക്ടന്മാരും റേഷൻകടക്കാരുമാണു് സ്ഥാനാർത്ഥികളിൽ ഭൂരിപക്ഷവും. ഇവർ ജയിച്ചു് ഒരു കോൺഗ്രസ്സ് ഭരണകൂടം ഇവിടെ പ്രതിഷ്ഠിക്കുകയാണെങ്കിൽ ആ ഭരണകൂടത്തെ പിൻതാങ്ങുന്ന കക്ഷിയെക്കാൾ അധഃപതിച്ച ഒരു രാഷ്ട്രീയകക്ഷി ലോകത്തുണ്ടായിരിക്കയില്ല കോൺഗ്രസ്സ് വരുന്നതോ വിപത്തു് അതിലേറെ വിപത്തു് കോൺഗ്രസ്സുകാരെന്നപറഞ്ഞു് സ്ഥാനാർത്ഥികളായി കയറൂരിവിട്ടിരിക്കുന്ന മൂരികളാണു്. വിപുലമായ അടിസ്ഥാനത്തിലുള്ള ഒരു കൂട്ടായ്മക്കവച്ചുമയ്ക്കുതിരായാണു് ഇന്നു് ഇടതുപക്ഷശക്തികൾ രംഗത്തുവന്നിരുന്നതു്. നമ്മുടെ നാട്ടിൽ നാലിപ്പിച്ചില്ലാത്ത അടങ്ങായിലെന്നു് കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന സ്വകാര്യമോഹികളും അധികാരഭ്രാന്തന്മാരും സ്വാർത്ഥമൂന്യമായ ഒരു സംഘത്തിൽനിന്നു രാജ്യത്തെ രക്ഷിച്ചെടുക്കുക അതിവ ശ്രമകരമായ ഒരു ജോലിയാണു്. തിരഞ്ഞെടുപ്പു രംഗത്തേക്കിറങ്ങുമ്പോൾ മനസ്സിൽ,ഉരുവിടുന്നവരുന്ന ആശ്വവിശ്വാസങ്ങളും ഞാൻ പകുത്തുകാണിച്ചതുപോലെ ഈ തിരഞ്ഞെടുപ്പ് ചരിത്രത്തിൻറെ വിധിനിർണ്ണായകമായ ഒരു ഘട്ടത്തിൽ നടക്കുന്ന അതിപ്രധാനമായ സംഭവമാണെന്നുള്ളതിനു് എല്ലാവർക്കുമുണ്ടായിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നിസ്സാരമായി നോക്കിയിരിക്കാവുന്ന ഒരു പാർട്ടിമാത്സര്യമല്ല നടക്കുവാൻ പോകുന്നതു്. ഒരു രാജ്യം രക്തരുഹിരായ ഒരു മുക്കോപ്പിസ്സിൻറെ സ്വർണികക്കുള്ളിലമർന്നു നശിച്ചുകൊണ്ടിരിക്കുകയാണു്. പ്രധാന പ്രശ്നം ഈ രാജ്യലക്ഷ്മിയെ ആ ക്രൂരമുഷ്കുകളിൽനിന്നു് വിമുക്തയാക്കിയെടുക്കുകയാണു്. ഈ ഭരണത്തിൻറെ കഥകഴിയുമെന്ന കുട്ടത്തായി ഞാൻ പറയും. ഞാൻ പറയാത്ത കഥകഴിയുമെന്നു് പകൽക്കൊള്ളയായി നടക്കുന്നതു്. മതത്തിൻറെ പേരിൽ, ബന്ധത്തിൻറെ പേരിൽ, മൈത്രിയുടെ പേരിൽ, രണ്ടോ മൂന്നോ ചേർ ചേർന്നു് രാജ്യത്തിൻറെ സമ്പത്തു് പങ്കിട്ടെടുക്കുകയോ വീതിച്ചുകൊടുക്കുകയോ ആണു് ഇന്നു നടക്കുന്നതു്. തൊലിവെളുത്ത ഏഷ്യൻവർഗ്ഗക്കാരുടെ സംതൃപ്തമാകുന്ന ഒരു വിഭാഗം അവർക്കുമുമ്പു് നൃത്തമാടാനായിട്ടുണ്ടു് ഈ രാജ്യത്തെ പിടിച്ചടക്കാമെന്നു് ഇനിയും അവർ വ്യാമോഹിക്കുകയാണു്. ഈ തിരഞ്ഞെടുപ്പു് തെരഞ്ഞെടുക്കുന്ന പടനായകനിയോടെ ഈ പൈശാചത്തിനെതിരായി ജനാഭിലാഷത്തിൻറെ പടവാളുയർത്തട്ടെ.

—കെ. ബാലകൃഷ്ണൻ.

പത്രാധിപരോട് സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അമ്പു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

ടി. എൻ. വിദ്യാധരൻ, എഴുകോൺ

ഉയർന്ന സാഹിത്യകാരന്മാർക്ക് കുമുദിയിൽ സ്ഥാനമുണ്ട്. കലാകുതുകികളായ കുഞ്ഞുങ്ങൾക്കു വേണ്ടി കുമുദി മിഴ് സേവനമനുഷ്ഠിക്കുന്നു. വളരാൻ ആഗ്രഹിക്കുന്ന യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു് ഒരു പ്രത്യേകപംക്തി ആരംഭിക്കുവാൻ പത്രാധിപർക്കു ഭയവുണ്ടാകുമോ?

കുമുദി പൊതുവേ ഉയർന്ന സാഹിത്യകാരന്മാരുടെ വകയല്ല. ഈ കുമുദി ആരംഭിച്ചകാലത്തു് വാരികകൾ പ്രവേശനം നൽകാതിരുന്ന ഏതുയെത്ര എഴുത്തുകാരെ ഈ വാരികയിലൂടെ ഈ വാരികയേയുംകടന്നു് വളരാനുള്ള മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടിരിക്കുന്നു. ഇന്നു കുമുദിയുടെ മാത്രം അനുഭവമല്ലാതായിട്ടുണ്ടു്. പക്ഷേ എഴുതുന്നവരെല്ലാം ഉയർന്നവരേണ്ട കലാകാരന്മാരാണു് എന്നു നിങ്ങൾ തോന്നിയിട്ടില്ല.

ടി. പി. ജോർജ്ജ്, പുതുപ്പള്ളി.

(10-1-54) ഞായറാഴ്ചത്തെ ജന. യുഗത്തിൽ ശ്രീ. പി. കേശവദേവു് കേശവദേവു് എന്നു് മാറിയിരിക്കുന്നു. മന്ത്രിമാർമുതൽ സാധാരണക്കാരൻവരെ കമ്മ്യൂണിസ്റ്റുപാർട്ടിയോടു് എതിർപ്പുള്ള പലരേയും അക്ഷരങ്ങളും മാറ്റി പേരുകളും വൃത്തികേടാക്കി കാണിക്കുക സാധാരണയായതുകൊണ്ടു് അച്ചടിപ്പിശകാണെന്നു കരുതുവാൻ നിവർത്തിയില്ല. കോൺഗ്രസ്സുകാരനാകൊണ്ടു് തകർന്നുപോയ സംസ്ഥാനത്തെ ഉയർത്തുവാൻ താങ്കളും കൂട്ടുപിടിച്ചിരിക്കുന്ന പാർട്ടിയുടെയും പത്രത്തിന്റെയും സംസ്കാരത്തിന്റെ മെച്ചത്തെപ്പറ്റി പത്രാധിപർ എന്തു പറയുന്നു.

അതു് കരുതിക്കൂട്ടിയുള്ളതാണെന്നു് എന്തതെന്നെയാണെന്റെ വിശ്വാസം. അക്ഷരം മാറ്റി ആളുകളെ ശരിപ്പെടുത്തുമെന്നു മദ്ധ്യം ഉള്ളവരാണു് ജനയുഗത്തിന്റെ പത്രാധിപത്യം വഹിക്കുന്നതെന്നു നിങ്ങൾ തോന്നുന്നില്ല.

ഡി. എ. രാജേന്ദ്രൻ, കൊല്ലം.

നിങ്ങളും അസംബ്ലിയിൽ പോയാൽ നാട്ടുകാർക്കുവേണ്ടി ചെയ്യുന്ന ആദ്യത്തെ നല്ല കാര്യം എന്തായിരിക്കും?

ആദ്യംമുതൽ അവസാനംവരെ ഞാൻ ചെയ്യുന്ന ഒരു നല്ല കാര്യം പറയാം എനിക്കു നിശ്ചയമില്ലാത്ത കാര്യങ്ങളെപ്പറ്റി പ്രസംഗിച്ചു് നാട്ടുകാരുടെ പ്രതിനിധികൾ കൂടിയിരിക്കുന്ന സഭയിൽ ശല്യമുണ്ടാക്കാതിരിക്കും.

ഡി. യു. സി. രാജൻ, വടക്കേവൂർ.

ഇവിടെ വോട്ടവകാശവും സ്വാതന്ത്ര്യവും നേടിയതു് കോൺഗ്രസ്സാണു്. റഷ്യയിൽ സ്വാതന്ത്ര്യവും തിരഞ്ഞെടുപ്പുമില്ല. തൊഴിലാളികളെ പട്ടിണിക്കിട്ടു കൊന്നും അമ്മപെങ്ങന്മാരെ പൊതുസ്വത്താക്കിയുമാണു് റഷ്യയിൽ കമ്മ്യൂണിസ്റ്റുപാർട്ടി അധികാരം സുരക്ഷിതമാക്കിയതു്. എന്നാണു് പറവൂർ ടൗണിൽക്കൂടിയ തിരഞ്ഞെടുപ്പുപ്രചരണയോഗത്തിൽ ചില കോൺഗ്രസ്നേതാക്കന്മാർ പ്രസ്താവിച്ചതു്. പത്രാധിപർ എന്തുപറയുന്നു?

ഇങ്ങനെ ചോദിച്ചാൽപോരാ. പറഞ്ഞ നേതാവാരെന്നുകൂടി അറിയിക്കണം. റഷ്യയിൽ തിരഞ്ഞെടുപ്പും വോട്ടവകാശവുമില്ലായിരുന്നു. അമ്മപെങ്ങന്മാർ രാജ്യത്തിന്റെ പൊതുസ്വത്തുതന്നെയാണു്. പക്ഷേ അമ്മയേയും പെങ്ങളേയും സ്വന്തമായി കിട്ടിയാൽ കോൺഗ്രസ്സുകാർ എന്തുചെയ്യുമെന്നു അവർക്കു് അറിയുകയും ഏതാണ്ടൊക്കെ അറിയാമെങ്കിലും അവിടെ എന്താണു നടക്കുന്നതെന്നു പറിക്കുകയില്ല.

ഗോപാലകൃഷ്ണൻ, കടക്കരപ്പള്ളി.

അനുഗൃഹീതകലാകാരനായ ആർട്ടിസ്റ്റു് ബാലനു് ഞാനൊരു സമ്മാനംകൊടുക്കുവാൻ ഉദ്ദേശിക്കുന്നു. പത്രാധിപരുടെ അഭിപ്രായമെന്താണു്?

C/o കുമുദി എന്ന മേൽവിലാസത്തിലയച്ചാൽ ബാലനു കിട്ടും. ബാലൻ ഇപ്പോൾ കുമുദി ആഫീസിലുണ്ടു്.


നാരായണൻ, ശാസ്താംകോട്ട.

വിടരാത്ത പൂമൊട്ടല്ലേ മൊട്ടു്? അതുപോലെ വിടർന്നമൊട്ടുപൂവും. പിന്നെ വിടരാത്ത പൂമൊട്ടെന്നു ചേർത്തതു തെറ്റല്ലേ? അതിന്റെ അർത്ഥമെന്തു്?

ഒരിക്കലും വിടരാത്ത ഒരു പൂമൊട്ടിനെപ്പറ്റി സങ്കല്പിച്ചുനോക്കൂ. വാടാതെ വിടരാതെ തണ്ടിൽതന്നെ തങ്ങിനിൽക്കുന്ന ഒരു പൂമൊട്ടു്. ആ സങ്കല്പമാണു് ഏതൻറെ കഥാപാത്രത്തിന്റെ സമാധാനം.

കെ. വി. ഉമ്മൻ, കോതമംഗലം.

തനിക്കു കഴിയാത്തതു മറ്റൊരുത്തൻ ചെയ്യുന്നു



സാഹിത്യസുന്ദരവും
സംഗീതസമ്മോഹനവുമായ,

കഥാപ്രസംഗം

അനേകം വർഷങ്ങളായി കേരളത്തിലെമ്പാടുമുള്ള നിരവധി കലാസ്നേഹികളുടെ ഹൃദയം കവർന്നിട്ടുള്ള പ്രശസ്തനായ കഥാപ്രസംഗകലാകാരൻ

തുറവൂർ രാമചന്ദ്രൻ,

(ദേശീയകലാലയം പ്രിൻസിപ്പാൾ)
P. O. തുറവൂർ South
ചേർത്തല, തിരുക്കൊച്ചി.

തുകയുടെ ദുരുപയോഗം കൊണ്ടുണ്ടാകുന്ന ദോഷത്തെ എന്തിനോടാണ് ഉപമിക്കാം എന്നാണ് അഭിപ്രായപ്പെടുന്നത്?

ചില പത്രാധിപന്മാർ ഈ വകുപ്പിൽ പെടുമെന്നു തോന്നുന്നു.

കെ. കെ. ഗോപാലകൃഷ്ണൻനായർ, തിരുവഞ്ചൂർ.

രാമൻമാപ്പിളയുടെ ശവസംസ്കാരഘോഷങ്ങളിൽ സ്റ്റേറ്റ്ബാങ്കിനെ ഉപയോഗിച്ചതു ദുരിതാശ്വാസത്തിനോ?

മഹാന്മാരുടെ നിര്യാണങ്ങളിൽ സ്റ്റേറ്റ് ഔദ്യോഗികമായി ദുഃഖം അനുഷ്ഠിക്കുന്നതിൽ തകരാറില്ല. സ്റ്റേറ്റ്ബാങ്കിന്റെ കാര്യമാണെങ്കിൽ കാര്യമുണ്ടെങ്കിൽ നിങ്ങളുടെയും എന്റെയും മരണസമയത്തു സ്റ്റേറ്റ്ബാങ്കിനെ ഉപയോഗിക്കാവുന്നതാണ്.

വെങ്കടമ്പത്തു ദാസ്, വഞ്ചിയൂർ

ഭാഷാപോഷിണിയുടെ ഓണപ്രമാണം കാണിക്കുന്ന ഔത്സുക്യം സംശയമുണ്ടാക്കുന്നുവോ?

അതെങ്ങനെയെന്നില്ല.

പി. കൊല്ലപ്പൻനായർ, അയിരിങ്കൽ

പാമ്പാട്ടിയുടെ പനമ്പട്ടിമുടിക്കുന്നതിലുള്ള ഉദ്ദേശ്യമെന്തു?

പാമ്പാട്ടി കഴുതയുടെ വിഷമസർപ്പങ്ങളെ ആകർഷിക്കുന്നു. പനമ്പട്ടിയുടെ കഴുത്തുകേട്ട് ഓടിക്കൂടുന്നവിഭാഗത്തിൽ പെട്ടതാണ്.

സഖറിയ വർഗീസ്, കുറുപ്പന്തറ

കുറുപ്പുടിയുടെ നവവത്സരാശംസകം എന്താണ്?

നവവത്സരം ഒരു നവീന ഭരണക്രമത്തെ പ്രസവിക്കട്ടെ.

ഒരു പുരോഹിതന്റെകൂടെ വിരുന്നുകഴിക്കാൻ തങ്കം ഇഷ്ടപ്പെടുമോ?

ചോദ്യംതന്നെ എനിക്കു മനസ്സിലായില്ല. ഞാൻ പല പുരോഹിതന്മാരോടും മന്ത്രിച്ചിട്ടുണ്ട്. വിരുന്നു കഴിച്ചിട്ടുണ്ട്. പുരോഹിതന്മാർ വൃക്തിപരമായി വലിയ തകരാറുള്ളവരൊന്നുമല്ല. ചിലർ സരസന്മാരായ നല്ല സുഹൃത്തുക്കളാകാൻപോലിയുള്ളവരാണ്.

കള്ളവും കള്ളുവും കൂടിച്ചെന്നാൽ?

കോൺഗ്രസ്സ് പ്രസംഗവും പ്രവർത്തനവും.

ഒരു ത്രാസിൽ പനമ്പട്ടിമുടിയും മറേറത്രാസിൽ ഐക്യമുന്നണിയും തൂക്കിനോക്കിയാൽ ഏതു ത്രാസായിരിക്കും കൂടുകാണിക്കുക?

പനമ്പട്ടിമുടിക്കുന്നതും കൃത്രിമിയുമാണ്. പക്ഷേ ഐക്യമുന്നണിക്കു ഏകനായ ബലഭദ്രനെ എന്നും പനമ്പട്ടിമുടിയപ്പോലെ പിടിച്ചുനിറുത്തുക സാഹസമാണ്. ഐക്യമുന്നണി രാഷ്ട്രീയപ്രബുദ്ധതയിലാണെന്ന ഇപ്രകാരം ഒഴുക്കിപ്പോകുന്ന ഒരു കൈത്താങ്ങുകൊടുക്കുന്നതിലുള്ള പ്രാധാന്യമാണം പനമ്പട്ടിക്ക് ചരിത്രത്തിൽനിന്നു കിട്ടുകയില്ല.

പി. ദേവരാജൻ, ചിറയിൻകീഴ്.

ഒരു മനുഷ്യൻ എന്തിനുവേണ്ടിയാണു മരിക്കേണ്ടതു?

ഒരു കാര്യവുമില്ല. പക്ഷേ മരിക്കുകയില്ല എന്നുകൂടി മനുഷ്യരെല്ലാം നിർബന്ധം പിടിച്ചാൽ അല്പം വിവരമുള്ളവരൊക്കെ മരിക്കാനുള്ള മഹാകാവകാശത്തിനുവേണ്ടി പ്രക്ഷോഭണം കൂട്ടേണ്ടിവരും.

എം. കെ. കെ. നായർ, മലയ.


അവിശ്വാസം രേഖപ്പെടുത്തപ്പെട്ട മന്ത്രിസംഘങ്ങൾക്ക് അടുത്തവരുന്ന പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി നിന്നു മത്സരിക്കുവാൻ സാധിക്കുമോ? [നിയമം അവർക്കനുകൂലമല്ലെങ്കിൽ]

ശവമെടുപ്പിൽനിന്നു പ്രതിഫലം പറ്റുന്ന ജോലിയിലോ വ്യാപാരത്തിലോ വ്യാപൃതരായ ആളുകൾക്ക് തിരഞ്ഞെടുപ്പിൽ നിൽക്കുവാൻ അർഹതയില്ലെന്ന ഒരു വകുപ്പുണ്ട്. അതു മന്ത്രിമാരെ ബാധിക്കയില്ലെന്നു വ്യക്തമാണ്. ഇന്നു ഭരണം നടത്തുന്നവർ മന്ത്രിമാരാണോ അല്ലയോ എന്നുള്ളതാണു പ്രശ്നം. എനിക്കു തോന്നുന്നതു ഭരണഘടനപ്രകാരം ഇവരെ മന്ത്രിമാർ എന്നു തന്നെ വിളിക്കുവാൻ നാം ബാധ്യസ്ഥരാണെന്നാണ് കാരണം മന്ത്രിമാരായിട്ടല്ലാതെ അവർക്ക് ഇന്നത്തെ നിലയിൽ ഒരു കൃത്യനിർവഹണം നടത്തുവാൻ അവകാശമില്ല. മന്ത്രി എന്ന പദം ഭരണഘടനയിൽ നിഷ്കർഷിച്ചിട്ടില്ല. മുഖ്യമന്ത്രി ഉപദേശിക്കുന്ന ഒരു മന്ത്രിസഭയെ രാജപ്രമുഖൻ നിയമിക്കണമെന്നും. ആ മന്ത്രിസഭ നിർബന്ധമായും നിയമസഭയോടുത്തരവാദിത്വം വഹിക്കണമെന്നുമാണ് ഭരണഘടനാവ്യവസ്ഥകൾ. ഇവിടെ ഉത്തരവാദിത്വം വഹിക്കേണ്ട നിയമസഭയില്ല. ഉണ്ടായിരുന്ന നിയമസഭ മന്ത്രിസഭക്കെതിരായി വിധി എഴുതിയിട്ടുണ്ട്. ആ നിലയ്ക്ക് വേണ്ടെങ്കിൽ വാദിക്കാം ഭരണഘടനയിൽ വിഭാവനചെയ്തിട്ടുള്ള നിയമസഭയോടുത്തരവാദിത്വമുള്ള മന്ത്രി എന്ന പേരു് ഉപയോഗിക്കുവാൻ ഈ ബഹിഷ്കൃതസംഘത്തിനവകാശമില്ലെന്നും മന്ത്രിയല്ലെങ്കിൽ ഇവർക്കു നിയമസഭയിൽ നിലനിൽക്കുവാൻ അയോഗ്യതയുണ്ടെന്നും.

ടി. എൻ. നിർമ്മല, ക്രിക്കാഞ്ചേരി.

എനിക്കു സിനിമാ കണ്ടാൽകൊള്ളാമെന്നുണ്ട്.

കുമരിശ്ശേരി പപ്പുതിരുമേനി



"ജയിച്ചു വരൂ രാഘവാ"

[ശ്യാമകൃഷ്ണൻ]

മദിരാശി-തിരുവിതാംകൂർ രഞ്ജിട്രോഫി ക്രിക്കറ്റ് മത്സരത്തെപ്പറ്റി ഈ പംക്തിയിലെഴുതിയിരുന്നതു വായനക്കാർ ഓർമ്മിക്കുമല്ലോ. തിരുവനന്തപുരത്തുവച്ചു നടത്തുമെന്നു ക്രിക്കറ്റുപ്രേമികളും പ്രതീക്ഷിച്ച പ്രസ്തുത മത്സരം ജനുവരി അവസാനവാരത്തിൽ മദിരാശിയിൽവച്ചുനടത്താൻ തീരുമാനിച്ചിരിക്കുന്നതായി നമ്മുടെ ക്രിക്കറ്റ് അസോസിയേഷന്റെ ഒരു വക്താവു് അറിയിക്കുന്നു. സ്ഥലത്തെപ്പറ്റി അവസാനവിധി പ്രസ്താവിക്കപ്പെട്ടുകഴിഞ്ഞ സ്ഥിതിക്കു നിരാശജനകമായ ഈ തീരുമാനത്തെപ്പറ്റി ഒന്നും പറയാതിരിക്കുകയായിരിക്കുമല്ലോ ഉത്തമം. പക്ഷേ ടെസ്റ്റുമത്സരങ്ങളിലും വിദേശപര്യടനാഗതരുടെ മത്സരങ്ങളിലും വളർന്നു മദിരാശി ക്രിക്കറ്റിനെ ഒരു 'സ്റ്റാർട്ടിങ്ങ് ഔഫറായി' ഈ മത്സരം തിരുവിതാംകൂർ-കൊച്ചി ക്രിക്കറ്റിനെ വിട്ടുകൊടുക്കുകയായിരുന്നു.

ഹൈദ്രാബാദ്-തിരുവിതാംകൂർ കൊച്ചി രഞ്ജിട്രോഫി മത്സരത്തിൽ സംസ്ഥാനക്രിക്കറ്റിനു് വിജയകരമായ നേതൃത്വം നൽകിക്രിക്കറ്റുപ്രേമികളുടെ സ്നേഹാദരങ്ങൾ ആഞ്ജിച്ചിട്ടുള്ള ക്യാപ്റ്റൻ പി. എം. രാഘവൻ നയിക്കുന്ന ഠീമിൽ ശ്രീമാന്മാരായ രവി അച്ചൻ (ടൈസ് ക്യാപ്റ്റന്റെ) ബാലൻപണ്ഡിറ്റ് പി. എം. അനന്തൻ, കെ. എൻ. ജോട്ടിയ, ജോർജ് ഏബ്രഹാം, കെ. എൻ. എൻ മേനോൻ, കെ. ഠി. ആർ വർമ്മ, യു. പി. കമ്മത്തു്, രംഗനാഥൻ, ജി. എം മേനോൻ മാർക്കോസ് എന്നിവരും റിസർവുകളായി ശ്രീമാന്മാർ പത്മനാഭൻ, തിവാസു എന്നിവരുമുൾപ്പെടുന്നു.

ഒരു അൾ റൗണ്ടറാണ് തിരുകൊച്ചി ക്രിക്കറ്റിന്റെ പുതിയ നേട്ടമായ ശ്രീ ജോട്ടിയ. കുറിക്കു കൊള്ളുന്ന 'ഗ്ലൂഗ്ലി' മെയ്യും ചെയ്യുന്നതിൽ ജഡേജയുടെ അസാമാന്യമായ പാടവമുണ്ടെന്നു

പണ്ടത്തെ നമ്മുടെ ധർമ്മരാജാവിനെ അനുകരിച്ചു് നമ്മുടെ പുതിയ പടത്തലവന്റെ കയ്യിൽ വാളിനു പകരം ബാറ്റ് എടുത്തു കൊടുത്തിട്ടു 'ജയിച്ചുവരൂ രാഘവാ' എന്നു നമുക്കു ആശംസിക്കാം.

* * *

മദിരാശിയിലെ ഡി. സി. ഗോപിനാഥിന്റെ നേതൃത്വത്തിലുള്ള മദിരാശിടീമും ഭാരതത്തിൽ പര്യടനംനടത്തുന്ന കാമൺവെൽത്തു രാജ്യങ്ങളിലിടീമും തമ്മിൽ മദിരാശിയിൽവച്ചു നടന്ന ക്രിക്കറ്റുമത്സരം സമനിലയിൽ പര്യവസാനിച്ചിരിക്കുന്നു.

* * *

മദിരാശിയിലെ നാലാംക്രിക്കറ്റ് ടെസ്റ്റുമത്സരത്തിന്റെ വക്കിലിരുന്നുകൊണ്ടാണ് ഞാനീപംക്തി എഴുതുന്നതു് ഇംഗ്ലീഷുമായി ഒരു ടെസ്റ്റുടീമിനെ നയിക്കുന്ന ശ്രീപ്രകാശം അഹമ്മദിന്റെയും സഖാക്കളുടേയും നിർവ്വഹണങ്ങൾ ഡിയോതരംഗങ്ങൾ വഴി കണ്ണുപൂങ്ങളിലെത്താൻ ഏതാനും മണിക്കൂറുകൾ മാത്രമേയുള്ളൂ; മദിരാശി ടെസ്റ്റിന്റെ സമഗ്രമായ ഒരു റിപ്പോർട്ട് അടുത്തലക്കത്തിൽ പ്രതീക്ഷിക്കാം.

* * *

ദേശീയ ലാൺടെന്നീസ്സ് സിംഗിൾസ്മൽസരത്തിൽ പുതിയ ചാമ്പ്യൻ ശ്രീ. ആർ. കൃഷ്ണൻ പരാജയപ്പെടുത്തിയ പ്രസിൽ അസ്ലെയ്ൻ ടെന്നീസ്സുകളിക്കാരനായ അർക്കിൻസ്റ്റാം അല്ലഹബാദിലെ ടെന്നീസ്സ് ചാമ്പ്യൻഷിപ്പു സിംഗിൾസ്മൽസരത്തിൽ പ്രഥമസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.

* * * *

ഇംമാസം 22, 23, 24 എന്നീ തീയതികളിൽ തിരുവനന്തപുരത്തെ സ്റ്റേഡിയത്തിൽ വച്ചു നടത്തപ്പെടുന്ന ടൂറ്റ് ഒളിമ്പിക്സ് മത്സരങ്ങളുടെ സംഘടനകരണങ്ങൾ പൂർത്തിയായിവരുന്നതായി അറിയുന്നു. ചരിത്രത്തിൻറെ നവനിർമ്മാണകലർന്ന മാരത്തൺ ഓട്ടത്തോടുകൂടി മൽസരങ്ങളാരംഭിക്കുന്നതാണ് ലോകപ്രസിദ്ധനായ സന്ദേശവാഹകന്റെ കാലടികൾ പിന്തുടർന്ന മാരത്തൺ മൽസരത്തിൽ സ്പോർട്സുപ്രേമികളെ വിസ്മയതരംഗത്തിലാക്കുന്ന പുതിയൊരു റിക്കാർഡുസൃഷ്ടിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഒരു സ്റ്റിപ്പിൾ ചേസ് ഓട്ടം, ഒരു ഹർഡിൽ സ്പ്രിന്റ് ഓട്ടം, ഒരു ഹൈജമ്പ് മത്സരം, ഇപ്രാവശ്യത്തെ മാരത്തണിൽ പങ്കെടുക്കുന്നതാണെന്നു പ്രസ്താവിക്കപ്പെട്ടുന്നു. വമ്പിച്ച അസംഖ്യം അന്തർദേശീയ റിക്കാർഡുകളിൽ കണ്ണുവച്ചുകൊണ്ടു കൂടുതൽ വേഗത്തിലോടാനും കൂടുതൽ ഉയരത്തിൽ ചാടാനും കൂടുതൽ ദൂരം എറിയാനും മൽസരിക്കുന്ന സംസ്ഥാന ഒളിമ്പിക് മൽസരങ്ങൾക്കു നേതൃത്വം നൽകുന്ന തിരു-കൊച്ചി ഒളിമ്പിക് അസ്സോസ്സിയേഷന് സർവ്വവിജയങ്ങളും ആശംസിക്കുന്നു.

— —

പക്ഷേ അച്ഛൻ പറയുന്നു "സിനിമകണ്ടാൽ പെൺകുട്ടികൾ ചീത്തയാകും. അതുകൊണ്ടു് നന്നേ കല്യാണംകഴിഞ്ഞു് ഭർത്താവിന്റെകൂടെ സിനിമകാണാൻപോയാൽമതി" എന്നു്. താങ്കളുടെ അഭിപ്രായമെന്താണു്?

അച്ഛനോടു പറയണം മര്യാദ സിനിമപോലും കണ്ടിട്ടില്ലാത്ത വർഗ്ഗം ഇക്കാലത്തു് ഒരു മനുഷ്യനെ കിട്ടാൻ വലിയ വിഷമമാണെന്നു്.

എൻ. ബാലകൃഷ്ണപിള്ള, പേരൂർക്കട.

പനമ്പിള്ളിയുടെ പരവൂർ പ്രസംഗത്തിനു ശേഷം ഒരു ലക്ഷം എന്നു വിളിച്ചുവരെ റഷ്യയിലാണെങ്കിൽ ഉടനെ നിനടിയിലിട്ടു കൊല്ലുമെന്നു് ആദ്യഹം പറഞ്ഞിരിക്കുന്നു. അപ്പോൾ അവിടെ അഞ്ചുലക്ഷം മോഷ്ടിച്ചുവരെ എന്തു ചെയ്യും പരാശ്രിപരേ?

അഞ്ചുലക്ഷം പ്രതിപക്ഷങ്ങളുടെ ഒരു പ്രചരണായുധം മാത്രമാണെന്നു് നാട്ടുകാരെ ബോധ്യപ്പെടുത്താനാണു് ഞാനിതൊക്കെ സഹിക്കുന്നുഎന്ന ആ ശീർഷകത്തിലെ നിഷ്പക്ഷതയിലുള്ള വിശ്വാസത്തിനു് ഒരു കുറവും വരുത്തരുതു്. റഷ്യവേണമെന്നില്ല; പൊതുജീവിതത്തിൽ അവശ്യവേണ്ട ഉദ്ദേശശുദ്ധിക്കു് മൂല്യം കല്പിക്കുന്ന ഒരു പ്രദേശത്തും പനമ്പിള്ളിക്കു് ഒരു സ്ഥാനവും കാണുകയില്ല

കെ. രവീന്ദ്രൻ, വക്കം.

താങ്കളുടെ 'നിറമില്ലാത്ത മാരിവില്ലു്' കൂടുതലായി കാണുന്നതു് നഗരത്തിലോ നാട്ടിൻ പുറത്തോ?

നിശ്ചയമില്ല. നഗരത്തിലായിരിക്കുമ്പോൾ സാധ്യത.

നജ്മീൻ, കണ്ണൂർ.

കെ ബാലകൃഷ്ണൻ മരിച്ചുകഴിഞ്ഞാൽ കഴുതി ജീവിച്ചിരിക്കുമോ?

അയ്യോ പാവം കാരെ അയ്യായിച്ച നിൽക്കുന്ന ഒരു പ്രശ്നമാണ്. എന്റെ അഭിപ്രായമാണെങ്കിൽ കഴുതി ഇപ്പോൾ തന്നെ എന്നെ ഞാതിജീവിച്ചുകഴിഞ്ഞിരിക്കുന്നു.

എൽ. വിഷ്ണുദത്ത്, കോട്ടയം.

മരിച്ചിട്ടെപ്പോഴും ഒരനുഗ്രഹമാണോ?

തത്വം എങ്ങനെയിരുന്നാലും പരീക്ഷയ്ക്കു പോകുന്ന സമയത്തു ഈ തത്വങ്ങിന്റെ മറവിയായിരിക്കും അനുഗ്രഹമായി തീരുന്നതു്.

പി. എൻ. നാരായണൻ, വടകര.

കാൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പു ചിഹ്നമായി വണ്ടിക്കാളകളെ തിരഞ്ഞെടുത്തതെന്താണു്?

ആ കാളകൾക്കു ഉല്പാദന ശക്തി നിശ്ശേഷം നശിച്ചുകഴിഞ്ഞിരിക്കുന്നു എന്നു ജനങ്ങളെ ബോധ്യപ്പെടുത്താൻ.

പി. കെ. മേനോൻ. എസ്. ഡി. കോളേജ്

പിറവി കൊടുത്ത അമ്മയ്ക്കു കൊല്ലാനവകാശമില്ലേ?

നമ്മുടെ നിയമം അതിനു പ്രതികൂലമാണു്. പരേക്ഷ മരിക്കാനുള്ള അവകാശം പൂർണ്ണമായി നിഷേധിക്കുന്ന നിയമസംഹിത ജീവിക്കാനുള്ള അവകാശം നിർബന്ധമായും സംരക്ഷണംചെയ്യേണ്ടതുതന്നെയാണു്. ഇന്നത്തെ നില ജീവിക്കാനും മരിക്കാനും അവകാശമില്ലെന്നുള്ളതാണു്.

വി. കൊച്ചുകൃഷ്ണൻ, കൊല്ലം.

ആർ. ശങ്കറിന്റെ അണയാൻപോകുന്ന ദീപത്തിന്റെ പ്രകാശമാണോ ഇന്നു കാണുന്നതു്?

ഇന്നുകാണുന്ന പ്രകാശമെന്താണെന്നു എനിക്കു മനസ്സിലായില്ല.

കെ. പി. അമ്മിണി, പള്ളം

ജന്മനാൽതന്നെ അന്ധനും ബധിരനുമായ ഒരാൾക്കു വിചാരവികാരങ്ങളുണ്ടാകുമോ?

ഈ വിഷയത്തെപ്പറ്റി അന്ധയും ബധിരയുമായ ഹെല്ലൻ കെല്ലർ "ഞാൻ കാണുന്നലോകം" എന്ന അതിമനോഹരമായ ഒരു ലേഖനമെഴുതിയിട്ടുണ്ടു്.

കെ. മാധവൻ, കിളിമാനൂർ.

ലോകജീവിതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ചെറിയ കാലയളവിന്റെ എത്രാനും അംശം നിങ്ങൾ രാവിലെ അധികസമയം കിടന്നുറങ്ങി നിരുപയോഗപ്പെടുത്തികളയുന്നതിനു കാരണമെന്താണു്?

രാത്രി വളരെ താമസിച്ചാണു ഞാൻ ഉറങ്ങുന്നതു്

പി. കുട്ടിക്കൃഷ്ണൻ, കവടിയാർ,

പത്രാധിപർ തിരഞ്ഞെടുപ്പിനവിൽക്കുക തീരുമാനിച്ചിട്ടു ഈ പ്രദേശത്തൊന്നും കാണാത്തതെന്താണു്?

ഞാൻ തീരുമാനിച്ചശേഷം ഇന്നുവരെ പല കാര്യങ്ങൾക്കായി ഓടിനടക്കേണ്ടിവന്നു. ഇന്നുവരെ ഒരാളെപ്പോലും കണ്ടു വോട്ടു ചോദിക്കാൻ കഴിഞ്ഞിട്ടില്ല, ഈ നിയോജകമണ്ഡലത്തിലെ എല്ലാ വോട്ടറന്മാരെയും കാണണമെന്നാണു് എന്റെ ആഗ്രഹം അതിനു മുള്ള ആരോഗ്യവും സമയവും കിട്ടുമോ എന്നു ഭയമുണ്ടു്. ഞാൻ നേരിട്ടു വന്നുകണ്ടില്ലെങ്കിലും എന്റെ കഴിവുകേടിനു മാപ്പുനൽകി എന്നെ സഹായിക്കുന്ന കാര്യത്തിൽ പിന്നോക്കം പോകരുതെന്നു നിങ്ങളോടു ചോദ്യത്തിനു മറുപടി പറയുന്നതോടൊപ്പം ഞാൻ എല്ലാവരോടും അപേക്ഷിച്ചുകൊള്ളട്ടെ

കെ. രാധാകൃഷ്ണൻ, പറവൂർ.

നിങ്ങളുടെ സലിം ദേവിയിൽ നിങ്ങളെപ്പോലെതന്നെ ഒരു തണ്ടനാകുമോ?

അവൻ ഇപ്പോൾ തന്നെ എന്നെക്കാളും തണ്ടനാണു്. എന്നെ ഏറ്റവും നിസ്സാരനായി കരുതിയിട്ടുള്ള ഒരു ജീവിയുണ്ടെങ്കിൽ അതു അവനാണു്. ശ്രീ പൊറക്കാട്ടിന്റെ ഭാഷയിൽ പറഞ്ഞാൽ അവൻ ഇപ്പോൾതന്നെ ഒരു ഉറുമ്പുഖത്തിലെ കസ്റ്റംസ് ഉദ്യോഗസ്ഥന്റെജോലിക്കു പ്രാപ്തനായി കഴിഞ്ഞിട്ടുണ്ടു്.

പി. എൻ. മേഴ്സി, N. S. S. വിമൻസ് കോളേജ്.

ഇപ്പോൾ ഞാൻ എന്തുചെയ്യുന്നു എന്നു പറയാമോ?

ചോദ്യരൂപത്തിയിരിക്കുന്ന രീതിയും ചോദ്യത്തിനു മുകളിലെഴുതിയിരിക്കുന്ന വാചകങ്ങളും വച്ചു ഒരു മനഃശാസ്ത്രപഠനം നടത്തിയതിൽ എനിക്കു തോന്നുന്നതു് താനിമറുപടി എഴുതുമ്പോൾ മേഴ്സി പുസ്തകം മുഖത്തുവച്ചു അതിനകത്തു പടംവരയ്ക്കുകയായിരിക്കുമെന്നാണു്.

ശേഖരൻ, കലവൂർ.

എനിക്കിപ്പോൾ ജോലിയൊന്നുമില്ല. നിങ്ങളുടെ പത്രമാഫീസിൽ വല്ല ജോലിയുമുണ്ടോ പത്രാധിപരേ?

ഇങ്ങനെ ദിവസേന പലകത്തുകളും എനിക്കു ലഭിക്കുന്നുണ്ടു്. അത്യസ്വവിത്തരുടെയിടയിലുള്ള തൊഴിലില്ലായ്മ ഏതു രൂക്ഷതരമാണെന്നു അങ്ങനെയുംകൂടി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. പക്ഷെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കാൻ എന്റെ ആഫീസു് ഇപ്പോൾ ഏറ്റവും മോശപ്പെട്ട പ്രദേശമാണു്.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം പി. എൻ മേഴ്സി N. S. S. വിമൻസ് കോളേജിനു് നൽകുന്നു.



ആംപ്പിടുത്തം

★

ജനുവരി

ഭയവിഹ്വലരാകുന്നു

ജനുവരി 10-നു സന്ധ്യയായപ്പോൾ സമയത്ത് അഴൂർ റയിൽവേ സ്റ്റേഷനിൽനിന്നും ഒരു വിളിപ്പാടകലെ കിഴക്ക് ഇടവഴിയിൽനിന്നും ഒരു കൊച്ചിലെന്റെ നിലവിളി കേട്ടു. അയൽവാസികളും മാടിക്കൂടിയപ്പോൾ ഏഴെട്ടുവയസ്സുള്ള ഒരു കൊച്ചുകുട്ടി ഇടനെഞ്ചുപൊട്ടി നിലവിളിക്കുന്നു. കറുത്ത കയലിയുടുത്ത ഒരു പണ്ടാരം അവനെ പൊക്കിയെടുത്തു വായപൊത്തിപ്പിടിച്ചുവെന്നും, അപ്പോൾ ഇടവഴിയുടെ അങ്ങേത്തലയ്ക്കൽ കാലൊച്ച കേട്ടുവെന്നും, ചെറുക്കനെ തറയിലിട്ടിട്ട് ആ പണ്ടാരം കടന്നുകളഞ്ഞെന്നും ഒക്കെയുള്ള വിവരങ്ങളാണ് ആ പയ്യനിൽനിന്നും ലഭിച്ചത്. പണ്ടാരത്തിന്റെ കക്ഷത്തിൽ ഒരു ഓടക്കഴൽ ഉണ്ടായിരുന്നെന്നും, തലമുടി ചുടകെട്ടിക്കിടന്നിരുന്നെന്നും പറയുന്നു. ആ നാടകീയ വിവരിക്കലോടുകൂടി കൂടിയവരുടെ പൊടിപോലും കുണ്ടിച്ചില്ല. അപ്പോഴേക്കും കൂടിനിന്നവരിൽ ചിലരുടെ ഭാവനാശക്തി ഉണർന്നു പ്രവർത്തിച്ചുതുടങ്ങി. പിള്ളമ്മാർ പേടി അവിടംകൊണ്ടവസാനിച്ചില്ല. അടുത്തദിവസം കേട്ടു, അങ്ങു പയ്യിലെങ്ങാണ്ടോ ഒരുത്തൻ പള്ളിക്കൂടത്തിൽപോയ ഒരു കൊച്ചിനെ പിടിച്ചുകൊണ്ടുപോയി തെങ്ങുപിളർന്ന് കുരുളെടുത്തു പച്ചയോടെ തിന്നുകളഞ്ഞെന്ന്. പള്ളിസ്റ്റാറം ക്യാമ്പുഷെഡ്ഡിനു തെക്കുവച്ചു മലക്കറിക്കച്ചവടത്തിനുപോയ ഒരു പെണ്ണിനെ കത്തിക്കുട്ടി പിടിച്ചു തുരോ കടത്തിക്കൊണ്ടുപോയെന്നു പിന്നൊരു സംസാരം. കൊല്ലുള്ള കുറവൻപാലത്തിനടുത്തുള്ള റോഡിൽ ഒരു നക്കുണ്ടി നിർമ്മാണമായി നിന്നവഴി പോകുന്ന ഒരു കടന്നാക്രമിക്കുന്നവനെ പിന്നൊരു കംവടന്തി. വെങ്ങാനൂർ വഴിയമ്പലത്തിന്റെ അടുത്തുള്ള വക്കിടിഞ്ഞ കുണ്ടു കിണറ്റിൽ കരിമ്പനപോലുമുള്ള കാലമാടൻ കടിച്ചുകൊണ്ടിരിക്കുന്നുവെന്ന് രാത്രികാലങ്ങളിൽ അതുവഴി കടന്നുപോകുന്ന കത്തപ്പെട്ടിവണ്ടിക്കാർ പറഞ്ഞതായി ചാലക്കടയിൽ ഒരു ബഹളം, പാറ്റാല പെൺപള്ളിക്കൂടത്തിനടുത്തുള്ള പാറപ്പുറത്തുനിന്നും ഏന്നും പാതിരാത്രി ഒരു പന്തം പാച്ചിൽ തുടങ്ങിയിരിക്കുന്നുവെന്ന് കേരളഭൂഷണപത്രത്തിന്റെ കാര്യദർശി പറഞ്ഞതായി ഹജൂർ കച്ചേരിയിലെ ഒരു രാജസം പിള്ള പറയുന്നു. ഏങ്ങിനിയറിംഗ് കോളേജിലെ വടക്കുകിഴക്കു പരിധിയിൽ നിന്നും മാടനടിയും മറുതാവിളിയും മുടങ്ങാതെ കേൾക്കുന്നതായി രാമൻകണ്ടാക്ടർ ഒപ്പുവടക്കിക്കൊണ്ട് മന്ത്രകനോടു പറഞ്ഞു. തെക്കൻ ഭിക്കിരിയ ശല്യങ്ങളും സാരമില്ല; വടക്കോട്ട വടക്കോട്ട് ചെല്ലുമ്പോളാണ് പന്തംവീശിപ്പിടിക്കാവുകളുടെ നഗ്നതാണ്ഡവങ്ങളും അതിഭോരമായി നടക്കുന്നതെന്ന് ഗുരുശ്രേഷ്ഠനും അർ നായർ തീർത്തു പറയുന്നു. തെക്കിൻകൂട്ട മെമ്മോറാണ്ടം, രാജേന്ദ്രമെമ്മോറാണ്ടം, തേവരഗ്രൗണ്ട്സ്, കിടങ്ങംപറമ്പ് തിരുനക്കര, പീരുകിമെമ്മോറാണ്ടം, പഴവങ്ങാടി എന്നൊക്കെ കേട്ടാൽ മതി ജനങ്ങളും മോഹാലസ്യപ്പെട്ടു വീഴാൻ ഇതുമെമ്മോറാണ്ടങ്ങളൊക്കെ നിത്യവും കാളിയൂട്ടും കൂത്തിയും കളമെഴുത്തുമായി കഴിയുകയാണത്രേ. അത്രമാത്രമുള്ള ഭയങ്കര വാർത്തകളാണ് അങ്ങെയപ്പറഞ്ഞി അന്തരീക്ഷത്തിൽനിറഞ്ഞുകൊണ്ടിരിക്കുന്നത്.

ആഗമം ആനേപക്ഷിക്കുന്നു

ചിറ്റൂർമുതൽ തോവാളവരെയുള്ള ഈ തിരു-കൊച്ചി സംസ്ഥാനത്തു് ഇങ്ങിനെയൊരത്യാഹിതം ഉണ്ടാകാൻ ഇപ്പോൾ എന്തു സംഭവിച്ചു എന്നു് പലരും ഗവേഷിച്ചു ആർക്കും ഒരു ശുഭവും ഉണ്ടായില്ല. കെട്ടിയടച്ച കോട്ടവാതിൽ വെട്ടിമുറിച്ചതിനാൽ പണ്ടു് ഒരിക്കൽ അണിനിരന്നു് അവാഹിച്ചു നിർത്തിയിരുന്ന ഭീകരയക്ഷിവിമോചിതയായി അകിർന്നതാണു് ഈ ഭീകരതകൾക്കു കാരണമെന്നു ജ്യോത്സ്യൻ കൃഷ്ണപിള്ള പ്രസ്താവിച്ചു പറഞ്ഞു. മുറജപത്തിനു വന്ന തിരുനായായ വാര്യർക്കും ചെറുമുക്കു രേവതി കുന്നും ഉദയമ്പിള്ളി നംപൂതിരിപ്പാടും കൂടി ഓറിയൻറൽ മാനസ്കോപ്പറ്റ് ഒരെണ്ണിയിൽചേർന്നു് അവിടെ തളച്ചിട്ടിരുന്ന ശ്രീരാമൻ കുഞ്ഞൻപിള്ളയെ അഴിച്ചുവിട്ടതിന്റെ കെട്ടിയാണിതൊക്കെ എന്നാണ് ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം. സി പി യുടെ ചരിപ്പനക്കിയ സുകമാരൻ പ്രളിപ്പായെ അഴിച്ചുവിട്ടതാണ് സംഗതി യെന്നു് ഏ. എൻ സത്യനേശൻ പാംലൻറ്സിന്റെ നടുവിൽനിന്നുകൊണ്ടു വടക്കോട്ടു മാധവരയർ പ്രതിമയെനോക്കി സത്യംചെയ്തുകൊണ്ടു് ഉമ്മൻ ചെറിയിൽ മന്ത്രിച്ചു. വരദരാജൻനായരുടെ കടയിൽനിന്നുകൊണ്ടു് ഇലക്ഷൻവീരവാദങ്ങൾ മുഴക്കുന്ന കെ പി. നീലകണ്ഠപ്പിള്ള അറിയാതെ ഇതൊന്നും നടക്കുകയില്ലെന്നു് കെ. സി. പിള്ളയ്ക്കു ബലമായി ഒരു സംശയം പട്ടംതാണുപിള്ള കെട്ടഴിച്ചുവിട്ട കമ്മ്യൂണിസ്റ്റാഭൂതങ്ങളുടെ വംശവിച്ഛേദം കൊണ്ടല്ലാതെ ഈ ഭൂത ബാധയ്ക്കു ഹരംവരുകയില്ലെന്നു് കെ. ആർ. ഗൗരിക്കുട്ടി ശപഥംചെയ്ത ഇങ്ങനെ ഓരോരുത്തർ ഓരോ കാരണങ്ങളും പറഞ്ഞെങ്കിലും ജനങ്ങളുടെ സംഭ്രാന്തിക്കു ശമനമുണ്ടായില്ല. എന്നു മാത്രമല്ല ദിനംതോറും അക്രമകൃത്യങ്ങളുടെ കുടുംകുട്ടമായി മുപ്പുചിരട്ടമുതൽ പത്തായംവരെയുള്ള തട്ടുമുട്ടുസാമാനങ്ങളും കെട്ടുകെട്ടി പുറപ്പെട്ടുപോകാനും തുടങ്ങിയിരിക്കുന്നു രാജ്യത്തിനു വന്നുചേർന്നിരിക്കുന്ന ഈ അപമാനത്തിനെ പ്രതിധീരാഭിമാനികളായ കെ ജി കുഞ്ഞുകൃഷ്ണപിള്ള, ജി പരമേശ്വരൻപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള കെ. സുകുമാരൻ, ഏ. എൻ സത്യനേശൻ, കൈനിക്കര പത്മനാഭപിള്ള, കുട്ടിയാട്ട ശിവരാമപ്പണിക്കർ, കെ ആർ നാരായണൻ എന്നിങ്ങനെ അയിരത്തി ഒന്നു പരേപ്രമാണികളും ഒപ്പിട്ട ഒരു ടീമഹർജി ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവിനു അടിയന്തിരം കെട്ടി അയച്ചു കമ്പികിട്ടിയ മാത്രയിൽത്തന്നെ ധീരനായ നെഹ്റു ഇടിവെട്ടേറ്റൊരുപോലെ നിലംപതിച്ചു അടുത്തു നിന്ന രാജഗോപാലാചാരി വേഗം കുനിഞ്ഞ് നെഹ്റുവിന്റെ തിരുപ്പിടിയെടുത്തു സ്വന്തം ശിരസ്സിൽവച്ചു. ഒട്ടുടനെ നിമിഷത്തിൽ മയക്കമാ ആസാദ് ഞൊണ്ടിക്കിതച്ചു് ഓടിവന്നു് നെഹ്റുവിന്റെ കസേരയിൽ സ്ഥാനം പിടിച്ചു. രാജ്യസമാഗമടക്കുവാൻ വന്നു നോക്കിയപ്പോൾ കണ്ടതു് നെഹ്റുവിന്റെ കിരീടം രാജഗോപാലാചാരിയുടെ ശിരസ്സിലും സിംഹാസനം ആസാദിന്റെ ആസനത്തിലും ഇരിക്കുന്നതാണ്. നെടുവീർപ്പോടെ വീണ്ടുകിടക്കുന്ന നേതാവിന്റെ കക്ഷത്തിരുന്ന ചെങ്കോൽ (മുരൽവടി) കരസ്ഥമാക്കിക്കൊണ്ടു് കട്ജുവും അവിടെ സ്ഥാനം പിടിച്ചു. സിക്രട്ടറി മത്തായി വന്നു നോക്കിയപ്പോഴും നെഹ്റുവിന്റെ അധികാരചിഹ്നങ്ങളും മുൻ നേതാ

ക്കുന്നതുകൂടി വിശദീകരിച്ചുകൊണ്ടു പരസ്പരം ചൂണ്ടിക്കാട്ടി നിലകൊള്ളുകയായിരുന്നു. മത്തായി നെഞ്ചത്തും തലയിലും ഓരോന്നു നിലവിളിച്ചു നിലവിളിച്ചു കേട്ടുകൊണ്ടു് മാറിമാടിച്ചുകൊണ്ടിരുന്ന വിജയലക്ഷ്മി പുലം ചാണകവെള്ളവുമായി ഓടിവന്നു. അവരവിടെ ഓടിക്കരുതെന്നു നേതാക്കന്മാർ പലരോ വഴിക്കു മുറവിളി കൂട്ടിക്കൊടി. അതുകൊണ്ടും കേട്ടില്ലെന്നു നെഹ്റു മെല്ലെ കണ്ണടയ്ക്കുന്നു.

മത്തായി! ഞാനെവിടെയാണു്? കാശ്മീർ കൈവിട്ടുപോയോ? പാക്കിസ്ഥാൻപട എവിടംവരെ എത്തി?—നെഹ്റുവിന്റെ ചോദ്യങ്ങൾക്കു മത്തായി ഇങ്ങിനെ മറുപടി പറഞ്ഞു:—

ഒന്നും സംഭവിച്ചിട്ടില്ല. പാക്കിസ്ഥാനും അമേരിക്കയുമായി ഇതിനും സൈനികസഖ്യം ഒപ്പുവച്ചിട്ടില്ല

നെഹ്റു—പിന്നെ ഞാൻ ഇവിടെ വീണുപോകാൻ എന്തുണ്ടായി?

മത്തായി ഒന്നുമില്ല! പിന്നെ തിരുകൊച്ചിയിൽനിന്നൊരു കമ്പിയുണ്ടായിരുന്നു. അവിടത്തെ ജനങ്ങൾ പുറപ്പെട്ടുപോകുന്നെന്നോ മറ്റോ കാണിച്ചുകൊണ്ടു്

നെഹ്റു—അതെന്താ! പാക്കിസ്ഥാൻപട കടൽമാർഗ്ഗമായിട്ടാണോ അക്രമം തുടങ്ങിയിരിക്കുന്നതു്?

മത്തായി—അതൊന്നുമല്ല. അവിടെ എന്തോ ഒരു കലാപം ഉണ്ടായിരിക്കുന്നുവത്രേ.

നെഹ്റു—ഇതിനെപ്പറ്റി ജോണിമേനോൻ റിപ്പോർട്ടൊന്നുമില്ലേ?

മത്തായി ഉണ്ടേ! കമ്മ്യൂണിസ്റ്റുകാർ അവിടെ വിധ്വംസകപ്രവർത്തനങ്ങളും തുടങ്ങിയിരിക്കയാണു ജോണച്ചൻ എഴുതിയിരിക്കുന്നതു്. കോൺഗ്രസ്സിനു വോട്ടുകൊടുക്കുന്നവരെയെല്ലാം തലവെട്ടാൻ അവർ തീരുമാനിച്ചിരിക്കുവാ. കേന്ദ്രത്തിൽനിന്നും വേണ്ട സഹായം അടിയന്തിരമായി എത്തിച്ചുകൊടുക്കണമെന്നാ കത്തിന്റെ സാരം

നെഹ്റു—കടിച്ചുവിനോടു പറ 100 പീരങ്കി; 10 വിമാനം; രണ്ടു പടക്കപ്പൽ; അമ്പതു കപ്പിണി പട്ടാളം ഇതുടനെ അങ്ങോട്ടയക്കാൻ. അതാണ് പോയി അയപ്പഴ, കായംകുളം, ജോനകപ്പുറം തട്ടാമല, കണിയാപുരം, കുമരകം ഇവ, ആലംകോട്ടു്, മണക്കടു് യുദ്ധക്കടവു് എന്നിവിടങ്ങളിലെല്ലാം പ്രസംഗിക്കണം. കിട്ടുന്നയിടത്തൊക്കെ കൊണ്ടുപോകാൻ പറ രാജഗോപാലാചാരി തുമ്പുരം തിരുവനന്തപുരത്തും താമസിക്കട്ടെ. സിലോണിൽ നിന്നും ആ സേനാനായികയിനെ കൊണ്ടുവന്നു കൊല്ലത്തു കൊച്ചു പിള്ളാപ്പൂട്ടിൽ ക്യാമ്പു ചെയ്യാൻ താമസിപ്പിക്കണം.

മത്തായി—അയ്യോ; ക്യാമ്പിൽ വലിയ കമ്മ്യൂണിസ്റ്റാ പോരെങ്കിൽ ശങ്കർ വൈരിയും ശങ്കറിന്റെ പുകകണ്ടേ അടങ്ങൂ എന്നാണയാൾ അട്ടഹസിക്കുന്നതു്

നെഹ്റു—നിന്നെ കൊണ്ടു പോളിറ്റിക്സ് ഒന്നും അറിഞ്ഞുകൂടാ ക്യാമ്പിൽ ഇപ്പോൾ നമ്മുടെ ആളാ. തനി കോൺഗ്രസ്സ് വെണ്ടർ കൃഷ്ണപിള്ളയുടെ ഷുഗ്ഗിപുത്രി ആഘോഷത്തിനു അവനായിരുന്നു പ്രധാന പരികർമ്മി. തിരുവനന്തപുരത്തു പോയി വെണ്ടക്ക ഷുഗ്ഗിപുത്രിസമ്മാനങ്ങൾ ചുമപ്പിച്ചുകൊണ്ടു വന്നതാരാ?

മത്തായി അതെങ്ങനെ പറഞ്ഞു?

നെഹ്റു—എല്ലാം പന്മ്പിള്ളിയുടെ സാമർത്ഥ്യം. നിന്റെ ജോണിനും വയർലസിനും ബുദ്ധിയില്ല പന്മ്പിള്ളിയുടെ കൊടിവച്ച കാർ അയച്ചുകൊടുത്തു ക്യാമ്പിൽ എത്തിക്കേണ്ടതായിരുന്നു. അതു കണ്ടപ്പോൾ അതു കല്യാണവീട്ടിലയച്ച അവനെ ഒന്നു കാണണമായിരുന്നു അവൻ ക്യാമ്പിൽ തന്നെ തങ്ങിപ്പോയി, കൊടിവച്ചകാർ കണ്ടപ്പോൾ കൺവെൻഷൻ അയ്യായിരം വോളന്റിയർമാരെയാ അവൻ എഴുന്നള്ളിക്കുന്നതു്.

മത്തായി—അതു കേട്ടതിലെന്റെ ബുദ്ധിമോശമാണു് ക്യാമ്പിനെ തെറ്റിച്ചു നിർത്തിയതു്. ഒരു വനസ്മരണ ടെക്സ്റ്റാക്കി കൊടുത്തിരുന്നെങ്കിൽ ഒരു കുഴപ്പവും വരുകയില്ലായിരുന്നു.

നെഹ്റു ശങ്കറിന്റെ കയ്യിലുമുണ്ടു് തെറ്റു്. കൊച്ചുവന്നവരെയെല്ലാം അവൻ തെറ്റിച്ചു. കനകജൂബിലിയുടെ പബ്ലിസിറ്റിഓഫീസറായി ക്യാമ്പിനെ നിയമിച്ചാൽ മതിയായിരുന്നു. അതൊക്കെപ്പോകട്ടെ — ഇപ്പോൾ എല്ലാം നേരെയായിട്ടുണ്ടല്ലോ.

മത്തായി—ഇവ തെരഞ്ഞെടുപ്പിൽ ഒരു ബുദ്ധിപ്രയോഗിക്കണമെന്നു പന്മ്പിള്ളി തീരുമാനിച്ചിരിക്കയാ ലളിതവേഷംകെട്ടിയാണത്രെ കമ്മ്യൂണിസ്റ്റുകാരെ വോട്ടു പിടിക്കുന്നതു്. അതുകൊണ്ടു കോൺഗ്രസ്സും സ്വീകരിക്കണമെന്നാ പന്മ്പിള്ളി പറയുന്നതു്. അവരുടെ നാണയത്തിൽതന്നെ കമ്മ്യൂണിസ്റ്റുകാരെ തിരിച്ചടിക്കൽകണം

നെഹ്റു—അതുകൊള്ളാം. പന്മ്പിള്ളിപ്പിഷാരടി അപ്പുവു് ചെയ്തിരിക്കുന്ന എന്തു കമ്പിയടിയാണോ

പന്മ്പിള്ളിപ്പിഷാരടി

ചിറ്റൂർ മുതൽ തോവാളവരെയുള്ള 116 കോൺഗ്രസ്സ് സ്ഥാനാത്ഥികളെയും പെൺവേഷം കെട്ടിക്കണമെന്നും, ബഹുമൺ പരമൂർ ശങ്കരപ്പിള്ളയുടെ കോമാളിവേഷത്തിൽ കെ. പി. നീലകണ്ഠപ്പിള്ളയെ പുത്തൻകച്ചേരിയുടെ മണിമാളികയ്ക്കു മുകളിൽ കോൺഗ്രസ്സിനെ കൺപോരേശാതിരിക്കാൻ വാണിയൻ കെട്ടിനിർത്തണമെന്നും, നാലാംക്ലാസ്സുള്ള പെരുവഴികളിൽ കോൺഗ്രസ്സ് സ്ഥാനാത്ഥികൾ ഇറങ്ങിനിന്നു തേവിടിയാട്ടം ആടണമെന്നും, ജനങ്ങളുടെ പാക്കരാടിക്കാനും പ്രണയം സമ്പാദിപ്പാനും സകല അടവുകളും അവർ എടുത്തു പ്രയോഗിച്ചുകൊള്ളണമെന്നും, എന്നാൽ ഇക്കാര്യത്തിൽ കോൺഗ്രസ്സുകാർ മോസ്കോമാഡലല്ല സാക്ഷാൽ വാഷിംഗ്ടൺ മാഡൽതന്നെ കൃത്യമായി അനുകരിച്ചുകൊള്ളണമെന്നും മറ്റും മറ്റുമായിരുന്ന പന്മ്പിള്ളിപ്പിഷാരടി പഞ്ചതിയുടെ വിശ്വരൂപങ്ങൾ കോൺഫിഡൻഷ്യൽ സർക്കുലറായി ഓരോ സ്ഥാനാത്ഥിക്കും അയച്ചുകൊടുത്തു. ക്രമത്തെ എല്ലാ സ്ഥാനാത്ഥികളും നിർദ്ദിഷ്ടവേഷത്തിൽതന്നെ കൊല്ലം കോൺവെൻഷനിൽ സംബന്ധിച്ചു കുമ്പിടിയും മോഹിനിയാട്ടവും നടത്തണമെന്നും തീരുമാനിച്ചു.

പദ്ധതിയുടെ പ്രവർത്തനം

എന്തൊരത്ഭുതം! തിരുകൊച്ചി സംസ്ഥാനത്തു് ഒരു ദിവസം രൂപീകരിച്ചതിനു 346 പുത്തൻ മോഹിനികളും മാനത്തുനിന്നും ചൊരിവീണതുപോലെ അണിനിരന്ന മോസ്കോമാഡൽ, തെങ്കാശി മാഡൽ, പൂനാമാഡൽ, വാഷിങ്ടൺ മാഡൽ, ബ്രസീൽ മാഡൽ, ഏറണാകുളം മാഡൽ, മധുരമാഡൽ, കാവൽപുരം മാഡൽ, കിടങ്ങിപ്പുറം മാഡൽ, മച്ചിങ്ങരവലൻ മാഡൽ ഇങ്ങനെയുള്ള വിവിധമാഡലുകളിൽ ആ 346. ദേവനാരീകളെപ്പോലും പ്രലോഭിതമായിത്തന്നെ പന്ധാരിട്ട ചെമ്മുകയിൽ പെയിൻറടിച്ചുവരുണ്ടു്. രണ്ടണം പൂശി കുങ്കുമം തേയ്ച്ചുവരുണ്ടു്. ലിപ്സ്റ്റിക്കണിഞ്ഞുവരുണ്ടു്. ചായിപ്പുവും മനയോലയും കൊണ്ടു മുഖം മിനുക്കിയവരുണ്ടു്, മുക്കിച്ചുവപ്പിച്ചുവരുണ്ടു്. തലയണവച്ചുകെട്ടി നിതംബംവീർപ്പിച്ചുവരുണ്ടു്. ബ്ലൗസ്ലറിട്ടു കൊരുത്തു കുചംകുത്തനെ നിറുത്തിയവരുണ്ടു് അത്തരവരുണ്ടു്. പനിനീരുണ്ടു് കളഭചന്ദനങ്ങളുണ്ടു് മുല്ലപ്പൂവുണ്ടു്. റോസാപ്പൂവുണ്ടു് ചേമന്തിപ്പൂവുണ്ടു്, കൊന്നയിൽ. അങ്ങനെ അണിഞ്ഞൊരുങ്ങി നാലുംകൂടിയ കവലകളിലൊക്കെ ആംപ്ലിഫയർ തേവിടിശ്ശികളുടെ കുശുകുശുപ്പായി രുന്നു റോഡുകളിൽ ചോന്നനിറം കൊണ്ടു ശ്രു—ശ്രു എന്നു ശ്രുതിയെ അനുകരിച്ചുപ്പാടാം പിന്നൊരുത്തി കൈപ്പത്തികൊണ്ടു് കണ്ണിൽ തേച്ചു മാടിവിളിക്കയായി. എന്നിനധികം നടുറോഡിൽനിന്നു മുടിചേലയഴിച്ചു കടഞ്ഞൂടുക്കാൻതന്നെ ചിലർ മടിച്ചില്ല. ജനങ്ങളാകെ ഒരുനിമിഷമൊന്നു് ഒരുത്തി തൻമാടിക്കത്തിൽകടന്നു പിടിക്കുന്നതെന്നാണ് എല്ലാവർക്കും തീതി. ഇവ നാണക്കേടിൽ നിന്നും രക്ഷിക്കണേ എന്നു് അന്ധങ്ങളും പെണ്ണുങ്ങളും വിലപിച്ചു. പുത്തൻകച്ചേരിയുടെ മകളിൽ ഇന്നത്തെ വാണിയൻപ്രൗഢം ബീഭത്സമായി പല്ലിളിച്ചു. നശിച്ചുപോട്ടെ ശേവാനെ എന്നു മുഖ്യശ്രീകരം മനമെരിഞ്ഞു പിറു പിറു.

— —

കുമുദി അടുത്ത പുറത്തു്

വനകന്യക

കാട്ടാക്കട, ദിവാകരൻ

"അവനിയിലഴകിന്റെ റാണിയായ്മിന്നും
കവി കാളിദാസന്റെ മുനികന്യകയെന്നും"

ഒന്ന്

(മഞ്ജരി)

തളിരണിപ്പുച്ചിലക്കാട്ടകവും വാസന്ത-
മലരുകളും ചൂടിച്ചിരിച്ചിട്ടുമ്പോൾ,
കുളിരിളംതെന്നലിലലയോടിച്ചുഞ്ചാടും
അഴകേറും മാലിനീ തീരഭൂവിൽ
പലതരം വല്ലികളിടതൂർന്നമിന്നിയ-
പ്പുരിതുടിതിങ്ങുന്ന, പർണ്ണശാല.

* * * *

തെന്നാളിലതനൻ പൊൻകിരണങ്ങളം-
വിതറിത്തുടക്കാ-
ച്ചുരിരുളുകാവുവിടത്തിട്ടുമ്പോൾ,
ഇടതൂർന്ന മുറ്റത്തെച്ചെടികൾക്കിടയ്ക്കുന്മേ.
മഴവില്ലുപൂത്തുലഞ്ഞാടിനിന്നു.
തെളിനീരാൽച്ചെടികൾക്കുകുളിരേറി-
പ്പുഞ്ചിരി-
പ്പൂപൂക്കളെങ്ങും വാരിവീശി,
സഖികളോടോരോരോ കളിവാക്ക-
കളോതിക്കൊ-
ണ്ടവിടമേവി; കണ്വന്റെ കണ്മണിയാമേ.
പുലരിപ്പൊൻകിരണങ്ങൾ അണമാ-
കവിളിങ്കൽ
പുളകങ്ങൾ നെയ്തു കളിച്ചിട്ടുമ്പോൾ,
അഴകിന്റെയാനന്ദസ്വപ്നശതങ്ങളാ-
മിഴികളിൽ പ്രകൃതിയുണർന്നിരുന്നു.
മരവുരിക്കുള്ളിലൊതുക്കിക്കൊള്ളും യൗവ്വനം
വിടരുവാൻ വെമ്പിയനേരമേഷം.
മാലിനിയാറും പുളിനവും പൂവണി-
പ്പുവനസീമയും മാൻകിടാവും
തോഴീദ്വയവുമായ് കാലംകഴിക്കുമ-
ത്തോഴി, പരിശുദ്ധയാണെങ്കിലും
മലരണിയില്ലയും തളിരണിത്തോന്നാവു-
മിണചേർന്നിരിക്കുന്ന കാഴ്ചകാൺകെ,
വനകന്യയ്ക്കുള്ളിലും പ്രണയത്തിൻ മധുരം
കനകക്കിനാവുകൾ മിന്നിമാഞ്ഞു.

രണ്ട്

(പാന)

പ്രകൃതിയോടിയുടഞ്ഞിയെത്തും
പുലരിമാനിനെ,യന്നെയ്യുവീഴ്ത്താൻ,
തേരൊലിയിട്ടവിടെയണഞ്ഞു;
മാരദേവനായ്പ്പിൻ ദുഷ്യന്തൻ.

വേട്ടയാടിപ്പരിക്ഷീണനായ്ത്തൻ
ക്രൂരരെയും വെടിഞ്ഞുവരവെ,
കാട്ടരുവികൾ മുറിച്ചിട്ടർന്ന,
കാട്ടിനുള്ളിലെപ്പുണ്ണ്യാശ്രമത്തിൽ,
മാലിനിയിൽ നിന്നോടിയെത്തീടും
ശീതളമിളം കാറ്റേറ്റലാത്താൻ,
കണ്ണുമനുവിരൃനെക്കാണാൻ
പർണ്ണശാലാവിശേഷമാരായാൻ,
ക്ഷണിയാന്നപ്പടിനമിച്ചിടാ-
നെത്തിപോൽരാജരാജൻദുഷ്യന്തൻ.

(കനകച്ചിലങ്ക.....രീതി)

ഒന്നു ഞൊടിക്കുള്ളിലാമന്നവൻ കണ്ടു
കതിരിട്ട നിൽക്കുന്ന സപ്തശതങ്ങാം!
വനസുന്ദരിതമാം ചെടികളം നീരാട്ടും
വനകന്യയെ-സുന്ദരീ റാണിയെത്തന്നെ
കരിനീലക്കണ്ണുകളൊന്നെടുക്കുള്ളിൽ
തണൻ പുത്തിൽ കുസുമാസ്ത്രങ്ങളെയ്തു
കുനിരത്തുമാവദനത്തിൽ നിന്നും
കടമുല്ലമൊട്ടുകളവിടെങ്ങും ചിന്തി.
പൂങ്കവിളിൽ ശോണിമമെല്ലെപ്പരന്നു;
കുളിർമൊട്ടിൻ രോമാഞ്ചം കോരിപ്പുടർന്നു
അകലങ്കമാനസർ തോഴികളപ്പോൾ,
അനുരാഗസൂചകമിവപാത്തുനിന്നു
അതിരാറാ നാണത്താൽ നിലകെട്ട തനുവി
അവനതശിരീഷയായവല്ലരി നിന്നു.
ചെഞ്ചുണ്ടിൽ പുഞ്ചിരികൾ മിന്നിത്തിളങ്ങി
തഞ്ചത്തിലിരുവരുമന്യോന്യം നോക്കി.
നിമിഷത്തിനുള്ളിലാ ഹൃദയങ്ങളം തമ്മിൽ
മധിരോത്സവമധു പൂരിതരസവീചികളംപുന്നി
ളളപാളികളതിമോഹനവനവീഥികളം-
തോറും
പുളകാങ്കുരമുദ്ര വീണ്ടുമതിനാൽ കുളിരേറി.
പുളിനത്തിലരയന്നപ്പിടപോൽ കണ്ണുകൾ
പുളകാംഗി സംഭ്രമിച്ചുള്ളം കഴുങ്ങി.
അനസൂയമനുരാഗ ചിഹ്നങ്ങളം കണ്ടു;
കനകച്ചില്ലികളം വെട്ടിച്ചുവളാനന്ദം കൊണ്ടു.
മുകളത്തിൽ മുകുളങ്ങളെ കളങ്കരാഗം
ഇവ പാർത്തുടനേ ചിന്തിപുളപുഷ്പരാഗം
വെള്ളിലക്കാട്ടിലപ്പുള്ളിമാൻ കൂട്ടം
സല്ലീലം രാഗാർദ്രനയനങ്ങളം നീട്ടി.
കുരുവികളം വിടപങ്ങിൻ പോട്ടകളംതോറും
വരിനെല്ലും കൊത്തിത്തിന്നാനന്ദം തേടി.
കല്പോല ഒക്കെക്കൊട്ടിപ്പാട്ടുകളം പാടി
പുള്ളിക്കുതിപ്പോടി മാലിനിക്കുടി.

അഴകൊഴുകിച്ചിരിതൂകുമപ്പൂൻനികുഞ്ജം
മഴവില്ലുകളം വിരചിക്കും രംഗം മനോജ്ഞം.

* * * *

ജലകംഭമേന്തിയരക്കുകളം തളർന്നു;
മുലരണ്ടും മനോഭാവിപ്പിൽ കുതികൊണ്ടുനിന്നു.
വദനത്തിൽ സ്വേദപ്പിൽ കണികപൊടിഞ്ഞു;
മുടിയംകുന്തൽ ഒകുടഴിഞ്ഞൊരുവശം ചാഞ്ഞു.
അവനിയിലഴകിന്റെ റാണിയായന്ന-
'കവികാളിദാസ'ന്റെ മുനികന്യമിന്നി.

മൂന്ന്

(ഓമനക്കുട്ടൻ)

ഹേമധുമവും പൂവനികയും
മാൻകിടാവുമായെപ്പോഴും,
കാനനത്തിൽ കഴിഞ്ഞുകുട്ടമ-
ക്കാട്ടുപൂവാകും കന്യയിൽ,
പ്രേമബീജം വിതച്ചുതെല്ലിട-
യ്ക്കുദുഷ്യന്ത നൃപാലകൻ.

....

പല്ലവങ്ങളാലുല്ലസിയ്ക്കുന്ന
വല്ലികളിളംവായുവിൽ,
ലോലലോലമുലഞ്ഞുമാകെ
സൗരഭം പരത്തിടവെ,
പുഷ്പശയ്യയിൽ പുഞ്ചിരിക്കുന്ന
പക്ഷ്മളാക്ഷിയുമൊത്തയാമം,
കാമകേളികളാടിയാനന്ദ-
ലീനനായി വിലസിനാൻ.
ആ മധുമാസരാവിൽ, മാകന്ദ-
ശാഖിയിൽ, കുയിൽക്കുകവെ;
പാലപൂത്തുലഞ്ഞാടവെ;
പേലവാധരമാധ്വിമോന്തിയും
ചാരുയാമിംഗനത്തിലും,
രാഗലീലകളാടിജീവിത-
മാദിരോത്സവമാടിനാർ.

(ഏതുമാനന്ദമറിഞ്ഞിടാത്തൊരു
പാവനാംഗിയാണെങ്കിലും
കാമുകനാകുന്ന കണ്ണനായവൾ,
വിസ്മരിച്ചവളൊക്കെയും.
പേപിടിച്ചൊരുപെണ്ണുപോലവ-
ളാടികാമദലീലകൾ.
യാഗദീക്ഷയും ഹോമകുണ്ഡത്തിൻ
ധൂമവുമായ്ക്കഴിഞ്ഞിട്ടും,

കണപതാപസനോത്തതില്ലയ-
പ്പോണ്ണതറമെന്നല്ലവും.
ഭർഭയും ഹോമകുണ്ഡവുമായി
ഭർപ്പമഹർഷിമാർ,
കണ്ടതില്ലയക്കാട്ടുപൂവതിൽ
വണ്ടണഞ്ഞു സടിച്ചുയും.
തീർത്ഥവാസത്തിനങ്ങുടരപ്പോയ്
പാർത്തശേഷം മുനിവരൻ,
സചീയമാശ്രമത്തിങ്കലെത്തവെ,
കാര്യമെല്ലാമറിഞ്ഞുപോയ്.)

....

ചന്ദ്രലേഖയെച്ചാറിമിന്നുമാ-
റണ്ണരണ്ടുപോൻതാരകം.
തോഴിമാർ-തൽസമൂഹത്തിന്റെ
താരണിപ്രതിരൂപങ്ങൾ.
ഉണ്ടവർക്കതൻജീവിതത്തിലും
ചെണ്ടണിഞ്ഞ പ്രതീക്ഷകൾ!!

നാലു്

(നതോന്നന)

താരകത്താലവുമേന്തിശാരദരാത്രിയാമ നവ്യ-
സൗരവുമായവനിയെപ്പൽകി നിൽക്കുമ്പോൾ,
മാലിനീതൻനീലിമയിലോളപാളി
യിളകവെ,
ലോലലോലം നിഴൽ ചന്ദ്രമിളകിയാടി.
"കാട്ടുപൂവാണെങ്കിലുമെൻ പൂങ്കരളിൻ-
പൂളകത്തിൻ
ചിത്തുപാകീടിനിയെന്നെ വീട്ട-
പോകല്ലേ....."
ആറവക്കിൽ പുത്തനിൽക്കും പൂക്കയിത-
ത്തോപ്പുകളിൽ
കാറവീശി,പ്പരിമളം പരന്നിതെങ്ങും.
നൊന്തിടം ഹൃത്തടാളം സാന്ത്വന-
ത്തിൻ ഗീതികളാൽ
ശാന്തമാക്കാൻ തുനിഞ്ഞിതാ ഋഷ്യശൃംഗ താപൻ
"കേണിടേണ്ട യോമലേനിൻ പാണിതലം
ഗ്രഹിക്കുവാൻ
ഉണ്മയിൽ ഞാനടനെത്തും; കണ്ണനി
കേളുക്ക—"
ഓടലണ്ണപിഴിഞ്ഞോരപ്പാറയൊന്നിൽ
ചാരിനിന്നി-
ട്ടാടലോടെയവളേറെക്കണ്ണുനീർ തുകി.
കാറിലാട്ടം കുറനിരച്ചുത്തുകളിൽ
തലോടിക്കൊ-
ണ്ടോട്ടിനിന്ന താപൻ ശോകമൂകമാനസൻ
നീലശിലാതലത്തിൽ വീണുർന്ന ചി-
ന്നീടം പലകു-
മാലപോൽ കണ്ണീർക്കണങ്ങൾ പൊഴിച്ച
നിന്നാനാം
അന്തപോവനത്തിലെങ്ങോ നിശ്ചയം
വിലപിക്കും
രാക്കുയിലിൻ ഗീതകമാനന്ദലബ്ധിതപ്പാം
നിർന്നിമേഷം കാമിനിതൻ കണ്ണിണയിൽ-
യോക്കി-നിന്നാ
മന്നവനരുചിതന്ത്രനിശ്ചയാത്മവം:-
"വേണ്ട ഖേദമോമലേ, ഞാനെത്തുവോളം
പുഞ്ചിരിപ്പു-
മ്പെണ്ണുമായിക്കാത്തിരിക്ക പോയിടരുത-
ഞാൻ"

മെഞ്ചന്നലിൻ മാറിലൂടാക്കാലടികൾ
കടന്നുപോയ്;
കണ്ണുനീരാൽ കാല്പാടുകൾ നനച്ചുനിന്നാനാം.
ടുരെടുരെക്കാനനത്തിൻ മറവിലാനിഴൽ
മാഞ്ഞു;
തേരെ ലിയൊന്നതാകേണ്ടുരോദനംപോലെ
ഞെരുങ്ങു

(കുറത്തി)

മധുരമാമക മുദ്ദസ്മൃതികളും, തൻ-
മതിയിൽ വേദനപെയ്തു,
കരത്താൽ പൂങ്കവിൾത്തടത്തെയും താങ്ങി,
കനവചിന്തയിൽ മുങ്ങി,
ഉടമുവാടത്തിലിരുന്ന സുന്ദരി
ചുടുനെടുവീർപ്പിൽ വിങ്ങി.
കരാംഗുലിയതിൽ വിളങ്ങും മന്ദന്റെ
കടകംനോക്കിയിരുന്നാനാം.
അതുപൊഴിതവിടണഞ്ഞു കോപിഷ്ഠ-
നൊരുവയസ്യമുനീന്ദ്രൻ.
അതിഥിമന്നുമറിഞ്ഞിടാതവം
വിരഹവേദനതിനും.
മുനിശപിച്ചുപോൽ; നൃപതികാന്തയെ
മറന്നുപോകട്ടെയെന്നായ്.
ഒടുവിൽ തോഴിതൻ സ്തുതിവചനം കേ-
ട്ടുരുളിപോൽ ശാപമോക്ഷം:-
"ഞടയാളമായിക്കടകം കാണിച്ചാൽ
ഉടനേ മന്നവനോർക്കും"
ഇതുവിധമവം ദുഷ്ഷന്തനെയും കാ-
ത്തുടമുവാടത്തിൽ പാർത്തു.

ആറു്

(തരംഗിണി)

തീർത്ഥവാസവുംകഴിഞ്ഞാശ്രമത്തിങ്കൽ
പോന്ന,
താതകാശ്യപൻ ജ്ഞാനദൃഷ്ടിയാലെല്ലാംകണ്ടു.
ശർമ്മപുണ്ണ്യാകം തൻപുത്രിയെക്കാണെ
ക്കാണെ-
കണ്വതാപസനാനന്ദാബ്ധിയിൽ
മുങ്ങിപ്പോയി.
"ധൂമപാളിയാൽ കണ്ണുകാണുവാൻ
വയ്യെങ്കിലും
ഹോമകുണ്ഡത്തിൽതന്നെ ചേന്നിതാഹോ-
മദ്ധ്യം",
ലജ്ജാസംഭ്രമങ്ങളാൽ പേടിച്ച സഖിമാരു-
ണ്ടായിരുന്നുവാൻ ശക്തിയറ്റനിലയേ
തന്നെ,
ആശീർവാദവും ചെയ്ത പുത്രിയെ
പ്രണമിപ്പിച്ചുവാൻ
കാശ്യപൻ മഹാമുനി; ധന്യാന്തസാരജ്ഞാനി.

* * * *

(കല്യാണികളവാണി.....മട്ടു്)

മാലിനിയാറിൽ കൊച്ചുതാമരസുന്ദരാങ്കി
ബാലകിരണംതട്ടി പുഞ്ചിരിക്കേ,
നീലാമ്പൽതാതകഠിനൻ ശോകാന്ത
വിരഹത്തിൻ
മാലിനാൽ തലചായ്ക്കുകേണിട്ടുണ്ട.
ഒപാന്തിളം കതിരുകൾ കുഞ്ഞുചുണ്ടു-
കളിൽ
ചെന്നിറം പകരുവാനോടിയെത്തി
കാനനദേവത പോൽ വാഹിനീയലകളിൽ
കന്യകൾകുന്തള നീന്തിപ്പോന്നു.

തോഴിമാരിരുവരും താതനുതളിരും ചൂടി
തോഴിയെയഴകിന്റെ റാണിയാക്കി.
ചിത്തഖേദം മുഴുത്തപുത്രിയെ കണ്വമുനി
ഭർതൃഗേഹത്തിലയക്കാൻ വെമ്പലാർന്നു.
വല്ലരിവധൂജനം വെള്ളിലപ്പൂക്കളം: ചിന്തി
ക്കണ്ണുനീർമുകിനിനു വിരഹത്തിങ്കൽ
മാനിനിമാരോടൊത്തു വേദനയശിയ്ക്കുമാ-
മാനിനംക്രൂടെയശ്രുവാർത്തുപോയി.

(കേക)

ശാന്തിതൻ മലർക്കൂടിൽപോലെയീ-
കണ്വാശ്രമ-
പ്രാന്തത്തിൽ വിളങ്ങിതൻ മുത്തിമർമ്മായം-
പോറി,
കാട്ടുപൂവുപോൽ ധ്യാനകന്യകൃവിരഹത്തിൻ
കാട്ടുതീയ്ക്കുള്ളിൽപെട്ട വേദനയശിക്കയായ്.
പുത്രിയെ-ധ്യാൽസല്യത്തിൽ തുവുതേകി-
സ്സോറും
പുത്രിയെ-ഭർതൃഗേഹം പുകുവാൻ-
നിയോഗിച്ചാൻ.
ഏറെനാളൊരുമിച്ചുവാണൊരക്കാട്ടും മാനും
വാടിയുംമാവിൽചേർന്നമുല്ലവള്ളിയും-
കാൺകെ,
കണ്ണിണകവങ്ങിപ്പോയ്-പിന്നെയാ-
സ്നേഹത്തിന്റെ
കണ്ണികൾ-സഖികളിതെങ്ങനെ സഹി-
ച്ചീടും.....?
തോഴിതന്നളിലാഷം-തോഴിതൻ ഭാവിഭാഗ്യം
തോഴിതൻ മോഹമെത്രയവർതൻ-
ജീവനമേ!!
ഇല്ലവർക്കതില്പരം മറൊരുകാര്യം-തോഴി
യെല്ലാനേരവുമാനന്ദത്തിൽ വാഴ്വതെ
സുഖം:
സർവ്വജ്ഞനാണെങ്കിലും ശാർങ്ഗധന്വ
ധർമ്മങ്ങളാൽ
സർവവും മറന്ന,പ്പോൾ കണ്ണുനീർ തുകി
കണ്വൻ.
കണ്ണീരിൽ കുതിന്നൊരാരംഭമങ്ങനെ
മാഞ്ഞു;
കന്യക കാട്ടംവി ഭർതൃസന്നിധിതേടി.

ഏഴു്

(തരംഗിണി)

നഗരം—ദ്രവ്യസമൃദ്ധികം തിങ്ങും
നഗരം—നരകംതാനവിടം.
പുരം ചതിയും കുടിലത തൻവിഷ-
വാതവുമുണ്ടാനഗരത്തിൽ
കാട്ടിൽ, കുസുമിതവല്ലികളൊത്ത-
ക്കാട്ടിൽ വാഴണമെന്നു മുനിശ്രേഷ്ഠർ,
കാട്ടം തീയിലകപ്പെട്ടതുപോൽ
ചൂളിപ്പോയീ നഗരത്തിൽ.

....

വെൺകളിപൂശിയ പൊൻതളിമത്തിൽ
ചന്ദ്രമെഴീം പര്യങ്കത്തിൽ,
മദിരാക്ഷികളുടെ നടുവിൽ പതയും
മധുവും മോന്തിട്ടലസതയിൽ,
ലാസ്യവിലാസമഭാലസയായ് തന്നാസ്യം
വേർപ്പണി മുഞ്ഞനിയേ,
ഇളകിത്തെന്നും പൂവാടകളിൽ
മിഴികൾകൊരുത്തു പുരുമന്നൻ.
നൽനവയേളയിലിളകിത്തെന്നും

പുത്തൻപൂന്തുകിലിൻ മറവിൽ,
ഇക്കിളിയേറും മാംസവിപാളികളും
പാർത്തുവസിച്ചാൻ 'ദുഷ്ഷന്തൻ'
താഴ-ത്താഴ്വരതന്നിൽ, പൂത്തൊരു
താഴമ്പോലവനും നില്ക്കേ,
മേഖല, മാമലമോളിൽ മഞ്ഞിൽ
മൂടിയ കൊടുമുടിപോൽ മന്നൻ
ഭൃത്യജനർത്തീതാപസരെത്തിയ
വാർത്തയെ രാജസ്സന്നിധിയിൽ.
താഴത്തെത്തിയ മന്നനറിഞ്ഞി-
ല്ലെങ്കവും, വേളികഴിച്ചവളെ,
സമ്മോഹത്തിൻ നടുവിൽ വിലസും,
സുശോനിതാക്കെ'ക്കളിയാക്കൽ!'
കന്യപറഞ്ഞൂ, കണ്ണുനിറഞ്ഞൂ;
മന്നനതെല്ലാം പരിഹാസം.

അടയാളത്തിനു കടകം കാട്ടാ—
നിടയിൽ കൈവിൽ പാർത്തപ്പോഴും,
പെൺമണി ഞെട്ടിപ്പോയീമോതിര-
മെങ്ങോപൊയ്പോയ് ഞൊടിയിടയിൽ.
— വഴിയിൽ തീർത്ഥജലത്തിൽ പാദം
കഴുകിപ്പോന്നൊരു നേരത്തിൽ
വിരലിൽനിന്നാമോതിരമൂരി-
സ്സലിലത്തിങ്കൽ നിപതിച്ചു—
പരിഹാസത്തിൻ പടവുകളാ-
സ്പതിതയെ വെട്ടിമുറിക്കുമ്പോൾ,
അധികാരത്തിൻ കൊടുമുടിയിൽ നി-
ന്നധിപനിതോതി: "ഞാനല്ല"....
വേദന, ഭീതി, നിരാശ - കലത്തി-
ന്നവമതി കന്യക പുളിച്ചപ്പോഴ്.
സ്നേഹവേദന കരളംകരളുമ്പോഴും
അസ്സഹജാത കഴുത്തുഴോൾ,
വിണ്ണിൽനിന്നൊരു പെണ്മണിയെത്തി-
പ്പിണ്ണിനെയേന്തീട്ടെങ്ങോപോയ്.

ഏട്ട്
(ലഘുപാന)

കാലമേറെക്കഴിഞ്ഞൊരു നാളിൽ
മീലകളിൽ പുകിയ മന്നൻ,
മോതിരമാന്ന പെരട്ടന്നു കണ്ടി-
ട്ടോർമ്മിപ്പൂണ്ട പരവശനായാൻ.
—പാവമാമൊരു ധീവരൻ, തന്റെ
ജീവനൃത്തി തുടർന്നവരവെ,
കണ്ടുപോലൊരുമൽസ്യത്തിനുള്ളിൽ
കല്ലുവച്ചൊരാമുദ്രാംഗുലീയം.
ശക്രാവതാരതീർത്ഥജലത്തിൽ
മുങ്ങിയാകാനിറങ്ങിയനേരം,
കൈവിരലിൽ നിന്നൂരിജലത്തിൽ
വീണ, മത്സ്യം വിഴുങ്ങിയതാവാം.
ഭൂതകാലമധുരസ്മൃതികളും
ഭൂതബാധപോൽ പൊന്തിവരുമ്പോൾ,
നിദ്രപോലും വെടിഞ്ഞു ദുഷ്ഷന്തൻ
അഞ്ജലിൽ മുങ്ങി വാണുപുരത്തിൽ.
അന്നൊരിക്കലമരപുരിയിൽ
കിന്നരാധിപൻ തൻ നിയോഗത്താൽ,
യുദ്ധവുംചെയ്ത പന്ത്രണ്ടാംപൂകാൻ
ബദ്ധോദ്യം പുറപ്പെട്ടനേരം,
മാർഗ്ഗമദ്ധ്യേ,യാമന്ത്രവൻ കണ്ടു
പത്നിയെയും സുതനെയുമൊപ്പം.
പുത്രഭാര്യാസമേതനായപ്പോൾ
ഹസ്തിനപുരിപുക്കു ദുഷ്ഷന്തൻ

* * * *

അങ്കുകലയലഞ്ഞു തിരിഞ്ഞു,-
നിമ്നഗ,വന്നു സാഗരം പൂകി.

ചില മികച്ച കൃതികൾ

		രൂ.	ണ.
എന്റെ ശ്രീകോവിൽ	വി. കുഞ്ഞിരാമൻ	0	12
പഞ്ചവടി	,,	0	14
ഒരു യാഗാണ്ടിനുമുമ്പ്	,,	0	12
പ്രണയരാവണൻ	കെ. രാമോമരൻ ബി. ഏ.	1	0
ഓമന	,,	1	0
ജീവിതസമരം (ആത്മകഥ)	സി. കേശവൻ	3	0
ഇ. വി. യുടെ ആത്മകഥ vol I	ഇ. വി. കൃഷ്ണപിള്ള	2	8
മരിയ്ക്കാൻവയ്യ	കിഷൻചന്ദർ	0	12
അമരമോഹിനി	എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിതയും	പെരുന്ന കെ. വി. തോമസ്	1	0
ചൈനയിൽ	പുളിപ്പുര കൃഷ്ണൻനായർ	1	12
അച്ഛൻ	പൊറ്റക്കാട്ട	1	0
സപ്തനരകം	ചെമ്പിള്ളമ്മി	0	12
പ്രതീക്ഷകൾ	തകഴി	1	8
ജീവിതവല്ലി	കരോട്ട ജനാർദ്ദനൻ	1	4
പുലരിപ്പൂക്കൾ	,,	1	0
പാവങ്ങൾ	വിക്ടർയൂഗോ	1	8
വെള്ളരിമുള്ളുകൾ	ടാറാപുരം സുകുമാരൻ	1	4
കുസുമ ജീവിച്ചിരുന്നില്ല	വി. കെ. ചന്ദ്രജി.	2	0
മാതൃഹൃദയം	കോശവദേവ്	0	8
ശിശുസംരക്ഷണം	ഡാ: ഏ. കെ. ജാർജ്ജ്	1	0
മധുവിധു	ജോസ് ചാലങ്ങാടി	1	0
രതിവികൃതികൾ	,,	1	0
വേശ്യയുടെ ഡയറി	മിസ്സ് ഏലൻ	1	0
വേശ്യയുടെ ആത്മകഥ	,,	1	8
യിശുപ്പിന്റെ വിളി.	ജോർജ്ജവല്ല്യാട്ട	1	4
അത്ഭുതവിക്രമൻ	കെ. ജെ. പിള്ള	1	4
കോമളവല്ലി	എം. ആർ.	2	0
ശ്രീലത.	ദിവാകരൻ വൈദ്യൻ.	0	12
വെറും പെണ്ണ്,	അബുൽഖാദർ.	1	4
ചലനങ്ങൾ	(ചെറുകഥകൾ)	1	8
കാമുകൻ	ആലപ്പുഴ ഖാദർ.	1	0
മാലിനി മാലിന്യം		3	0
സംസാരിക്കുന്ന ശവങ്ങൾ	വള്ളംകുളം പി. ജി. പിള്ള.	1	0
ഇലക്ഷൻ പ്രണയം.	മേരക്കാല്ല.	1	4
അവളോ വേശ്യ	ബി. ജി. കറപ്പ്	1	0
സ്ഥലത്തെ പ്രധാന വേശ്യ.	എൻ. പി ചെല്ലപ്പൻനായർ	0	8
മധുലീല	പി. സി. കോരുത്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയത്)	കെ. ജെ.	1	8
പേരില്ലാത്ത വേശ്യ	പുളിപ്പുമ്മി രാഘവൻപിള്ള	0	8

മറ്റു പല പുസ്തകങ്ങളും വില്പനയ്ക്കുണ്ട്.

N. B:-രണ്ടു ശ്രുപയിൽ കുറഞ്ഞ വി. പി. അയയ്ക്കുന്നതല്ല

അശോകാ പബ്ലിഷിംഗ് ഹൗസ്

പബ്ലിക്ഹൗസ് റോഡ്-കൊല്ലം.

പ്രശ്നകഥ

പുലിയോ പെണ്ണോ?

[പതിനെട്ടാംനൂറ്റാണ്ടിലോ മറ്റോ എഴുതപ്പെട്ട ഒരമേരിക്കൻ പ്രശ്നകഥയെ അതിജീവിച്ചെഴുതുന്നതാണീകഥ. പ്രശ്നകഥകളും മനുഷ്യസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലെന്നു തോന്നുന്നു. കലാമൂല്യത്തെ സംബന്ധിച്ചിടത്തോളം ഒരപസർപ്പക കഥയോളംപോലും മേന്മയില്ലെങ്കിലും അനുവാചകരുടെ ചിന്താശക്തിയെ താല്ക്കാലികമായി ഒന്നു കഴുകിമറിക്കാനും അവർക്കും മെനക്കിടികമായ രസാനുഭൂതിയേകാനും ഈ കഥയ്ക്കു കഴിഞ്ഞെന്നുവരും.]

—കെ. എ. ജെബ്ബാർ

പണ്ടു പണ്ടാണ്. പകുതി അപരിഷ്കൃതനായ ഒരു രാജാവുണ്ടായിരുന്നു. വളരെ പ്രബലൻ. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ അദ്ദേഹത്തിന്റെ വെട്ടിത്തിളങ്ങുന്ന വാളിനു കീഴിൽ ചൂളിവിറച്ചു.

രാജാവിന്റെ ഏതു ചെയ്തികളിലും ഒരുതരം വല്ലാത്ത പുതുമയും ക്രൌര്യവും തെളിഞ്ഞുകാണാം. നീതിന്യായ പരിപാലനത്തിനും അദ്ദേഹം ആ പുതുമയും ക്രൌര്യവും കാട്ടിയിരുന്നു.

അനേകായിരം പ്രേക്ഷകർക്കിരുന്നു കാണാവുന്ന ഒരു തീയേറ്ററിൽ വെച്ചാണ് രാജാവ് ന്യായപരിപാലനം നടത്താറ്. തീയേറ്ററിനുള്ളിൽ രണ്ടു മുറികളുണ്ട്. രണ്ടു മുറികളുടേയും കവാടങ്ങൾ അതിവിശ്വാസത്തോടെ ബന്ധിച്ചിട്ടിരിക്കും. ന്യായപരിപാലനം നടത്തുന്ന ദിവസം ആ രണ്ടു മുറികളിലും, രാജ്യത്തിലെ ഏറ്റവും സുന്ദരിയായ ഒരു യുവതിയും, അനേകദിവസം പട്ടിണിക്കിട്ടു ക്രൌര്യവും വിശപ്പും വർദ്ധിപ്പിച്ച ഒരു പുലിയും അടയ്ക്കപ്പെടുന്നു. പുലി ഏതു മുറിയിലാണെന്നോ യുവതി ഏതിലാണെന്നോ രാജാവിനും വിശ്വസ്ത സേവകന്മാർക്കുമൊഴിച്ച് ആർക്കും പിടിയുണ്ടാവുകയില്ല.

ഏതെങ്കിലും കുറ്റംചെയ്ത യുവാവിനെ ബന്ധനസ്ഥനാക്കി തീയേറ്ററിൽ കൊണ്ടുവരുന്നു. രാജാവും പ്രേക്ഷകരും ആസനസ്ഥരായി കഴിഞ്ഞാൽ തീയേറ്ററിന്റെ നടുക്കു കൊണ്ടുവന്ന കുറ്റക്കാരനെ അഴിച്ചുവിടുന്നു. അപ്പോൾ രാജാവ് കല്പിക്കുകയായി. ബന്ധിക്കപ്പെട്ട രണ്ടു മുറികളിലെ ഏതെങ്കിലും ഒരു കവാടം തുറക്കുവാൻ. കുറ്റക്കാരനറിയാം ഒന്നിൽ വിശന്നുവിശന്ന് ഇരുപതുമുഴുത്തുവ്യാഘ്രവും മറ്റേതിൽ സൌന്ദര്യത്തികവായ സുന്ദരിയുമായിരിക്കുമെന്ന്. പക്ഷെ ഏതിലാണ് സുന്ദരിയെന്നറിയണ്ട. ഏതിന്റെ ഉമ്മറമായ മുടിപ്പൊട്ടും ശ്വാസമടക്കിപ്പിടിച്ചുകൊണ്ടും കുറ്റക്കാരൻ കവാടങ്ങളിലേയ്ക്ക് നീങ്ങുന്നു. മരണത്തിനോടും മംഗല്യത്തിനോടുമായ കവാടമദ്ധ്യത്തിൽ ഒരു നിമിഷം കമ്പിത ഹൃദയനായി അയാൾ പകച്ചു നിൽക്കുമ്പോൾ രാജാവിന്റെ സിംഹഗർജ്ജനം മുഴങ്ങുന്നു.

"ഉം. തുറക്കൂ."

ആ ഉഗ്രശാസനം കേട്ട പാവപ്പെട്ട മനുഷ്യൻ മുന്നോട്ടു വീണും നീങ്ങുന്നു ഉടൻ കതക് തുറന്നില്ലെങ്കിൽ അയാളുടെ തൊട്ടുപുറകിൽ ഉയർത്തിപ്പിടിച്ച വാളുമായി നില്ക്കുന്ന പട്ടാളക്കാരൻ ഒന്നാഞ്ഞുവീശും. അതിനുമുമ്പു കുറ്റക്കാരനായ യുവാവ് തന്റെ ഭാഗ്യം പരീക്ഷിക്കുന്നു. കതക് തുറന്നു മലർന്നതോടുകൂടി ഒന്നുകിൽ പുലിയുടെ നീണ്ടുക്രൂരദംഷ്ട്രങ്ങൾ; അല്ലെങ്കിൽ സുന്ദരിയുടെ കൈകളിൽനിന്നതിനുവിഴുന്ന പൂമാല!

ക്രൂരമാണെങ്കിലും നല്ല പുതുമയുള്ള ന്യായപരിപാലനം. രാജാവിന്റെ നീതിന്യായപരിപാലനം ഇങ്ങനെ വിധം മാറ്റിമാറ്റി നടന്നുകൊണ്ടിരുന്നു. ചിലർ വ്യാഘ്രവക്ത്രങ്ങളിൽ കിടന്നു ഞെരിഞ്ഞുമരിച്ചു മറ്റു ചിലർ ഭാഗ്യവാന്മാർ സൌന്ദര്യധാമങ്ങളെ പരിഗ്രഹിച്ചുകൊണ്ടു സ്വന്തം ഗൃഹങ്ങളിലേയ്ക്കു മടങ്ങി.

മരണങ്ങളും മാംഗല്യങ്ങളും നിറഞ്ഞ കാലം കുറെ നീങ്ങി.

നമ്മുടെ അർദ്ധപരിഷ്കൃതനായ രാജാവിനും യവനയുക്തയും ലാവണ്യമയിയുമായ ഒരു മകളുണ്ടായിരുന്നു. അവൾ രാജധാനിയിലെ സാധാരണക്കാരനായ ഒരു പട്ടാളക്കാരനുമായി പ്രണയത്തിലായി. ശുദ്ധമൂഢമായ അവളുടെ പ്രണയവ്യാപാരം ശുദ്ധമായ ചില സമാഗമങ്ങളിൽകൂടി നീങ്ങിക്കൊണ്ടിരുന്നു. ധീരനും സുഗ്രീവനുമായ ആ പടയാളിയെ അന്നാട്ടിലെ മറ്റൊരു സുന്ദരീരത്നം കാമിച്ചിരുന്നു പക്ഷേ യുവാവ് രാജകുമാരിയെയാണ് പ്രേമിച്ചതു്. രാജകുമാരിക്കുമറിയാമായിരുന്നു, തന്റെ കാമുകനെ മറ്റൊരു യുവതി പ്രേമിക്കുന്ന രഹസ്യം.

ചന്ദ്രികാചർച്ചിതമായ ഒരു ശരല്ക്കാലരാത്രിയിൽ രാജകുമാരിയും കാമുകനുംകൂടി നന്ദനോദ്യാനത്തിലെ ശുഭ്രശിലയിലിരുന്നു രമിക്കുകയായിരുന്ന തദവസരത്തിൽ രാജാവ് യാദൃച്ഛികമായി അതുവഴി വന്നു തന്റെ ഔദാര്യപുത്രി കേവലം ഒരു പട്ടാളക്കാരനുമായിരുന്നു രമിക്കുന്നതു് കണ്ടപ്പോൾ രാജാവിന്റെ അകം കോപംകൊണ്ടു ജ്വലിച്ചു. പെരുങ്കുടലുയർന്ന വികാരങ്ങളെല്ലാം അയാസപ്പെട്ടു സംയമനം ചെയ്തിട്ട് രാജാവു നിശ്ശബ്ദനായി കൊട്ടാരത്തിലേയ്ക്കു മടങ്ങി

പിറ്റേദിവസം വെള്ളകീറുന്നതിനു് മുമ്പുതന്നെ കാമുകയുവാവ് ബന്ധിക്കപ്പെട്ടു. രാജകുമാരി ആ വാർത്തകേട്ടു ബോധംകെട്ടു വീണു. അവൾ നിസ്സഹായയാണ്. പിതാവിന്റെ സംഹാരപരമായ സ്വഭാവവും ദുശ്ശാഠ്യവും അവൾക്കറിയാം. തന്റെ കണ്ണീരിന്നോ ഹൃദയഹാരിയായ വിലാപങ്ങൾക്കോ വൃദ്ധഹൃദയനായ പിതാവിനു് മാനസാന്തരം വരുത്താൻ സാദ്ധ്യമല്ലെന്നവൾക്കു നല്ലപോലെ അറിയാം.

രാജകുമാരിയുടെ കാമുകനെ അറസ്റ്റുചെയ്ത വാർത്ത കാട്ടുതീപോലെ പരന്നു. വിധി നടത്തേണ്ട ദിവസം കൊട്ടിയറിയിക്കപ്പെട്ടു. സാധാരണയിൽ കവിഞ്ഞ പ്രാധാന്യമുള്ളതുകൊണ്ടു ജനങ്ങളും ആ ദിവസം ആകാംക്ഷയോടെ ഉറ്റുനോക്കി

വിധിദിനം പുലർന്നു. രാജ്യത്തിന്റെ നാനാകോണിൽ നിന്നും ആബാലവൃദ്ധം ജനങ്ങളും തീയേറ്ററിനുള്ളിൽ കാലുവെക്കുകുടി. രാജാവും പരിവാരങ്ങളും വന്നു രാജാവിന്റെ സമീപത്തെന്നെ രാജകുമാരിയും ഇരുന്നിരുന്നു.

കാമുകയുവാവിനെ പട്ടാളക്കാർ തീയേറ്ററിനുള്ളിലേക്കാനയിച്ചു. ഏറ്റവും തേജസ്വിയായ യുവാവ്. രാജകുമാരി അയാളെ പ്രേമിച്ചതിലത്ഭുതമില്ലെന്നു് കാണികൾക്കും തോന്നി. അയാൾക്കു് പിണഞ്ഞ ഗതികേടോർത്തു് ചിലർ മനസാ വേദനിച്ചു.

യുവാവ് തീയേറ്ററിനുള്ളിൽ കടന്നയുടനെ ആചാരമര്യാദയനുസരിച്ചു രാജാവിനെ തിരിഞ്ഞു വണങ്ങി. അപ്പോൾ അയാളുടെ കണ്ണുകൾ രാജകുമാരിയുടേതുമായി കൂട്ടിമുട്ടി. അയാൾ ഒന്നു ഞെട്ടി. സ്വന്തം ഹൃദയേശ്വരന്റെ ജീവിതം ത്രാസിൽ കിടന്നാടുന്ന ആ സന്ദിഗ്ദ്ധാവസ്ഥയിൽ അവൾ സന്നിഹിതയായിരിക്കുന്നു. ആ രംഗം കാണാൻമാത്രം ക്രൂരമാണോ അവളുടെ ഹൃദയം.

പക്ഷെ അയാൾക്കവളുടെ പ്രേമഹൃദയംമാത്രമേ അറിവുണ്ടായിരുന്നുള്ളൂ. പിതാവിൽനിന്നാർജ്ജിച്ച ക്രൂരത അവളിലും ഓളംവെട്ടുന്ന വസ്തുത അയാൾക്കറിവുണ്ടായിരുന്നില്ല. അന്നവിടെ സംവേദിക്കാൻ പോകുന്നപ്രശ്നത്തിന്റെ ഫലം അറിയാനുള്ള ജിജ്ഞാസ അവളുടെ പ്രേമവികാരങ്ങളെ തൽക്കാലത്തേക്കെങ്കിലും തടഞ്ഞുനിർത്തിയിരുന്നു.

രാജകുമാരിക്കറിയാമായിരുന്ന ഏതു മുറിയിലാണ് സുന്ദരി കിടക്കുന്നതെന്നു്. യുവതി കിടക്കുന്ന മുറി മാത്രമല്ല അവൾ അതുപോലെ നുകർന്നു രാജകുമാരിയറിഞ്ഞിരുന്നു. തന്റെ കാമുകനെ തീവ്രമായി പ്രേമിച്ചിരുന്ന സൌന്ദര്യധാമമല്ലാതെ മറ്റാരുമായിരുന്നില്ല. കാമുകനും പ്രസ്തുത സുന്ദരിയുംതമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നില്ലെങ്കിലും ഇടയ്ക്കിടെ കണ്ടുമുട്ടുകയും ഹൃദ്യമായ രീതിയിൽ സംസാരിക്കുന്നതും രാജകുമാരിക്കറിവുണ്ടായിരുന്നു. അക്കാര

ണത്തെപ്പറ്റിയും രാജകുമാരി അവളെ തന്റെ പരമ്പരാഗതമായ ക്രൂരതയോടെ വെറുത്തിരുന്നു.

കാമുകയുവാവ് പ്രേയസിയായ രാജകുമാരിയുടെ മുഖത്തേയ്ക്ക് മയ നീയമായി നോക്കി അയാളുടെ നോട്ടം വ്യക്തമായ ഒരു ചോദ്യ മായിരുന്നു. ഏത് മുറിയിലാണ് യുവതി കിടക്കുന്നത്? രാജകുമാരിക്ക് ആ രഹസ്യമറിയാമെന്ന യാഥാർത്ഥ്യമുണ്ട്.

പക്ഷേ രാജകുമാരിയോട് സന്ദേശവുമായി ചെല്ലുമ്പോൾ കാമുകൻ അംശവഴി ആ ചോദ്യം തന്നോടുന്നയിക്കരുതെന്നവൾ കാമുകനെ പ്രതീക്ഷിച്ചിരുന്നതാണ്. എന്തായാണ് മറുപടി കൊടുക്കുക വളരെ ദിവസങ്ങൾ അവൾ അതേപ്പറ്റി ചിന്തിച്ചു. തന്റെ കാമുകനെ അന്ധമായി പ്രേമിക്കുന്ന യുവതിയാണ് ഒരു മുറിയിൽ. ആ മുറി പൂട്ടിക്കൊട്ടിക്കൊടുത്താലുണ്ടാകുന്ന അനന്തരഫലമോ? അയാൾ അവളെ വിവാഹം കഴിച്ചു സസുഖം വാഴും. താൻ പ്രേമിക്കുന്ന യുവാവ് മറ്റൊരുത്തിയെ വിവാഹം കഴിക്കുക. അചിന്തനീയമായ വിധം ക്രൂരതയാണിത്. തന്റെ എതിരാളിയുടെ കരവലയത്തിലേക്ക് കാമുകനെ ആനയിക്കുക. അതസാദ്ധ്യം പിന്നെ എന്തുചെയ്യും. പുലിയുടെ മുറികൊട്ടിക്കൊടുക്കുകയോ! പ്രാണനേക്കാളധികം സ്നേഹിക്കുന്ന കാമുകന്റെ സുന്ദരശരീരം, ഒരു ദിവ്യ മുഗത്തിന്റെ ക്രൂരനഖങ്ങൾ അമർത്തിക്കീറുകയും കടിച്ചു ചതയ്ക്കുകയും ചെയ്യുന്ന ദാരുണരംഗം എങ്ങിനെ വിഭാവനചെയ്യും?

സമയം ആസന്നമായി. കാമുകയുവാവ് അവസാനമായി അവളെ നോക്കി. യുവതി കിടക്കുന്ന മുറി കൊട്ടിക്കൊടുക്കാനുള്ള ഹൃദയഹാരിയായ അപേക്ഷയായിരുന്നു.

രാജകുമാരി സോഫയിൽ ഒന്നു ചിന്തിച്ചു വലത്തു കൈ ക്ഷണത്തിൽ ഉയർത്തി വലത്തെ വാതിലിനു നേരെ ചലിപ്പിച്ചു. കാമുകയുവാവ് ധൃതിയിൽ കവാടത്തിനരികിലേയ്ക്കു നടന്നു.

ഇനി അനുവാചകരോടാണ് ചോദ്യം. കാമുകയുവാവ് മുറിയുടെ കവാടം തുറന്നപ്പോൾ ആരാണ് പുറത്തുവന്നത്?

"പുലിയോ പെണ്ണോ?"

.....

പുരോഗമന സാഹിത്യ സംഘടന

★

പുനരുജ്ജീവിപ്പിക്കുവാൻകൂടിയ ചർച്ചായോഗത്തിന്റെ നടപടികൾ

മറ്റേതു കാലത്തേക്കാളും പുരോഗമന സാഹിത്യകാരന്മാരുടെയിടയിൽ ബോധപൂർവകമായ ഒരു യോജിപ്പുണ്ടാകേണ്ട കാലഘട്ടമിതാണെന്നാണ് ഡിസം: 27-ന് ഏണാകുളത്തു വച്ചുകൂടിയ പുരോഗമനസാഹിത്യ സംഘടനയുടെ വിശേഷാൽയോഗം വ്യക്തമാക്കിയത്. യോഗം വിളിച്ചുകൂട്ടിയ അഖിലകേരള പുരോഗമനസാഹിത്യസംഘടനയുടെ ജനറൽ സിക്രട്ടറി ശ്രീ. പൊൻകുന്നംവർക്കി ശ്ലാഘ്യമായ ഒരു പ്രസ്താവന ചെയ്തു: "നാലുവർഷക്കാലമായി കേരള പുരോഗമനസാഹിത്യം നിഷ്പന്ദമായിക്കിടക്കുകയാണ്. ഈ പ്രവണത്തമാന്ദ്യത്തിന്റെ കാരണകാർ ആരാണെന്നു അന്വേഷിക്കുകയല്ല ഇന്നടിയന്തിരപ്രശ്നം. നേരെമറിച്ച് സംഘടിച്ചു മാന്ദ്യത തീർത്തു് ക്രിയാത്മകമായി പ്രവർത്തിക്കുകയാണിന്നാവശ്യം. പലപ്പോഴും കോറംതികയാതെ പ്രവർത്തകസമിതി കൂടാതെ പോയിട്ടുണ്ട്. പ്രസിഡണ്ടായിരുന്ന ശ്രീ. എം. പി പോളിന്റെ മരണാനന്തരം കൂടുന്ന ആദ്യത്തെ യോഗമാണിതു്. നിലവിലുള്ള പ്രവർത്തകസമിതിയെ (നിലവിലുണ്ടായിരുന്ന കമ്മിറ്റിയിൽ എം. പി. പോൾ, വക്കം, കേശവദേവ്, പി. ഏ സെയ്തുമുഹമ്മദ്, സി. ജെ. തോമസ് എന്നീ അഞ്ചു പേരായിരുന്നു) വിപുലീകരിക്കുകയും, ഇടക്കാലത്തു് അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ വിട്ടുപോയവരെ സന്മനസ്സോടുകൂടി സ്വാഗതം ചെയ്യുകയുമാണിന്നു് ചെയ്യേണ്ടതു്. കൊല്ലം സമ്മേളനത്തിനുശേഷം പെട്ടെന്നു് ഒരു പ്രഭാതത്തിൽ ഞാനടക്കമുള്ള പുരോഗമനസാഹിത്യകാരന്മാർ ഒരു കൂട്ടരെ പോലീസേജൻറന്മാരായി മുദ്രകുത്തപ്പെട്ടു. മറ്റൊരു സംഘടനതന്നെ സ്ഥാപിച്ചു. പഴിപറഞ്ഞും പുലഭ്യം ചൊരിഞ്ഞും നടന്ന ആ കാലഘട്ടമെല്ലാം മറന്നു് വീണ്ടും യോജിക്കാൻ അവർ കാണിക്കുന്ന ശ്ലാഘ്യമനോഭാവത്തെ മാനിച്ചുകൊണ്ടു് അകലാനല്ല, അടുക്കുവാനുള്ള യത്നത്തിനായി ഒരു ഉറച്ച ചർച്ചതന്നെ നടത്തുന്നു. ഇന്നു് പെരുമാറ്റത്തിലും ഭാഷയിലും ഒരു വശത്തു് എല്ലാ പുരോഗമനശക്തികൾക്കുമെതിരായി സംഘടിച്ചാക്രമണം നടത്തുകയാണു്. ബോധപൂർവ്വം പുരോഗമനവാദികൾ മുന്നോട്ടുവെക്കുന്ന ഈ സന്ദർഭത്തിൽ ഇവിടത്തെ പുരോഗമനസാഹിത്യകാരന്മാർക്ക് ചില കടമകളുണ്ടു്. ആ കടമനിർവ്വഹിക്കാൻ അവർ മുന്നോട്ടു വന്നില്ലെങ്കിൽ ഭാവി ലോകം നമ്മെ പുച്ഛിക്കും വരുംതലമുറയുടെ വിഷപ്പുമുകളും നമുക്കെതിരെ ഉയരും. അതിനോടെല്ലാം സമരംചെയ്തു് നിലനിൽക്കുകഴിവുണ്ടെന്നു് നമുക്കു് വേണ്ടതു്. അതിനുവേണ്ടി യോജിക്കുക—" എന്നാണു് വക്കം തന്റെ യോഗോദ്ദേശവിവരണപ്രസംഗത്തിൽ പറഞ്ഞതു്.


അദ്ധ്യക്ഷൻ ശ്രീ. കെടാമംഗലം പപ്പുക്കുട്ടി തന്റെ പ്രസംഗത്തിൽ പുരോഗമനസാഹിത്യകാരന്റെ സംഘടനാബോധത്തെയും യോജിപ്പിനേയുംപറ്റി പറഞ്ഞു. കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരുടെ മാതൃസംഘടനയായ ഈ പ്രസ്ഥാനത്തെ വളർത്തേണ്ടതു് പുരോഗമനസാഹിത്യകാരന്മാരുടെ കർത്തവ്യമാണെന്നു് കെടാമംഗലം ഉദ്ബോധിപ്പിച്ചു. അനന്തരം ശ്രീ. പി. ഏ സെയ്തു് മുഹമ്മദ് അവതരിപ്പിച്ച പ്രമേയം യോഗം ഏകീകണ്ഠേന പാസാക്കി. "കേരള പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ തലയ്ക്കും ബുദ്ധികേന്ദ്രവുമായിരുന്ന ശ്രീ. എം. പി. പോളിന്റെ അകാലചരമത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം ചിന്താമണ്ഡലത്തിൽ പരേതൻ കത്തിച്ചുകാണിച്ച യുക്തിചിന്തയുടെ ദീപശിഖ ഉത്തരോത്തരം ഉയർത്തിപ്പിടിക്കുവാൻ കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാർ ബദ്ധപ്രതിജ്ഞരാണെന്ന ഉറപ്പിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു."

അനന്തരം ചർച്ചകൾ നടന്നു. ചർച്ചയിൽ മെ: നാരായണപിള്ള, ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻനായർ, പോഞ്ഞിക്കരറാഫി, ഒ. പി ജോസഫ്, പി. ഏ സെയ്തുമുഹമ്മദ്, ഡി. എം. പൊറ്റെക്കാട്ട്, പി. കെ. ബാലകൃഷ്ണൻ, കെടാമംഗലം തുടങ്ങിയവർ സജീവമായി പങ്കെടുത്തു. മറ്റൊരു സംഘടനയല്ലാ ഇന്നാവശ്യമെന്നും പുരോഗമന സാഹിത്യസംഘടനതന്നെ മതിയെന്നുമുള്ള അഭിപ്രായം ഏകകണ്ഠമായി അംഗീകരിച്ച് പ്രവർത്തനം ഉർജ്ജിതപ്പെടുത്തണമെന്നും വിപുലമായ സമ്മേളനം മാർച്ച്-ഏപ്രിലിൽ ഏണാകുളത്തുവച്ച് നടത്തണമെന്നും തീരുമാനിച്ചു. പഴയ ഭരണഘടനയുടെ വെളിച്ചത്തിൽ പുതിയ മാനിഫെസ്റ്റോ ഒരു മാസത്തിനകം തയാറാക്കാൻ ശ്രീ മാന്മാർ എൻ. വി. കൃഷ്ണവാര്യർ, കെ ദാമോദരൻ, പി. കെ. ബാലകൃഷ്ണൻ എന്നിവരെ അധികാരപ്പെടുത്തി.

പ്രവർത്തകസമിതിയിലേയ്ക്ക് എം. ജോസഫ് മുണ്ടശ്ശേരി, തകഴി, കെ. ബാലകൃഷ്ണൻ, പി. സി. കുട്ടികൃഷ്ണൻ, പി. ഏ സെയ്തുമുഹമ്മദ്, നാരായണപിള്ള, പി. കെ ബാലകൃഷ്ണൻ, എൻ. വി. കൃഷ്ണവാരിയർ, കെ. ദാമോദരൻ, എം. എസ്. ദേവദാസ്, സി. അച്യുതമേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, വെട്ടൂർ രാമൻനായർ, കെടാമംഗലം പപ്പുക്കുട്ടി, പൊൻകുന്നംവർക്കി (ജനറൽ സിക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

സാഹിത്യാചാര്യനായ കേസരി ഏ. ബാലകൃഷ്ണപിള്ളയുടെ ജന്മദിനവും സമ്മേളനത്തോടനുബന്ധിച്ചു നടത്താൻ തീരുമാനിച്ചു മലയാള ഭാഷയ്ക്ക് നാഗരലിപി ഉപചാരശ്ലോകം ചെയ്ത സാഹിത്യപരിഷത്തിന്റെ നിലപാടിലും, അനർഹരായവർ നാടകം നിരോധിക്കുന്നതിലും പ്രതിഷേധിച്ചു പ്രമേയങ്ങളും പാസ്സാക്കി. അശ്ലീലസാഹിത്യങ്ങൾക്കെതിരായി പ്രവർത്തിക്കുക എന്ന ഒരു പുതിയ സന്ദേശവും കൊണ്ടാണ് സമ്മേളനത്തിൽ നിന്നു് സാഹിത്യകാരന്മാർ പിരിഞ്ഞതു്.

(പ്രത്യേകലേഖകൻ)



ഇടയിടെയായി ചേച്ചിയുടെ വീട്ടിനടുത്തെല്ലാം ഒരു ബഹളം. നിങ്ങളും കേട്ടുകാണും. മിക്കവാറും മാസങ്ങളിൽ രാത്രിയാണ് ഈ ബഹളം. ചോദിച്ചപ്പോൾ പറയുകയാണ്, ഇന്ന് ഇവിടെ "കെട്ട്" എന്ന്. ചേച്ചിക്ക് ഒന്നും മനസ്സിലായില്ല. ചേച്ചിയുടെ ഒരു കൂട്ടുകാരി ചേച്ചി അതിനു ഒരു വിശദീകരണം നടത്തി. ശബരിമലയ്ക്കു പോകുമാണോ. ഇന്നു രാത്രിയാണ് തിരിക്കുന്നത്. ചേച്ചി ലീവെഴുതി ക്കൊണ്ടിരുന്നപ്പോൾ ചെണ്ടയും കൊട്ടിക്കൊണ്ട് ഒരു പാഠം ആളുകളുമായി ശരണംവിളിച്ചുകൊണ്ട് നീങ്ങുന്ന ചേച്ചി ഇറങ്ങിനോക്കി. അങ്ങനെ അല്പനേരം ലീവിന്റെ കാര്യം മറന്നുപോയി. പിന്നെ വന്നപ്പോഴാണ് ഒരു കാര്യം ഓർമ്മവന്നത്.

ചേച്ചി സകലർക്കും അംഗത്വകാർഡ് അയച്ചിട്ടുണ്ട്. കവർ അയക്കാത്തവർ ധാരാളം ഉണ്ട്. അതുപോലെ സ്റ്റാമ്പ് അയച്ചിട്ടുള്ളവരും ധാരാളം. ധാരാളംപേർക്ക് കവറില്ലാത്തതിനാൽ അംഗത്വകാർഡ് അയക്കാൻ തരപ്പെട്ടിട്ടില്ല. അതുകൊണ്ട് കവർ അയക്കാത്തവർ കവറും, സ്റ്റാമ്പ് അയച്ചവർ Plain Cover-ഉം അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു. ചേച്ചിയോടു് പിണങ്ങല്ലേ? ക്ഷമിക്കുമല്ലോ.

മത്സരത്തിന്റെ അവസാനതീയതി അറിഞ്ഞുകാണും. 15-1-54 എല്ലാവരും അയക്കണേ! ചിലപ്പോൾ അതു് നീട്ടിയേക്കും.

പുതിയ അംഗങ്ങൾ കത്തിൽ നമ്പർ വയ്ക്കാൻ മറക്കരുതേ! നമ്പർ വച്ചില്ലെങ്കിൽ ശിക്ഷയുണ്ട്. പേടിക്കല്ലേ.

കൂപ്പൺ പ്രസിദ്ധപ്പെടുത്തുന്നു. പൂരിപ്പിച്ചയയ്ക്കുന്നവർ കവർ വയ്ക്കാൻ മറക്കരുതു്. സ്റ്റാമ്പ് അയയ്ക്കരുതു്.

ശേഷം അടുത്തയാഴ്ച
ചേച്ചി.

എസ്. മഹമ്മദുകുഞ്ഞു്, തിരുമല. ഉപന്യാസം അയക്കേണ്ടതിന്റെ തീയതി അറിയിച്ചിട്ടുണ്ടല്ലോ? കൂട്ടുകാരനെ അടുത്ത പ്രാവശ്യം തരാം. കത്തുകൾ തുടരെ അയക്കൂ.

എൻ. ശാന്തമ്മ, അരുക്കുറ്റി. ഇതാ മറുപടി വായിച്ചുനോക്കൂ. "ഗാന്ധിസം" ലഭിച്ചു. വസുന്ധരയേയും രാധാമണിയേയും ചീത്തയിൽ ചേർക്കൂ.

കെ. ഷാഹുൽഹമീദ്, കൊട്ടിയം. മത്സരത്തിന്റെ ഉപന്യാസമാണോ ഇതു്? ഭേഷായി. അതു് എല്ലാവരെയും കാണിക്കേണ്ട. ചിരിക്കുന്നതല്ലേ? കുറച്ചിൽതന്നെ ഒന്നു ശ്രമിച്ചുനോക്കൂ.

എം. ഡി. വാമദേവൻ, അറക്കൽ. ചേച്ചി മാറ്റരുതു് കത്തയക്കാത്തതുകൊണ്ടെന്നെ. കത്തയക്കാത്തതു് അതുപോലെ കൂടുമാണ്? അതെല്ലാം പോട്ടെ. ഇതാ ആവശ്യപ്പെട്ടതുപോലെ ഒരു രണ്ടാമത്തെ കൂട്ടുകാരൻ. സി. ബി. അബ്ദുൾഖാദർ, കമ്പളത്തുപറമ്പിൽ, ഉദ്യോഗമണ്ഡൽ, വാടായിക്കുളം. P. O.

സോമലിംഗമ്മ, കരിങ്കുന്നം. കൂട്ടുകാരെ കിട്ടാനായി ഇത്ര സാഹസം ചെടിച്ചുവിടണോ? സാരമില്ല. എന്നാലും കൂട്ടുകാരി വരികയില്ല കത്തിൽ നമ്പർ വയ്ക്കുന്ന കാര്യം മറന്നുപോയി. അതാണ് കാരണം. നമ്പർവച്ച് ഒരു കത്തയക്കൂ.

പി പി മുരളീധരൻ, അരീക്കര. "തെരുവുതെണ്ടി" കഥ ധാരാളം അയച്ചുതിപ്പിൽ റി. കഥയ്ക്ക് വേറൊരു പേരും കിട്ടിയില്ലേ? സാരമില്ല. ഇതാ കാരൻ. പി. എസ്. രാഘവനാഥ്, C/o പി. വി. ശിവശങ്കരപ്പിള്ള, അഡ്വക്കേറ്റ്, കോട്ടയം.

എം. ലളിതാംബിക, കുളത്തൂർ. സത്യംപറഞ്ഞാൽ വിശ്വസിക്കയില്ല. പറയട്ടേ. കത്തും ചിത്രവും കിട്ടിയില്ല. കിട്ടിയാലും വരാൻ സാധിക്കുമായിരുന്നില്ല. മാതാപിതാക്കളോട് ക്ഷമായാചനം ചെയ്യുന്നതായി പറയൂ. കത്തുകൾ തുടരെ അയയ്ക്കുമല്ലോ?

എസ് എൻ. ഗോപാലകൃഷ്ണൻനായർ, ആലപ്പുഴ കവർ അയച്ചിട്ടുണ്ടായിരുന്നെങ്കിൽ കാർഡ് വന്നിരിക്കും. കഥ ഉചിതം. കവർ അയച്ചില്ലായിരുന്നെങ്കിൽ ഉടനെ അയച്ചു തരൂ. കാർഡു അയച്ചുതരാം.

പി. കെ. ലളിതകുമാരി, വൈയ്ക്കം. കൂട്ടുകാരിയെ തരാമായിരുന്നു. പക്ഷേ ചെറിയ അസൗകര്യം. അടുത്ത കത്തിനു് കൂട്ടുകാരിയെതരാം.

വിജയലക്ഷ്മികുഞ്ഞമ്മ, തൈയ്യാട്. ആരാ ഓമനേ? പച്ച മധുരയിൽ പോയപ്പോൾ ചേച്ചിയെ ക്ഷണിക്കാത്തതെന്തേ? പിണങ്ങിയിരിക്കയാണ്. എല്ലാവരേയും സ്നേഹാന്വേഷണം അറിയിക്കാം. എല്ലാം കഴിഞ്ഞു് ചോദിക്കുന്ന കഥ ആരുടെയാണ്? ഏതായാലും പ്രസിദ്ധപ്പെടുത്താം. കൊച്ചു കുഞ്ഞല്ലേ. പിണങ്ങാം. അതുകൊണ്ടുമാത്രം.

ജെ. പത്മജാദേവി, ചെങ്കന്നൂർ. കാർഡു കിട്ടിക്കാണും അല്ലേ? കവർ അയച്ചിട്ടുണ്ടെങ്കിൽ കാർഡും അയച്ചിട്ടുണ്ട്. വിഷമിക്കേണ്ട. സത്യഗ്രഹം തുടങ്ങുന്നതിനുമുമ്പ് നോട്ടീസ് തരണേ! ഒരു കവറിൽ പ്രത്യേകം പ്രത്യേകം കത്തുകൾ എഴുതാം വിരോധമില്ല

ഓഷ്ടാബ്ധിവി, പുനലൂർ. "അശോകകഥ"—അല്പം താമസിച്ചാൽ പ്രസിദ്ധീകരിക്കാൻ സാധിച്ചേക്കും. ഉടനെതന്നെ സാധ്യമല്ല എന്നാണ് തോന്നുന്നതു്. Photo അയച്ചുതരൂ. കുട്ടികളുടെ വിശേഷാൽപ്രതിയിൽ പ്രസിദ്ധപ്പെടുത്താം. ചേച്ചിയേയും നിയും പിണങ്ങുകയില്ലല്ലോ?

ആർ. ഓമനക്കുട്ടിഅമ്മ, നെടുമങ്ങാട്. കഥ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ചേച്ചിയോടു് പരാതികൾ പറയാതിരിക്കാൻ ശ്രമിക്കണമുണ്ട്. കഥ നല്ലതാണെങ്കിലല്ലേ പ്രസിദ്ധീകരിക്കൂ. ക്ഷമിക്കൂ. കൂട്ടുകാരിയെ തരാം. ഇപ്പോൾ ഇയാളെ മതി. പി. ഓമനക്കുട്ടി, VI B. Div-, N. S. S. ഇംഗ്ലീഷ് മീഡിയം, പ്രാക്കുളം.

പി. കെ. രാമദാസു്, വടകര. അംഗമാക്കിയിട്ടുണ്ട്. അംഗത്വകാർഡ് കിട്ടിയിട്ടില്ലെങ്കിൽ ഒരു കവർ അയയ്ക്കൂ. ഉടനെ കാർഡു അയച്ചുതരുന്നതാണ് ക്ഷമിക്കണേ.

ആർ. ഡി സദാശിവൻ, പ്രാക്കുളം. അവസാനമായി എഴുതുന്ന കത്തായതുകൊണ്ടാണ് മറുപടി ഉടനെ എഴുതുന്നതു്. ഇനിമേൽ കത്തെഴുതണേ. മത്സരത്തിന്റെ കാര്യം അറിഞ്ഞുകാണും അല്ലേ? എഴുതിഅയച്ചിട്ടുണ്ടോ?

ജി. ഉണ്ണികൃഷ്ണൻനായർ, വെട്ടിക്കവല. അംഗത്വകാർഡു് ഇനിയും കിട്ടിയിട്ടില്ലെങ്കിൽ കവർ അയച്ചുതരൂ. ഉടനെ കാർഡ് അയച്ചുതരാം മോഹനനെ ലീവിൽ ചേർക്കൂ.

സി കെ നാരായണൻ, [illegible]. അംഗത്വകാർഡു അയച്ചിട്ടുണ്ട്. കിട്ടിയാലുടൻ അറിയിക്കണേ.

അനന്തരാജ്, വട്ടപ്പാറ. കൂപ്പൺ കിട്ടിയാലുടൻ അംഗമാക്കി അംഗത്വകാർഡു് അയക്കുന്നതാണ്. കലാപരിപാടികളുടെ വിജയത്തിനായി ചേച്ചി പ്രാർത്ഥിക്കാം.

ജി, രാജേന്ദ്രൻ, ശക്തികുളങ്ങര മടപടി അയയ്ക്കുന്ന കുട്ടുകാരനാണോ, യക്കാത്തകുട്ടുകാരനാണോ എന്ന് ചേച്ചി എങ്ങനെ അറിയും. ഏതായാലും ഒരാളെതരാം. പി. നാരായണൻനായർ, C/o എസ്. പത്മനാഭൻനായർ. ശവ: അമ്മപതി, ചിത്തിരപുരം.

പി. കെ. ഗോപാലൻ, കുമരകം. ഏകാങ്കം ടീർക്കിച്ചുപോയതിനാൽ ഇടാൻപ്രയാസമാണ്, ഇരിക്കട്ടെ വിശേഷാൽപ്രതിയുന്നല്ലോ, അതിൽകൊള്ളിക്കാൻനോക്കാം. പേരു് പറയാൻ അറിഞ്ഞുകൂടാ. നിർബന്ധമാണെങ്കിൽ പറയാം പറയട്ടെ. ചിരിക്കരുതേ! ഇഷ്ടമാണെങ്കിൽ ഇട്ടാൽമതി "യുണിയൻ ഓഫ് യൂത്ത്സ്" Union of youths.

എൻ. ആർ. സുശീല, മാള. കുപ്പൺപൂരിപ്പിച്ചയക്കു. ചേച്ചിക്കു വളരെ സന്തോഷംഉണ്ട്.

എ. ആർ ഫെർണാണ്ടസ്സ്, ആലിനാട്. കഥ ലഭിച്ച വിവരത്തിനും വിവരങ്ങളും അറിയിച്ചുകഴിഞ്ഞു.

ഖേബിഗിരിജ, ആലപ്പുഴ. ചേച്ചിയോടു് പിണങ്ങിയിരിക്കയാണോ? ഏതുയോ കുട്ടുകാരികളും കാത്തിരിക്കുന്നു. ഗിരിജ എന്തു കത്തയക്കാതിരുന്നു. ഗിരിജയിൽനിന്നും കത്തുകിട്ടാനായി എത്രയോ കുട്ടുകാർ അകാംക്ഷയോടിരിക്കുന്നു. അവരെ നിരാശപ്പെടുത്തരുതേ! അയയ്ക്കുമല്ലോ? വിശേഷങ്ങളെല്ലാം എഴുതിഅറിയിച്ചു.

എം. ലൈലാബീവി, പെരുംകുളം. ലൈല എന്തു നല്ല കുട്ടി. ലൈലയുടെ മനസ്ഥിതി എല്ലാ അംഗങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ. ഗിരിജയ്ക്കു് പരിചയപ്പെടുത്തിത്തരാൻ ശ്രമിക്കാം. ഇതാണു് ഗിരിജയുടെ അഡ്രസ്സ്. ഖേബിഗിരിജ, ഗിരിജാഭവൻ, പവർഹൗസ്റോഡു്, ആലപ്പുഴ.

ടി. വി. സുഗതൻ, നെടുമങ്ങാടു്. കഥ നന്നല്ലേ അയച്ചുള്ളു. അതുപോലെ ധാരാളം കഥകളും എഴുതിഅയയ്ക്കു. എഴുതിയെഴുതി നന്നായിക്കൊള്ളും, അതാണു നല്ല പ്രോൽസാഹനം.

എം. ആർ. നതീശൻ, കടയ്ക്കാവൂർ. ഇനി ചേച്ചിക്കു് ദേഷ്യംവരും. കത്തിൽ നമ്പർ വയ്ക്കാത്തതെന്താ? നമ്പർ വച്ചയക്കു. അപ്പോൾതന്നെ കുട്ടുകാരന്റെ അഡ്രസ്സുംതരാം. പിണങ്ങല്ലേ?

പി. നാരായണൻനായർ, ചിത്തിരപുരം. ചേച്ചിക്കു് എല്ലാവരും ഒരുപോലെയാണു്. കുട്ടുതൽ ഇഷ്ടമുള്ളവർ എന്നൊന്നുതരക്കാർ ഇല്ല. അതുകൊണ്ടു് തെറ്റിദ്ധരിക്കരുതു്. ഇതാ ഒരാൾ. വി വാസുദേവൻ, പുഞ്ചവീടു്, അഞ്ചുതെങ്ങു്.

രാധാകൃഷ്ണൻ, ചെമ്പൂർ. അല്ലാ, കാണാനില്ലല്ലോ? എന്താ സ്ഥലത്തില്ലേ അതും. ചേച്ചിയോടു് പിണക്കമാണോ. ഉറക്കം വരുന്നു. നിർത്തട്ടെ. കത്തയക്കണേ!

ചെറുകഥ

കടലാസ് കപ്പലിലെ യാത്ര

എം. ലൈലാബീവി നമ്പർ 1987 പെരുംകുളം

ഒരിക്കൽ ഒരിടത്തു മഹാനായ ഒരു യോഗിവര്യൻ താമസിച്ചിരുന്നു. അദ്ദേഹം വലിയ ഭക്തനും, ഏതാരു കാര്യം ചെയ്യാൻ അദ്ദേഹമിക്കുന്നുവോ അതു സാധിക്കുകയും ചെയ്തിരുന്ന ഇങ്ങനെയിരിക്കെ ഒരു ദിവസം ഇദ്ദേഹം ഒരു യാത്ര പുറപ്പെട്ട കാര്യത്തിനു ചെന്നപ്പോൾ ഒരു കടൽ കടക്കേണ്ടതായിട്ടുവന്നു. ഉടനെതന്നെ ഇദ്ദേഹത്തിന്റെ അടുത്തിരുന്ന ഒരു കടലാസ് എടുത്തു അതിൽ ഒരു കപ്പൽ നിർമ്മിച്ചു് അതിൽ കയറി യാത്ര തുടർന്നു.

ഈ കടലിന്റെ മറുഭാഗത്തിരുന്നും ഒരു യോഗിതാമസിച്ചിരുന്നു. ഒരുദിവസം ഈ യോഗി തന്റെ മാളികമുകളിൽനിന്നു നോക്കിയപ്പോൾ കണ്ടുകൊണ്ടു മറുഭാഗം ഒരു കടലാസ് കപ്പലിൽയാത്രചെയ്യുന്നതാണു് ഉടൻതന്നെ മാളികമുകളിൽനിന്നു യോഗി ഇപ്രകാരം പറഞ്ഞു "ആഹാ. അത്രക്കത്തായിപ്പോയോ. ആ കടലാസ് കപ്പൽ ഒന്നു മുങ്ങുകയുള്ളോ" ഇതുയും പറഞ്ഞ താമസം കടലാസ്കപ്പൽ മുങ്ങാൻതുടങ്ങി. കടലാസ് കപ്പലിൽ യാത്ര ചെയ്തിരുന്ന യോഗിയുടെ മുഖം ചുവന്നു. അദ്ദേഹത്തിനു അതിയായ കോപം ഉണ്ടായിട്ടു ഇങ്ങനെ പറഞ്ഞു "ഇപ്രകാരം പറഞ്ഞു ഫലിപ്പിക്കുന്ന ആളിനു രണ്ടു കൊമ്പുകൂടി ഉണ്ടായിരുന്നെങ്കിൽ" ഇതുയും പറഞ്ഞു തീർന്നപ്പോൾ മാളികമുകളിൽ നിന്നിരുന്ന യോഗിക്കു രണ്ടു ഭയങ്കരമായ കൊമ്പുകൾ പ്രത്യക്ഷപ്പെട്ടു. അയാൾക്കു തലചലിപ്പിക്കുവാൻ പോലും കഴിഞ്ഞില്ല. ഉടൻതന്നെ കൊമ്പുകൾ പ്രത്യക്ഷപ്പെട്ട യോഗി "കടലാസ് കപ്പൽ മുങ്ങാതിരിക്കട്ടെ" എന്നുപറഞ്ഞു കടലാസ്കപ്പൽ മുങ്ങാതെ സുഖമായിയാത്രതുടർന്നുകൊണ്ടു് കടലാസ്കപ്പലിൽ യാത്രചെയ്ത യോഗിപറഞ്ഞു 'കൊമ്പുകൾ മാഞ്ഞുപോകട്ടെ" ഉടനെ മറുയോഗിയുടെ കൊമ്പുകൾ മാഞ്ഞുപോകയുംചെയ്തു. കടലാസ്കപ്പലിൽ യാത്ര ചെയ്തിരുന്ന യോഗി സുരക്ഷിതമായി യാത്രതുടരുകയും ചെയ്തു.

കൗമുദിലീഗ്

പേരു് .....

മേൽവിലാസം .....

.....

ബാലിക / ബാലൻ വയസ്സു് .....

ഏതു ക്ലാസ്സിൽ പഠിക്കുന്നു .....

പ്രത്യേക വാസനകൾ .....

.....

(ഇവിടെ സ്റ്റാമ്പുശേഖരണം, സംഗീതം, നൃത്തം തുടങ്ങി എന്തിലാണു് പ്രത്യേകതാല്പര്യമെന്നെഴുതണം.)

രക്ഷകർത്താവിന്റെ പേരു് .....

എന്നെ കൗമുദി ലീഗിൽ ഒരംഗമായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. എന്റെ മേൽവിലാസമെഴുതിയ ഒരു കവർ ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

ചെറുകഥ

ബുദ്ധിമാനായ ഒരു ന്യായാധിപൻ

വിജയലക്ഷ്മിക്കുഞ്ഞമ്മ, തൈയ്യൂട്ട്.

ഒരു യുവാവ് ഒരു ദൂരയാത്ര പോകുന്നതിനുമുൻപ്, അയൽവക്കക്കാരനായ ഒരു വൃദ്ധനെ തന്റെ പണം സൂക്ഷിക്കാൻ ഏൽപ്പിച്ചു. അയാൾ തിരിച്ചുവന്ന് വൃദ്ധനോട് പണം ചോദിച്ചപ്പോൾ അങ്ങനെയൊരു ഇടപാട് നടന്നതായി തനിക്ക് യാതൊരോർമ്മയുമില്ലെന്ന് അയാൾ പറഞ്ഞു. തമ്മിൽ വലിയ തർക്കമായി. അവസാനം ഒരു ന്യായാധിപന്റെ അടുക്കൽ പോയി.

"ഈ പണം ഏൽപ്പിച്ചപ്പോൾ നിങ്ങളിരുവരും എവിടെയായിരുന്നു യുവാവേ?" ന്യായാധിപൻ ചോദിച്ചു.

"ഞങ്ങൾ ഒരു വൃക്ഷച്ചുവട്ടിൽ ആയിരുന്നു.

"എന്നാൽ ഈ കോർട്ടുമുദ്രയുംകൊണ്ട് ആ വൃക്ഷച്ചുവട്ടിൽ ചെന്ന് ഞാനിതാ നോട്ട് ന്യായാസനത്തിൻ മുൻപാകെ ഹാജരാകുന്നതിനു ഞാൻ കല്പിക്കുന്നു എന്ന് പറയുക." ന്യായാധിപൻ സരസമായി പറഞ്ഞു.

ഇതുകേട്ട് അത്ഭുതപ്പെട്ട യുവാവ് മുദ്രയുമായി ഇറങ്ങിപ്പോയി. ന്യായാധിപൻ വൃദ്ധനോട് ചോദിച്ചു. "അയാൾ പോയിട്ട് കുറെ സമയം ആയല്ലോ, ഇതുവരെയും അവിടെ എത്തിയിട്ടില്ലെന്നു വരുമോ?" "അയാൾ അവിടെ എത്തിയിരിക്കാൻ ന്യായമില്ല. ആ വൃക്ഷം കുറെ അധികം അകലെയാണ് നില്ക്കുന്നതു്. വൃദ്ധൻ പറഞ്ഞു. "നിങ്ങൾ എങ്ങനെ അതു മനസ്സിലാക്കി?" എന്നായിരുന്ന ന്യായാധിപന്റെ അടുത്ത ചോദ്യം. ഏതാനും സമയം കഴിഞ്ഞു് യുവാവ് തിരിച്ചുവന്നു വൃക്ഷം വന്നില്ല എന്നറിയിച്ചപ്പോൾ "വൃക്ഷം വന്നു കഴിഞ്ഞല്ലോ നിങ്ങൾ ഇവിടെനിന്നും പോയ ഉടനെ വൃക്ഷം നിങ്ങളുടെ ഇടപാടിനു സാക്ഷ്യംപറഞ്ഞു. പണം ഉടനെ തിരിച്ചു തരണമെന്ന് ഞാനിതാ വിധികല്പിക്കുന്നു.

ഗാന്ധിസം

എൻ. ശാന്തമ്മ, അരുക്കുറ്റി, നമ്പർ 1048

(അമ്പിളിമാമാവാ—എന്ന മട്ട്)

ജനകീയമന്ത്രിമാരെ-പരിശുദ്ധഖദിരിക്കുന്നോരെ,
ഞാനൊന്നു ചോദിക്കട്ടോ-മറുപടി ന്യായമായോതിടുമോ?
ജനകീയമന്ത്രിമാരേ-കോൺഗ്രസ്സേ, ഖദറിട്ട നേതാക്കളേ
ഞാനൊന്നു ചോദിക്കട്ടോ-മറുപടി ന്യായമായോതീടുമോ?
പഞ്ചമലത്തോട്ടത്തിലെ തൊഴിലാളർ വീരരെ കൊന്നിടുവാൻ
എന്തവർ കാര്യംചെയ്തു—നിങ്ങൾക്കൊന്നും നാണമില്ലാത്തതെന്തു്.
റേഷൻചോദിച്ച ചോരക്കുഞ്ഞുങ്ങളെച്ചുട്ട പഞ്ചമലയിൽ
രക്തപ്പുഴയൊഴുക്കി ജനകീയ കൊച്ചിയിൽ ഗാന്ധിശിഷ്യർ
ബഹിഷ്കൃതമന്ത്രിമാരേ നിങ്ങൾക്കിന്നും മന്ത്രിക്കസേരമോഹമോ
ഗാന്ധിസമോതുന്നോരേ നിങ്ങൾക്കൊന്നും നാണമില്ലാത്തതെന്തു്.
സംഘടിച്ചീടുവാനായ് ആഹ്വാനംചെയ്ത വിദ്യാർത്ഥികളെ
കോളേജിൽ നിന്നകറ്റി ഇരുമ്പഴിക്കൂട്ടിലടച്ചതിപ്പോൾ.
അവകാശചോദ്യമായാൽ-ജനകീയ ഇടിവണ്ടി നീക്കുന്നോരേ
ജനകീയമന്ത്രിമാരേ നിങ്ങൾക്കൊന്നും മൂളയില്ലാത്തതെന്തു്.
ഉരിയരി ചോദിച്ചെന്നാൽ-ജനകീയ മുളവടി വീശുന്നോരേ!
ലാത്തിയും തോക്കുമായീ-യിനിമേലിൽ ഗാന്ധിസമോഹമവേണ്ടി
ജനകീയമന്ത്രിമാരേ, പരിശുദ്ധ ഖദിരിക്കുന്നോരേ
ഗാന്ധിസമോതുന്നോരേ-നിങ്ങൾക്കൊന്നും നാണമില്ലാത്തതെന്തു്?

* * * *

കൈമുദിബ്ബാലപട്ടാ, സുധീരം തുലികയേന്തീടുവിൻ
കൈമുദി ചേച്ചിയോട്ടം, പുതിയൊരു "നാളെ"യ്ക്കായ് പോരാടുവിൻ

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകടം വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും കൂടാതെ വിധിപ്രകാരം തയ്യാർ ചെയ്തതും പുത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകടം എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സപ്തസ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകടം വാങ്ങുക.

തിരുവനന്തപുരം ആയുശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പഠിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC

സിംഹളം ചരിത്രത്തിലൂടെ

★

(ടി. കെ. ശങ്കരൻ)

സിലോണിന്റെ പ്രശ്നം കൊട്ടിയിരിക്കുമ്പോൾ ഏതാനും ദിവസങ്ങൾക്കു മുൻപ് സിലോൺ പ്രധാനമന്ത്രിയുടെ ഡിപ്പാർട്ടേഷൻ ഓർഡർപ്രകാരം നാട്ടിൽ ചിലപ്പോൾ ഇന്ത്യക്കാരെപ്പിടിച്ചു നാടുകടത്തിയ വിവരം പത്രപംക്തികളിലൂടെ വായനക്കാർ ഗ്രഹിച്ചിരിക്കും. അതിനും പുറമെ ഇന്ത്യാക്കാരെല്ലാം ഒരു നിശ്ചിത തീയതിക്കകം തങ്ങളുടെ സ്ഥാവരജംഗമ സമ്പത്തുക്കളെല്ലാം ഉപേക്ഷിച്ചു പോകാത്തപക്ഷം "തല്ലി പഠഞ്ഞയക്കുന്നു"താണെന്ന ഭീഷണിക്കത്തുകളും, പോങ്കോമച്ചാൻ, പോങ്കോമച്ചാൻ! ഉടനടിക്കപോങ്കോമച്ചാൻ;" എന്നു തുടങ്ങുന്ന അക്ഷേപഹാസ്യങ്ങളും അങ്ങിങ്ങായി പ്രചരിക്കുന്നതുടങ്ങിയിട്ടുണ്ട്. ഇതിന്റെ കർത്താക്കൾ ആരാണെന്നു അറിഞ്ഞുകൂടെങ്കിലും അവർക്കെതിരായി ഗവർമെണ്ടു ശ്രദ്ധേയമായ നടപടിയെടുക്കുന്നതും എടുത്തുകാണുന്നില്ല. ഇതുപോലുള്ള സന്ദർഭത്തിൽ സിലോണിന്റെ ചരിത്രത്തിലേക്കൊരെത്തിനോട്ടം നടത്തുന്നതസ്ഥാനത്തായിരിക്കുമില്ലെന്നു വിചാരിക്കുന്നു. പ്രത്യുത; അസ്ഥാനമായ ദേശീയബോധവും, തജ്ജന്യമായ സങ്കുചിതത്വബുദ്ധിയും ഒട്ടൊക്കെ അകറ്റാൻ കഴിയുമെന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ ലേഖനമെഴുതുന്നതു്.

ഇന്നത്തെ സിലോൺ

ഇന്ത്യയുടെ തെക്കുകിഴക്കേ അതിർത്തിയിൽ ഏതാണ്ടൊരു കോഴിമുട്ടയുടെ ആകൃതിയിൽ സമുദ്രമധ്യേ സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായൊരു രാജ്യമാണ് സിലോൺ. ഭക്ഷിണേന്ത്യയിലെ തഞ്ചാവൂർ ജില്ലയും, സിലോണിന്റെ ഉത്തരാതിർത്തിയിൽ കിടക്കുന്ന പത്തു മുതൽ തുക്കം മഞ്ഞുള്ള 30 നാഴിക വ്യാസംവരുന്ന കടലിടുക്കാണ് ഈ ദ്വീപിനെ ഇന്ത്യയിൽ നിന്നും വേർപെടുത്തിനിർത്തുന്നതു്. കനകം വിളയുന്ന തേയിലത്തോട്ടങ്ങളും സമൃദ്ധിയുടെ വിളനിലങ്ങളുംകൊണ്ടു കളകളാരവം മുഴക്കുന്ന കല്പകവൃക്ഷങ്ങളും ഈ രാജ്യത്തിന്റെ പ്രകൃതിലാവണ്യത്തിനു മാറ്റുകൂട്ടുന്നു. വർഷം, വേനൽ എന്നീ വ്യത്യാസമില്ലാതെയും സർവ്വജനീനവുമായ ഒരു കാലാവസ്ഥ ഈ ദ്വീപത്തിന്റെ പ്രത്യേകതയാണ്. പച്ചവിരിച്ചു നെൽപ്പാടങ്ങളും, പൂത്തുതളച്ചു വൃക്ഷലതാദികളും ഇവിടെ എന്നും കാണാം വയലുകളിൽ വിളവിറക്കാൻ കർഷകന്റെ ഇഷ്ടാനിഷ്ടമല്ലാതെ കാലത്തിന്റെ ഭേദം ഇവിടെ നിയമമല്ല.

25332 ചതുരശ്ര നാഴിക വിസ്തീർണ്ണമുള്ള ഈ ദ്വീപിൽ ഏതാണ്ടു 83 ലക്ഷത്തിൽപരം ജനങ്ങൾ അധിവസിക്കുന്നു. ലോകപ്രസിദ്ധമായ തണ്ണീർമുക്കങ്ങളും, (കൊളുമ്പോർബറും, നീർകൊമ്പോർബറും) ചരിത്രപ്രധാനമായ നാലു പട്ടണങ്ങളും (കൊളുമ്പോ, കണ്ടി, അനുരാധപുരം, നീർകൊമ്പോ) ഈ കൊച്ചുനാടിനെ ലോകരംഗത്തുയർത്തിക്കാട്ടുന്നു. സാമ്പത്തികമായി മറ്റേതു ചെറുകിട രാഷ്ട്രങ്ങളോടും കിടനിൽക്കാവുന്നതുവിധവുമാണ് ഇന്നാട്ടിലുണ്ടു്. ഉദ്ദേശം പത്തുലക്ഷം ഏക്കർ സ്ഥലത്തു ഇന്നു നെൽകൃഷി ചെയ്യുവരുന്നു. 540000 ഏക്കർ സ്ഥലത്തു തേയിലകൃഷിയും, 605000 ഏക്കർ സ്ഥലത്തു റബ്ബർ തോട്ടങ്ങളും നടന്നുവരുന്നുണ്ടു്. തേയിലറബ്ബർ തോട്ടങ്ങളിൽ 100 നു 45-ം, ഇട്ടിഷ്യുകൃഷിയേയാണ്. തെങ്ങുകൃഷി ഈ രു സമുദ്രിയായി മറ്റാരിടത്തും കാണുകയില്ല. 1881-ൽ 20 കോടി രൂപ മുതലെടുപ്പുണ്ടായിരുന്ന സിലോണിന്റെ ഇന്നത്തെ മുതലെടുപ്പു് 95 കോടി രൂപയാണു്. കഴിഞ്ഞ ഒരു ശതാബ്ദിനികം സാമ്പത്തിക രംഗത്തു് ഈ നാടിനുണ്ടായിട്ടുള്ള പുരോഗതിക്കു മേലുദാഹരിച്ച നിദർശനം മതിയാകുന്നതാണല്ലോ സാമ്രാജ്യസ്ഥാപകമായ പാശ്ചാത്യരെയാണു് അധികം പേരും അനുകരിക്കുന്നതെങ്കിലും പഴയ ആര്യസംസ്കാരത്തിന്റെ അവശിഷ്ടങ്ങളും ഇപ്പോഴും കാണാം.

ആദിവാസികൾ

സിലോണിലെ ആദിവാസികളെപ്പറ്റി ഖണ്ഡിതമായൊരഭിപ്രായം പറയുക ദുസ്സാദ്ധ്യമാണെങ്കിലും സഹസ്രാബ്ദങ്ങൾക്കു മുൻപും ഈ രാജ്യം മനുഷ്യാധിവാസയോഗ്യമായിരുന്നെന്നതു് നിർവ്വിവാദമാണ്. ഭക്ഷിണേന്ത്യയിൽ ആര്യന്മാർക്കു മുൻപുണ്ടായിരുന്ന സിതിയൻ വംശക്കാരായിരിക്കണം സിലോണിലെ ആദിവാസികൾ.

ക്രിസ്തുവിനുമുൻപു് 500-ാമാണ്ടിലാണ്. ആര്യന്മാർ ഇവിടേക്കു കുടിയേറിയിട്ടുള്ളതു്. അങ്ങിനെ കുടിയേറിയ ആര്യരുടെ സംഖ്യത്തിൽപ്പെട്ട വിജയനും 700 സഖാക്കളും ബോംബെ കടൽതീരംവഴിക്കാണു് ഇങ്ങോട്ടുകടന്നിട്ടുള്ളതെന്നു കാണുന്നു. താമസിയാതെതന്നെ മറ്റാരുസംഘം ഖിഹാറിൽനിന്നും ശംശാതീരംവഴി കുടിയേറി. ഇവരെ അനുധാവനം ചെയ്തു വീണ്ടും പല സംഘങ്ങളും ഉത്തരേന്ത്യയിൽനിന്നും ഇവിടേക്കു കടന്നിട്ടുള്ളതായി ചരിത്രകാരൻ പറയുന്നുണ്ടു്. ആര്യന്മാരുടെ അധിനിവേശം അവർക്കു മുൻപുണ്ടായിരുന്ന സിതിയന്മാരെ വല്ലാതെ പരിഭ്രാന്തരാക്കിയിരിക്കണം. കേവലം അപരിഷ്കൃതരായസിതിയന്മാർ ഒട്ടൊരക്ക പരിഷ്ക്കാരം സിദ്ധിച്ച ആര്യന്മാരുടെ അടിമകളായോ, അഥവാ അവരെ ഭയന്നു് നഗരങ്ങളിൽനിന്നു് നാട്ടിൻപുറത്തേയ്ക്കും അവിടെനിന്നു് വനാന്തർഭാഗത്തേയ്ക്കും ഓടിപ്പോയെന്നാണു് വിചാരിക്കേണ്ടതു് അങ്ങിനെ ഓടിപ്പോയവരുടെ വംശപരമ്പരയായിരിക്കും ഇന്നു് സിംഹളത്തിൽ "വെദ്ദ" (വേടൻ) എന്നറിയപ്പെടുന്ന അപരിഷ്കൃതർ. സിലോണിന്റെ നാനാഭാഗത്തും ഇന്നും ഈ "വെദ്ദ"കളെ കണ്ടുവരുന്നുണ്ടു്. കാലത്തിന്റെ പരിഷ്ക്കാരമൊന്നും അവരെ ഏതുമറിയിച്ചിട്ടില്ല.

സിലോൺ, സിംഹളവും

1948 ഫെ. 4-ാംതീയതി ബ്രിട്ടീഷുകാരുടെ ഭരണഭാരം സിലോൺകാർക്കേല്പിച്ചുകൊടുത്തപ്പോൾ "ശ്രീലങ്ക"യായി പ്രഖ്യാപിച്ച സിലോൺ ചരിത്രത്തിന്റെ ഓരോ കാലഘട്ടത്തിലും ഒന്നിനൊന്നു വ്യത്യസ്തമായ പേരിലാണറിയപ്പെട്ടതു്. രാമായണകർത്താവായ വാത്മീകി ലങ്കയെന്നും, കൃസ്താബ്ദം 412-ൽ സിലോൺ സന്ദർശിച്ച പ്രസിദ്ധ ചീനസഞ്ചാരിയായ ഫാഹിയാൻ താമ്രവർണ്ണമെന്നും, മറ്റു ചില ചരിത്രകാരന്മാർ ഈഴനാടെന്നും, "മഹാവംശ" എന്ന സിംഹള ഇതിഹാസകാരൻ സിംഹളമെന്നും വ്യവഹരിച്ചുകാണുന്നു. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് ഭരണാധിപന്മാർ മാറുന്നതോടൊപ്പം പേരുമാറിയിരിക്കാമെന്നാണു് ഏതായാലും സിലോണെന്ന നാമത്തിന്റെ ഉല്പത്തി സിംഹളത്തിൽനിന്നാണു്.

ആര്യപ്രഭാവകാലഘട്ടം

ക്രിസ്തുവിനുമുൻപു് 500-ാമാണ്ടുമുതൽ പിൻപു് 1014-വരെ സിലോൺ പരിപൂർണ്ണമായും ആര്യപ്രഭാവത്തിനുകീഴിലായിരുന്നു. ഇക്കാലമത്രയും സിലോണിലെ ഭരണം ഭാഗികവും ശിഥിലീകൃതവുമായിരുന്നതിനു പല തെളിവുകളുമുണ്ടു്. "വാളെടുത്തവരെല്ലാം രാജാക്കന്മാരെ"ന്നപോലെ സാമാന്യം ജനസ്വാധീനവും, സ്വന്തമായി ഏകാധിപത്യശക്തിയും സമാർജ്ജിച്ചിട്ടുള്ള ആർക്കും രാജാവാകാമെന്ന നിലയാണ് അന്നുണ്ടായിരുന്നതു്. ഇന്നത്തേപോലെ സാമൂഹ്യമായ നോട്ടവുമാനവും അന്നുണ്ടായിരുന്നില്ല. തന്നെയുമല്ല; ജനങ്ങൾക്കു ദുസ്സഹമന്യേജീവിക്കാനുള്ള വിഭവങ്ങൾ പ്രകൃതിതന്നെ നൽകിക്കൊണ്ടിരിക്കേ ഭരണകർത്താക്കളെപ്പറ്റി അനേഷിക്കുന്ന കാര്യത്തിൽ അവരും വിമുഖരായിരുന്നു. ഈ പരിതസ്ഥിതിയിൽ കുടിരാ

വെറും രണ്ടാഴ്ചകൊണ്ടുമാത്രം ശമിപ്പിക്കാം

സപ്തസ്ഖലനം, ശീഘ്രസ്ഖലനം മുതലായ ഇന്ദ്രിയസ്ഖലനരോഗങ്ങൾ അവ ഏതു പഴക്കമേറിയതായാലും ശരി സിദ്ധൗഷധങ്ങൾ

സ്ഖലനനിവാരണി

എന്ന അമൂല്യ വെറും രണ്ടൗൺസ് കൊണ്ട് പരിപൂർണ്ണമായി ശമിപ്പിക്കുമെന്ന് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി മുറപ്പു പറയുന്നു.

മൂത്രത്തിനു മുമ്പോ പിമ്പോ, തുള്ളുപോലെയോ, കൊഴുത്തോ, മൂത്രത്തിൽ കലരുന്നോ, സ്വപ്നം കണ്ടോ, അല്ലാതെയോ, ഭയം, സ്പർശനം, മുതലായവകളാൽ പെട്ടെന്നോ ഉണ്ടാകുന്ന ഏതുതരം ഇന്ദ്രിയസ്ഖലനരോഗങ്ങളും അവയ്ക്കൊന്നുകൊണ്ടും ശമിക്കാത്ത നിലയിൽ എത്തിയിട്ടുണ്ടെങ്കിൽപോലും ഒരു ഡപ്പി "സ്ഖലന നിവാരണി" കൊണ്ടുമാത്രം രോഗശാന്തി വരുത്താമെന്ന് ഇതാ പരസഹസ്രം അനുഭവത്തിന്റെ പേരിൽ വീണ്ടും ഞങ്ങൾ മുറപ്പുതരുന്നു.

വില ഡപ്പി 1 ക്ക് 5 ക 8 ണ. —— വി. പി. ചാർജ്ജ് 1 ക. 2 ണ

വി. എസ്. കേശവൻവൈദ്യൻ, വൈദ്യകലാനിധി

S. D. ഫാർമസി, നാഗമഹാൾ, Alleppey P. O.

(ബ്രാഞ്ച്) 95. Rayapetah High Road, Luz. Madras 4.

1802-ൽ സിലോണിനെ ഒരു ബ്രിട്ടീഷുകോളനിയായി പ്രഖ്യാപിച്ചതോടെ ഭരണഭാരം ലണ്ടനിലുള്ള മന്ത്രിസഭ നേരിട്ടു നിർവ്വഹിക്കാൻ തുടങ്ങി. ഏതാണ്ടു സിവിലുദ്യോഗസ്ഥന്മാരെക്കൊണ്ടു നിറച്ചൊരു ഭരണസമിതിയാണ് ബ്രി. ഗവർമ്മെന്റ് സിലോണ്കാർക്ക് പ്രദാനം ചെയ്തുത്. ഇതിൽ നാട്ടുകാർക്കു യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ഞങ്ങിങ്ങായി ചില പ്രതിഷേധസ്വരങ്ങളുയർന്നുവെങ്കിലും നേതൃത്വത്തിന്റെ അഭാവവും പ്രചരണോപാധിയുടെ വൈരൂപ്യവും നിമിത്തം അതെല്ലാം വെറും വനരോദനമായി പരിണമിച്ചു. സിലോണിൽ ആദ്യമായൊരു വർത്തമാനപ്പത്രം (കൊളമ്പൊ ജേർണൽ) തന്നെ പ്രസിദ്ധീകൃതമായതു് ഗവർണ്ണർ ഹെട്ടന്റെ ചതുരധിപത്യത്തിലാണ്. അതിനെത്തുടർന്ന് 'കൊളമ്പൊ ഒബ്സർവർ' 'കൊളമ്പൊ ക്രോണിക്കൽ', 'ഓബ്സർവർ മാഫ് സിലോൺ' എന്നീ പത്രങ്ങളും പുറത്തുവന്നു. ഇതിൽ 'കൊളമ്പൊ ഒബ്സർവർ' ഒഴികെ മറ്റെല്ലാം ഗവർമ്മെണ്ടിന്റെ പക്ഷത്തുനിന്നും പ്രസിദ്ധീകരിയ്ക്കപ്പെട്ടിയതാണ്.

ഇന്ത്യൻകുടിയേറ്റം

ഇന്നു് സിലോണിലെ ജനസംഖ്യയിൽ മഭൂരിഭാഗവും ഇന്ത്യക്കാരെന്നപേരിലാണ് അറിയപ്പെടുന്നതു്. വാസ്തവത്തിൽ ഇവരെല്ലാം ഇന്ത്യക്കാരെന്ന സംജ്ഞയിൽമാത്രം അറിയപ്പെടേണ്ടുന്നവരാണൊ? അല്ലെന്നാണ് ചരിത്രം പഠിയുന്നതു്. ഇന്ത്യൻ വംശപരമ്പരയുടെ പേരിൽ സിലോണിലുള്ള ജനങ്ങളെ വിഭജിക്കപ്പെടുകയാണെങ്കിൽ "പരിശുദ്ധ" സിലോണ്കാരായി അധികംപേരുണ്ടായിരിക്കയില്ല.

ബ്രിട്ടീഷ് ആധിപത്യം മുതൽക്കാണ് ഇന്ത്യാക്കാരുടെ ചരിത്രവും ആരംഭിക്കുന്നതു്. എവിടെയും ബ്രിട്ടീഷുകാർ കച്ചവടകേന്ദ്രം പ്രയോഗിച്ചാണല്ലോ ആധിപത്യം സ്ഥാപിച്ചിട്ടുള്ളതു്. സിലോണിനേയും അവർ ഇതിൽനിന്നും മുഴിവാക്കിയിട്ടില്ല. ക്രാഠൻ കമ്പനികളും നോക്കെത്താത്തേയില- റബ്ബർ തോട്ടങ്ങളും ഉണ്ടാ

ജാക്കളും അവരുടെ വൈതാളികന്മാരും അങ്ങുമിങ്ങുമായി ഭയപ്പെടുത്തുങ്ങിനെ തങ്ങളുടെ ഭരണം നിലനിർത്തിക്കൊണ്ടുപോന്നു

ആദ്യത്തെ വിദേശാക്രമണം

കാലത്തിന്റെ ഗതിയെന്നുമാറി ചരിത്രം അതിന്റെ ഏടുകളിൽ ചില കറുപ്പുപുള്ളികൾക്കെല്ലാം ഇടമനുവദിക്കാമെന്നായി 1014-ൽ ദ്രാവിഡ നാട്ടുകാരനായ ചോളരാജാ രാജേന്ദ്രൻ സിംഹളത്തെ ആക്രമിച്ചു സ്വഭോഗശാലസരായി കഴിഞ്ഞിരുന്ന ആര്യകുല രാജാക്കന്മാർക്കു അപ്രതീക്ഷിതമായ ഈ ഏതിർപ്പിനെ നേരിടാൻകഴിഞ്ഞില്ല പഠയത്തക്ക ആത്മാഭിമാനവും അർത്ഥാഭിമാനവും ക്ലാവുതെ രാജേന്ദ്രനു സിംഹളം പിടിച്ചടക്കാൻ കഴിഞ്ഞു. ചോളരാജാവിന്റെ ആക്രമണത്തോടുകൂടിയാണ് സിംഹളം ഒരേകീകൃത ഭരണത്തിൻ കീഴ്പ്പെടുന്നതു്. രാജേന്ദ്രനുശേഷം ദക്ഷിണേന്ത്യൻ രാജാക്കളിൽ പലരും സിംഹളത്തെ ആക്രമിച്ചു കീഴടക്കിയിട്ടുണ്ട്,

സിംഹള രാജവാഴ്ച

സിലോണിന്റെ ജനസംഖ്യയിൽ മുന്നിൽ രണ്ടു ഭാഗവും സിംഹളീയരും ബുദ്ധമതാനുയായികളുമാണ്. ചോളരാജാ രാജേന്ദ്രനുശേഷം 500-ലാണ് സിംഹളരാജ്യഭരണം പ്രാബല്യത്തിൽ വന്നതു്. കലിംഗരാജ്യത്തിൽനിന്നും കുടിയേറിയവരാണ് സിംഹളീയർ രാജേന്ദ്രനെപ്പോലെതന്നെ 1500 ൽ രാജ്യം ഭരിച്ചിരുന്ന മഹാപരാക്രമബാഹു 6-ാമനും സിംഹളത്തെ ഒരു കേന്ദ്രീകൃത ഭരണത്തിൻകീഴിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ കാലത്തു സിംഹളം 'റട്ടസഭ' (ഗ്രാമപഞ്ചായത്തു്) അടിസ്ഥാനത്തിലുള്ളൊരു ഭരണനയമാണ് സ്വീകരിച്ചിരുന്നതു്. തികച്ചും അന്നത്തെ സിംഹളം സമൃദ്ധിയുടേയും സംതൃപ്തിയുടേയും നാടായിരുന്നു. അക്രമണങ്ങളും പ്രത്യാക്രമണങ്ങളുമായി രാജ്യം പലവിധവിപൽസന്ധികളേയും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും ജനങ്ങളുടെ സ്ഥിതി ശൈശവത്തിൽ തന്നെയായിരുന്നു. 1739 വരെ സിലോൺ സിംഹളരാജ്യ ഭരണത്തിൻ കീഴിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരുന്നു.

പോർത്തുഗീസുകാരുടെ ആഗമനം

1597-മുതൽ സിംഹളം പോർത്തുഗീസുകാരുടെ അധീനത്തിലായി അതിനുമുൻപു 1505-ൽ അവർ ഈ ദ്വീപിൽ അല്പാല്പമായി കുടിയേറിയിരുന്നുവെങ്കിലും ഭരണകാര്യങ്ങളിലൊന്നിലും കൈകടത്തിയിരുന്നില്ല കേവലം കച്ചവടക്കാർമാത്രമായിരുന്നു. അവസാനം അവരുടെ കച്ചവടച്ചരക്കിൽ രാജ്യത്തിന്റെ ഭരണഭാരവും ഒരു ചരക്കായ്ത്തീർന്നു. ഉദ്ദേശം 61 വർഷത്തോളംപോർത്തുഗീസുകാർ ഭരിച്ചു 1658-ൽ ഡച്ചുകാർ പോർത്തുഗീസുകാരെ ആക്രമിച്ചു സിലോണിനെ കൈവശപ്പെടുത്തി 1795 വരെ ഡച്ചുഭരണം നിലനിന്നു. 1796 ആയപ്പോഴേയ്ക്കും സിലോൺ ഡച്ചുകാരിൽനിന്നും ബ്രിട്ടീഷുകാരിലേയ്ക്കു കൈമാറി.

ബ്രിട്ടീഷുഭരണം

പോർത്തുഗീസുകാരിൽനിന്നും ഡച്ചുകാരിലേയ്ക്കും അവരിൽനിന്നു ബ്രിട്ടീഷുകാരിലേയ്ക്കും തുടർച്ചയായി നടന്ന അധികാരകൈമാറ്റം സിലോണിലെ സ്വാതന്ത്ര്യനഷ്ടത്തിനെ നിശ്ശേഷം നിഷ്പ്രഭമാക്കി. അടുത്തകാലംവരെ ഒരു സിംഹളരാഷ്ട്രമായി വിലസിയിരുന്ന സിലോൺ 1796-ൽ ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീർന്ന ഇന്ത്യയെ കീഴടക്കാൻവേണ്ടിവന്ന കാലതാമസവും കഷ്ടനഷ്ടവുമൊന്നും സിലോണിനെ കരസ്ഥമാക്കാൻ ബ്രിട്ടീഷുകാർ അനുഭവിക്കേണ്ടിവന്നില്ല. ഇന്ത്യയും സിലോണുമായി അജഗജാന്തരമുണ്ടെന്നതു തന്നെയല്ല രാജ്യത്തിന്റെ ആഭ്യന്തരസ്ഥിതികൂടി അതുക്കു അനാരോഗ്യകരമായിരുന്ന ഇന്നു കാണുന്ന പരിഷ്കാരങ്ങളിൽ നല്ലൊരു ഭാഗം ബ്രിട്ടീഷ് ഭരണത്തിനുശേഷമുണ്ടായിട്ടുള്ളതാണ്.

18 രൂപാമാത്രം

ഇംഗ്ലീഷ് പഠിക്കാൻ

(സ്വന്തഭവനത്തിലിരുന്നു)

ഏ. ബി. സി. മുതൽ ആരംഭിക്കാം. ഫീസ് 3 രൂപാ വീതം അതിവേഗം ഇംഗ്ലീഷിൽ എഴുതാൻ—വായിക്കാൻ സംഭാഷണം ചെയ്യാൻ സാധിക്കും. കൂടുതൽവിവരത്തിനു ഒരു കാർഡയയ്ക്കുക.

ചന്ദ്രകാളേജ്

പഴവങ്ങാടി (K. W.)

തിരുവനന്തപുരം-1.

USHA

ക്കയാണ് അവർ അധികാരം നില നിർത്താൻ കണ്ട ഉപാധി നവീനയന്ത്രസാമഗ്രികളുടെ സഹായമുണ്ടായിട്ടുപോലും ഇന്നും സിലോണിന്റെ മൂന്നിൽ രണ്ടുഭാഗത്തോളം സ്ഥലം മനുഷ്യാധിവാസയോഗ്യമല്ലാതെ കിടക്കുകയാണ്. അപ്പോൾ ആനുഷംഗികമായുള്ള കൊപ്രയുത്പാദനത്തിനു മുൻപുണ്ടായിരുന്ന സ്ഥിതി എന്തായിരുന്നെന്നു ഊഹിക്കാമല്ലോ. ഇന്നത്തെപ്പോലുള്ള പരിഷ്കൃതപണിയായുധങ്ങളൊന്നും അന്നൊട്ടില്ലതാനും. ഈ പരിതഃസ്ഥിതിയിൽ അവക്കാവശ്യം അവശ്യമായിത്തീർന്നു് കുറഞ്ഞ ക്രയിക്ക പണിയെടുക്കുവാനുള്ള കൂലി മനുഷ്യയന്ത്രങ്ങളെയാണു്. ഭക്ഷിണേന്ത്യയിൽ ശക്തിയായ സാമ്പത്തിക കുഴപ്പവും സാർവ്വത്രികമായ തൊഴിലില്ലായ്മയും പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന കാലം. സമർത്ഥനായ ഒരു ഭരണകർത്താവിനു് ഈ അപൂർവ്വാവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തി. ഇന്ത്യയിൽനിന്നും ഒരുവിധ വ്യവസ്ഥയുംകൂടാതെ തൊഴിലാളികളെ കൂട്ടംകൂട്ടമായി ഇറക്കുമതി ചെയ്തു. 1931-ൽ മാത്രമാണ് ഇന്ത്യാഗവണ്മെന്റു തൊഴിലാളികളെ വിദേശങ്ങളിലേയ്ക്കയയ്ക്കുന്ന കാര്യത്തിൽ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയതു്. അതുവരെയും ബ്രിട്ടീഷ്മുതലാളിമാർ ഈ റിക്രൂട്ടുമെൻറ് ഉടൻകൊണ്ടേയിരുന്നു. അവരെ ഉടൻ ചില വ്യാപാരികളും സിലോണിലേയ്ക്കു കടന്നുകൂടിയിട്ടുണ്ട്. അവരുടെ സംഖ്യ എത്രയോ നിസ്സാരമാണു്; ഇതാണ് സിലോണിന്തൻ കടിയേറ്റത്തിന്റെ ചരിത്രം ക്രോമെ സിലോൺപ്രധാനമന്ത്രി പറയുംപോലെ സിലോണിലുള്ള ഇന്ത്യക്കാരെല്ലാം ഏതെങ്കിലുമൊരു സുപ്രഭാതത്തിൽ "കള്ളവഞ്ചി"ക്കു കടന്നുകൂടിയവരല്ല അവരുടെ ചരിത്രം അന്നാട്ടിന്റെ അഭിവൃദ്ധിയുടെ ചരിത്രമാണ്

സ്വാതന്ത്ര്യസമരം

1830-ൽ സിലോണിനെ ചിരഭരണപരിഷ്കാരമെല്ലാം അനുവദിച്ചു. ഉദ്യോഗസ്ഥാനദ്യോഗസ്ഥാനമാരാകണം 21 അംഗങ്ങളടങ്ങുന്ന ഒരു ഭരണസമിതിയാണ് പരിഷ്കരിച്ച ഭരണപ്രകാരം പ്രവർത്തിയിൽവന്നു. പക്ഷേ ഇതുകൊണ്ടൊന്നും ജനങ്ങളെ പ്രീതിപ്പെടുത്താൻ സാധിച്ചില്ല. അധികാരമായ ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിൽനിന്നും സിലോൺജനത പ്രചോദനം കൊണ്ടു 1919-ൽ സേർ, അരുണാചലത്തിന്റെയും സേർ ജെയിംസ് പിരീസിന്റെയും നേതൃത്വത്തിൽ സിലോൺ നാഷണൽ കോൺഗ്രസ്സെന്നപേരിൽ ഒരു സംഘടന രൂപമെടുത്തു സിലോണിന്റെ സ്വാതന്ത്ര്യമായിരുന്നു കോൺഗ്രസ്സിന്റെ ലക്ഷ്യം. ഏതാണ്ടവരാലക്ഷ്യത്തിലെത്തിച്ചേരുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യൻ തൊഴിലാളികളും വഹിച്ചിട്ടുള്ള പങ്ക് ചരിത്രത്തെ മാനിക്കുന്ന ആർക്കും നിഷേധിക്കാൻ കഴിയുന്നതല്ല.

വിപത്തിന്റെ വിഷബീജം

നിലവിലുള്ള സകലവിധ സാമൂഹ്യവിരുദ്ധനടപടികൾക്കും നിദാനമായ ഡോണാമൂർ ഭരണഘടന നടപ്പിൽവന്നതു് 1931 മാണ് പ്രായപൂർത്തി വോട്ടവകാശമെന്നാണ് ലഭിച്ചതിന് സിലോണിന്റെ ഒപ്പെതുകമായ ധാർമ്മികനിലവാരംപോലും കളഞ്ഞുകുളിക്കേണ്ടിവന്നിട്ടുണ്ട്. ഇന്ത്യക്കാരനെന്നും സിലോൺകാരനെന്നുമുള്ള വർഗ്ഗവിവേചനം ചെയ്തു് ഇതരരാജ്യങ്ങളിലേയും സാമാന്യജനങ്ങളെ തമ്മിൽ അകറ്റി നിർത്തുക എന്നതായിരുന്ന പ്രസ്തുത ഭരണഘടനയുടെ മൌലികമായ ഉദ്ദേശം സാമ്രാജ്യത്തോപാസകന്മാരെല്ലാം പുരോഗമനാത്മകമെന്നു ശ്ലാഘിക്കുന്ന ഈ ഭരണം പതിനൊന്നു വർഷക്കാലം നിലനിന്നു.

ആഗസ്റ്റ് വിപ്ലവം

1942-ൽ ഇന്ത്യയിൽ നടന്നതും പിന്നീടു് : ആഗസ്റ്റ്വിപ്ലവമെന്നപേരിൽ അറിയപ്പെടുന്നതുമായ ആ സമരം സിലോണിലും ചില പ്രത്യാഘാതം സൃഷ്ടിച്ചു സിലോണിനെ പൂർണ്ണസാമ്രാജ്യപദവി ആവശ്യപ്പെട്ടുകൊണ്ടുള്ള ജനകീയ പ്രക്ഷോഭം നാടിന്റെ നാനാഭാഗത്തും തഴയുയർത്തി. യുദ്ധാനന്തരം സിലോണിനു പരിപൂർണ്ണസ്വാതന്ത്ര്യം നൽകുന്നതാണെന്ന ബ്രിട്ടീഷ് സ്റ്റേറ്റ്സെക്രട്ടറിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമരം തല്ക്കാലം നിർത്തിവെച്ചു. അഥവാ സിലോൺ ജനത ഒരിക്കൽക്കൂടി സാമ്രാജ്യത്വവഞ്ചനയിൽ കുടുങ്ങി.

സ്വതന്ത്രസിലോൺ


1944-ൽ സോൾബറിപ്രഭു (ഇന്നത്തെ ഗവർണ്ണർ)യിന്റെ നേതൃത്വത്തിൽ ഒരു ബ്രിട്ടീഷ് ഡെലിഗേഷൻ സിലോണിൽ വന്നു സ്ഥിതിഗതികളെ നേരിട്ടു ഗ്രഹിക്കുകയും അതേവർഷം ഒക്ടോബർമാസത്തിൽ കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിനെ മുൻനിർത്തി ബ്രിട്ടീഷ് കൊളോണിയൽ മന്ത്രിയും, ഡി. എസ്സ്. സേനാനായകയും (ഇന്നത്തെ പ്രധാനമന്ത്രി ഡഡ്ലി സേനാനായകയുടെ അച്ഛൻ) തമ്മിൽ നടന്ന സന്ധിചർച്ചകളുടെ ഫലമായി 1947 നവമ്പർമാസത്തിൽ സിലോൺ ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരു ഡൊമിനിയനായി പ്രഖ്യാപിച്ചു. അതുകൊണ്ടും തൃപ്തിയാകാതെ 1948 ഫെബ്രുവരി 4-നു രാജ്യരക്ഷ, പട്ടാളം, പോലീസ്, വിദേശങ്ങളുമായുള്ള തന്ത്രബന്ധം ഇതുമൂന്നും കൈയ്യൊഴിയാൻ ബ്രിട്ടീഷധീനത്തിലുള്ള ഒരു സ്വതന്ത്രസിലോണായി സ്വയം സ്വാതന്ത്ര്യദിനം കൈകേമമായി നടത്തി. അകപ്പാടെ വാലില്ലാത്ത കുരങ്ങുപോലെ.



തലവേദന, ജലദോഷം, താരണം, പുകച്ചിൽ, മുടികൊഴിച്ചിൽ ഇവയെ മാറ്റി, തലച്ചോറിനും, കണ്ണിനും കൂടിർമനസികതലമുടി നീണ്ടുചുരുണ്ട് സമൃദ്ധമായി വളരുന്നതിനു പറ്റുംപടിയായ വിധം, ആയുർവ്വേദ ശാസ്ത്രപ്രകാരം തനി കേരളത്തിൽ അനേകം ഫലവത്തുക്കളായ ഔഷധങ്ങളും സുഗന്ധപുഷ്പപരാഗങ്ങളും ചേർത്തു് തയ്യാറാക്കിയ സുഗന്ധകേരതൈലം.

4-ഔൺസ് കുപ്പി 1 ക്ക 1-6-0

N. B 3 കുപ്പിയിൽ കുറഞ്ഞു് വി. പി. അയയ്ക്കുന്നതല്ല. 25% മുൻകൂർ. (ഇംഗ്ലീഷ് പരിജ്ഞാനമുള്ള സായുവായ ഒരു പയ്യനെ ആവശ്യമുണ്ടു്.)



ഭരണസംവിധാനം

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം 18

കൺഫ്യൂഷ്യസിന്റെ നാടായ ചൈന ആറായിരത്തിലധികം വർഷങ്ങളായി ഒരു സ്വയംനിഷേധത്തിന്റെ മൂർച്ചയിൽപെട്ട് സുഷുപ്തിയിലാണ്ടു കിടക്കുകയായിരുന്നു. കറുപ്പുയുദ്ധം (Opiam war 1840-42) ചൈനയെ സംപൂർണ്ണമായി ഉണർത്തി വിപ്ലവങ്ങളുടെ ഒരു കൊടുങ്കാറ്റ് തുടർന്നുള്ള അറുപതുവർഷക്കാലം ചൈനയിലൊട്ടാകെ വീശിയടിച്ചു. ഫ്യൂഡലിസത്തിന്റെ ഭോഷ്കത്തരങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയായിരുന്നു ടെയിപ്പിംഗ് കലാപത്തിന്റെ ലക്ഷ്യം. കമ്മ്യൂണിസത്തെപ്പോലെ യുള്ള പ്രാകൃതമായ ചില സങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ ആ വിപ്ലവത്തെത്തുടർന്നു ഒരു സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു. കുസൃതിയെന്നതുപോലെ കൊഞ്ഞപോഞ്ഞുകൊണ്ട് കൺഫ്യൂഷ്യസിന്റെ സിദ്ധാന്തങ്ങളെ അതു പിന്തുടർന്നു.

ടെയിപ്പിംഗ് സാമ്രാജ്യം തകർന്നുപക്ഷേ ആ സാമ്രാജ്യത്തിന്റെ ആവിർഭാവത്തിനു കാരണഭൂതമായിരുന്നവയെല്ലാം അവശേഷിച്ചു. പല പ്രദേശങ്ങളിലുമുള്ള കർഷകർ പലതവണ കലാപങ്ങളിളക്കിവിട്ടു. മനുഷ്യത്വവിരോധിനിയായ ക്രൂരതയോടെ അവയെല്ലാം അടിച്ചമർത്തപ്പെട്ടു പാശ്ചാത്യചിന്താഗതികളുടെ അതിപ്രസരം മദ്ധ്യഭോഗിയായിപ്പോയിരുന്ന വിദ്യുക്തികൾക്കിടയിൽ വിത്തുകൾ വിതറിക്കൊണ്ടിരുന്നു. സൺയാറ്റ്സന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി വിഭാഗങ്ങളും ഇതര ബുദ്ധിജീവി വിഭാഗങ്ങളും സായുധ സംരംഭങ്ങളിൽക്കൂടി മഞ്ചുചക്രവർത്തിമാരെ തകിടം മറിക്കാൻ അനസൃതമായി പരിശ്രമിച്ചുകൊണ്ടിരുന്നു. അലസിപ്പോയ ഇത്തരം പതിമൂന്ന് സായുധ സംരംഭങ്ങളുടെ പരിണതഫലം അതിഭീമമായ ജീവിതനാശവും ഒടുങ്ങാത്ത ദുരിതങ്ങളുമായിരുന്നു. പക്ഷേ ചൈനയെ അകമാനം ഒരു വൈദ്യുതാഘാതംപോലെ അതു ഉൽക്കടമായി പ്രകമ്പനം കൊള്ളിച്ചു. തെക്കൻ ചൈനയിൽ ഒരു ജനാധിപത്യരാഷ്ട്രം സംസ്ഥാപിക്കുന്നതിനുള്ള പ്രസ്ഥാവും അതു വെട്ടിത്തെളിച്ചു. അടിയുറച്ച ഒരു ജനാധിപത്യവാദിയായി ജീവിതമാരംഭിച്ച സൺയാറ്റ്സൻ ഒരു വശത്തുനിന്ന് ജന്മിനാടുവാഴിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും മറുവശത്തുനിന്ന് അക്ഷരശ്രുന്യരായ ജനസാമാന്യത്തിന്റെയും എതിർപ്പുകളെ അഭിമുഖീകരിച്ചുതിന്റെ ഫലമായി ക്രമേണ സേച്ഛാധിപത്യത്തിന്റെ ഒരു പ്രചാരകനായിപരിണമിച്ചു തനി ഫ്യൂഡലിസ്റ്റ് വീക്ഷണഗതികളോടുകൂടി രംഗപ്രവേശം ചെയ്ത അതിമോഹിയായ ചിയാങ് കൈഷക്ക്: ചൈനയിലെ ജനങ്ങളുടെ മേൽ കണ്ണീരും കെടുതിയുമല്ലാത്തെ ഒരിത്തിരി അളാണടിച്ചേൽപ്പിച്ചതു്. സാമ്രാജ്യത്വവുമായുള്ള അഭേദ്യബന്ധത്തിന്റെ ബന്ധവും വിധേയത്വവും പ്രാരംഭഘട്ടത്തിൽ ചൈനയ്ക്ക് ഒരു ശാപമായിരുന്നെങ്കിലും പിന്നീടുള്ള കാലഘട്ടങ്ങളിൽ ഉർത്തെഴുന്നേറ്റ ചൈനയ്ക്ക് ഒരനുഗ്രഹമായിരുന്നു. വടക്കുകിഴക്കൻ പ്രദേശങ്ങളിലെ ജപ്പാൻ വ്യവസായങ്ങളും ഷാങ്ഹൈയിലെ ബ്രിട്ടീഷ് വ്യവസായങ്ങളും കേട്ടു പാട്ടുകുടാതെ സായത്തമാക്കുവാൻ അവർക്കു കഴിഞ്ഞു. നഷ്ടപരിഹാരം കൊടുക്കാതെ ബ്രിട്ടീഷ് ഠയിൽവേകളും ബെൽജിയം ഠയിൽവേകളും ജപ്പാൻ ഠയിൽവേകളും പുത്തൻചൈന തേജസ്സാർക്കരിച്ചു. ആധുനിക യുദ്ധോപകരണങ്ങളും നശീകരണായുധങ്ങളും ചിയാംഗ്കൈഷക്കിൽക്കൂടെ അമേരിക്കൻ സാമ്രാജ്യത്വം അവർക്കു സംഭാവനചെയ്തു. തകർന്നുകൊണ്ടിരുന്ന ശക്തികളെ പിന്താങ്ങിയതുകാരണം ചൈനയുടെ സാമ്രാജ്യത്വം ഉത്തമർണ്ണന്മാർക്കെല്ലാം സകലതും നഷ്ടപ്പെട്ടു.

ഇന്നത്തെ രാഷ്ട്രീയ സാമ്പത്തിക സംവിധാനം ആഭ്യന്തരവും ബാഹ്യവുമായ വിവിധശക്തികളുടെ ആഘാതത്തിന്റെ പ്രത്യാഘാതമാണ്. 1923-ലെ ഠയിൽവേ പണിമുടക്കിന്റെ പരാജയത്തിനെ തുടർന്ന് ട്രേഡ്യൂണിയൻ രംഗത്തൊരു താല്ക്കാലികമായ ഒരു തിരിച്ചടി ഉണ്ടായിരുന്നു. മാവോസേതുംഗ് ഹുണാൻപ്രവിശ്യയിലെ കർഷകരെ സംഘടിപ്പിക്കാൻ തുടങ്ങി കർഷകപ്രസ്ഥാനം അതിശക്തമായി വികസിച്ച് മദ്ധ്യചൈനയിലുള്ള മറ്റു പ്രവിശ്യകളിലേയ്ക്കും പടർന്നുപിടിച്ചു.

കമ്മ്യൂണിസ്റ്റുകാരും ക്രമേണതാങ്ങും തമ്മിലുള്ള ഐക്യമുന്നണിയുടെ ഫലമായി തൊഴിലാളികളെയും കർഷകരേയും സംഘടിപ്പിക്കുവാനുള്ള ധാരാളം സന്ദർഭങ്ങൾ കമ്മ്യൂണിസ്റ്റുകാർക്കു ലഭിക്കുകയുണ്ടായി. കർഷകസംഘാടകന്മാർക്ക് പരിശീലനം നൽകാനുള്ള പത്തുമാസക്കാലം നീണ്ടുനിൽക്കുന്ന ഒരു പരിശീലന വിദ്യാലയം 1926-ൽ കുവാൻറാണിൽ ശവഃ സഹായത്തോടുകൂടി സംഘടിപ്പിക്കുവാൻ മാവോസേതുംഗിനും പെങ്-എൻ. ലായ്ക്കും മറ്റും കഴിഞ്ഞു. ചൈനയിലെ എല്ലാ ഡിസ്ട്രിക്ടുകളിൽനിന്നും ദേശീയ ന്യൂനപക്ഷപ്രദേശങ്ങളിൽനിന്നുമുള്ള വളരെയധികംതൊഴിലാളികൾക്കും ആ വിദ്യാലയത്തിൽനിന്നും പരിശീലനം നേടുകയുണ്ടായി. 1926-ൽ ക്രമേണാംഗ്രമായി വിപ്ലവം പിടിച്ചടക്കിയശേഷം ശ്രുപവല്ല്യരിക്കപ്പെട്ട കർഷകസംഘാടകരുടേയും കർഷകരുടെ സൈന്യങ്ങളുടെയും യഥാർത്ഥമായ ഉറവിടം ഈ വിദ്യാലയമായിരുന്നു. ചൈനീസ് ജനകീയ റിപ്പബ്ലിക്കിന്റെ സാക്ഷാൽ ഉറവിടവും ആ വിദ്യാലയങ്ങളുംതന്നെയായിരുന്നു.

100 ശതമാനം അനുഭവസിദ്ധമായ

അഗസ്ത്യസിന്ദൂരം

(എല്ലാ ഭവനങ്ങളിലും സൂക്ഷിക്കേണ്ട ഒരു മഹൌഷധം)

എല്ലാവിധ ജ്വരങ്ങളും, കഫക്കെട്ട്, വയറിളക്കം—വിശേഷിച്ചും—കോളറ, മൂത്രദോഷം, ശുക്ലദോഷം, ധാതുക്ഷയം, കാസശ്വാസം, എന്നിങ്ങനെ നിരവധി രോഗങ്ങളാൽ നരകയാതന അനുഭവിക്കുന്നവർക്ക് സഹായസന്നദ്ധനായ ഒരു ഡോക്ടർ അരികിലുണ്ടായിരുന്നാൽ ലഭിക്കുന്ന എല്ലാ പ്രയോജനങ്ങളും അഗസ്ത്യസിന്ദൂരം നൽകുന്നു. യുവലോകത്തെ അനുനിമിഷം കരണ്ടു തിന്നുകൊണ്ടിരിക്കുന്ന ടൈഫോയിഡ്, സിഫിലിസ് എന്നീ രോഗങ്ങൾക്കും അഗസ്ത്യസിന്ദൂരംതന്നെയാണ് ഏക സിദ്ധൌഷധം. 41 നേരം സേവിക്കാനുള്ള മരുന്നിന വില പത്തുരൂപ. തപാൽ ക്കൂലി ഒരു രൂപ. ഉടൻ അയക്കുക:

ആർ. അച്യുതൻതമ്പി ബി. എ. അഗസ്ത്യമന്ദിരം,
പഴവങ്ങാടി (K. W.) തിരുവനന്തപുരം.

N. B. ഞങ്ങളുടെ ഔഷധങ്ങളും നിർദ്ദേശാനുസരണം സേവിച്ച് തീർച്ചയും രോഗശാന്തി ലഭിക്കാത്തപക്ഷം ഔഷധവില മടക്കിക്കൊടുക്കും.

USHA

1927 ഏപ്രിൽ 12-നു ചിയാംഗ്കൈഷക്കിന്റെ നേതൃത്വത്തിൽ നടന്ന ഷാംഹായ് ക്രൂരകൃത്യങ്ങളുടെ കാലഘട്ടമാണ് ചൈനയിൽ ഉൾപ്പോടനം ചെയ്തത്. ചൈനീസ് കമ്മ്യൂണിസ്റ്റുകാരുടെ ചെറുത്തുനില്പു അവസ്ഥ നിസ്സഹായതയും അനിശ്ചിതത്വവുമായിരുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിർദ്ദേശം അനുസരിച്ച് ആയുധങ്ങൾ ഒളിച്ചുവയ്ക്കുകയും ചിയാംഗ്കൈഷക്കിന്റെമുമ്പിൽ അടിയറവയ്ക്കുകയും ചെയ്തതിനുപകരം ഷാങ്ഹായ്നഗരത്തിന്റെ കവാടങ്ങൾ ബന്ധിച്ച് ഒരു സായുധവിപ്ലവമുന്നേറ്റം നടത്തിയിരുന്നെങ്കിൽ ചൈനയുടെ ഭാവി എന്താകുമായിരുന്നു എന്ന് ഇന്ന് ഉൽഘോഷിക്കുന്നത് പ്രയോജനശൂന്യമാണ്. അയിരത്തി ഒന്നൂറ്റി അമ്പത്തിയേഴിൽ ഷാങ്ഹായിലെ കലാപകുതുകികളായ കർഷകരെ നയിക്കാൻ കമ്മ്യൂണിസ്റ്റുപാർട്ടി മാവോസെതുങ്ങിനു് അനുവാദം കൊടുത്തിരുന്നെങ്കിൽ കോടിയധികം മനുഷ്യജീവിതങ്ങളെ വിനാശത്തിൽനിന്നു് വിമുക്തമാക്കുവാനും, ദുരിതങ്ങളും ലക്ഷ്യകരിക്കുവാനും സാധിക്കുമായിരുന്നില്ലേ എന്നുള്ള ചിന്തയും ഇന്നു് അപ്രസക്തമാണു്. 1927 അവസാനത്തോടുകൂടി കമ്മ്യൂണിസ്റ്റുകാർക്കു് ജീവനംകൊണ്ടു് ഒളിച്ചോടേണ്ടിവന്നു. അങ്ങനെ ഓടി രക്ഷപ്പെട്ടവർ ചെറിയ ചെറിയ ഒളിസ്ഥാനങ്ങൾ സംഘടിപ്പിക്കുകയും ഗ്രാമപ്രദേശങ്ങളിൽ സോവിയറ്റുകൾ സ്ഥാപിക്കുവാൻ ആരംഭിക്കുകയും ചെയ്തു. പാവപ്പെട്ട കർഷകരായിരുന്ന അവരുടെ അനുയായികളുടെയും ശക്തിയും അണികളുമായിരുന്നു. ധനികകൃഷിക്കാരുടേയും ഭൂസ്വത്തുക്കളും കൈവശപ്പെടുത്തി പാവപ്പെട്ട കർഷകർക്കായി വീതിച്ചു കൊടുത്തു. പക്ഷേ ഭരണാധികാരിയായ ചിയാംഗ്കൈഷക്കിന്റെ ശ്രദ്ധയിൽപ്പെട്ടതോടുകൂടി ചെറുകിട കൃഷിക്കാരെ പുലർത്തുന്ന സാമ്പത്തിക സംവിധാനം രാഷ്ട്രപരിപോഷണത്തിനു് അപര്യാപ്തമാണെന്നും അവർക്ക് മനസ്സിലായി. സുദീർഘമായ വിപ്ലവസമ്പ്രദായത്തിനും ഉത്തരഷെൻസി പ്രവിശ്യയിലെ സ്ഥിരമായ ഹെഡ്ക്വാർട്ടേഴ്സിന്റെ സംസ്ഥാപനത്തിനുംശേഷം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മാവോസേതുങ് സമരതന്ത്രങ്ങളും വ്യത്യാസപ്പെടുത്തി. 1936 ആഗസ്റ്റ് പത്താംതീയതി പുതിയ ശവമെൻറിന്റെ സാമ്രാജ്യസത്തയിൽ വന്നിട്ടുള്ള മാറ്റം മാവോസേതുങ് പ്രഖ്യാപനം ചെയ്തു. ജനാധിപത്യവിരോധങ്ങളെ കഴിയുന്നിടത്തോളം ക്രൂരതൽ അണിനിരത്തുന്നതിനായി "കർഷകരഹിതാളി ശവമെൻറി"നെ "ജനകീയ ശവർമ്മെൻറ്"യി മാറ്റി നാമകരണംചെയ്തു. സിയാൻ സംഭവത്തെ തുടർന്ന് ക്രമിനാശുമായുള്ള അപ്പവിരുദ്ധസഖ്യം ഈ പ്രവണതയെ ശക്തിപ്പെടുത്തി. 1940 ഡിസംബറിലെ ന്യൂഫോർത്തു് ആർമിയുടെ വഞ്ചനാപരമായ ആക്രമണവും ആ സൈന്യത്തിന്റെ വിനാശവും കുത്തകമുതലാളിമാർക്കോ ഫ്യൂഡലിസ്റ്റുകൾക്കോ, കമ്മ്യൂണിസ്റ്റുകാരുമായോ സഹോർദ്ദബന്ധങ്ങളും സാദ്ധ്യമല്ലെന്നു് അസന്നിഗ്ദ്ധമായി തെളിയിച്ചു. അങ്ങനെ അവരെ നിർമ്മാജ്ജനം ചെയ്യേണ്ടതായി തന്നെ വന്നു. പക്ഷേ തൊഴിലാളിവർഗ്ഗം 1927-ലെ ചരിത്രപരമായ അനുഭവങ്ങൾക്കു ശേഷം തികച്ചും അസംഘടിതവും നിസ്സഹായവും ആയ അവസ്ഥയിലായിരുന്നു. അങ്ങനെ 1917-ൽ സോവിയറ്റുരഷ്യയിൽ നടന്ന തൊഴിലാളിവർഗ്ഗ വിപ്ലവത്തിനു പകരം ഒരു പുതിയ ബൂർഷ്വാജനാധിപത്യവിപ്ലവം നടത്തുന്നതിനു് ആവശ്യമായ എല്ലാ ജനാധിപത്യവിരോധങ്ങളുടേയും ക്ഷുദ്രകങ്ങളുടേയും ഒരു ഐക്യമുന്നണി സംഘടിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിച്ചു. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് 1940 ജനുവരിയിൽ മാവോസേതുങ് അഭിപ്രായത്തിന്റെ പുത്തൻ ജനാധിപത്യം പ്രസിദ്ധീകരിച്ചതു്.

ബൂർഷ്വാസി പ്രമുഖമായ പങ്കുവഹിക്കുന്ന മുതലാളിത്തരാജ്യങ്ങളിലെ ബൂർഷ്വാവിപ്ലവമല്ലാ പുത്തൻ ജനാധിപത്യത്തിന്റെ പ്രാരംഭഘട്ടം. തൊഴിലാളി-കർഷകസംഘത്തിന്റെ അടിസ്ഥാനത്തിലും തൊഴിലാളി-കർഷകനേതൃത്വത്തിലുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെയും, കർഷകരുടേയും പെറ്റിബൂർഷ്വാസിയുടേയും ദേശീയ ബൂർഷ്വാസിയുടേയും ഇതര ദേശസ്നേഹിവിരോധങ്ങളുടേയും ഒരു ഐക്യമുന്നണിയാണ്. ജനകീയ ജനാധിപത്യ സർവ്വാധിപത്യം. പ്രാരംഭഘട്ടത്തിന്റെ പരിസമാപ്തിക്കുശേഷം സോഷ്യലിസം എന്ന ദ്വിതീയഘട്ടത്തിലേയ്ക്കു് സമൂഹം പ്രവേശിക്കും. ചൈനീസ് വിപ്ലവപാഠങ്ങളിൽ നിന്നും നേരിട്ട ശ്രദ്ധയൽക്കരിക്കപ്പെട്ട ആശയങ്ങളുടെ സത്യപമായ ഭാവമാണ് പുത്തൻചൈനയിൽ സ്ഥാപിതമായിരിക്കുന്ന രാഷ്ട്രശക്തിയെന്നും അഭ്യന്തരവകുപ്പ് മന്ത്രി 1853 മേയ് 9-ാംതീയതി ഏതാനും വിദേശപ്രതിനിധികളുമായുള്ള ഒരു ചർച്ചാമദ്ധ്യേ പ്രസ്താവിക്കയുണ്ടായി. തൊഴിലാളി കർഷകസഖ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗവും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള നാലുജനാധിപത്യവർഗ്ഗങ്ങളും ചേർന്നുള്ള ക്രൂരശവമെൻറാണ് ചൈനയിലെ രാഷ്ട്രശക്തി. എല്ലാ ജനാധിപത്യശക്തികളും വ്യക്തികളേയും ഐക്യമുന്നണി ഉൾക്കൊള്ളുന്നുണ്ട്. ഈ ശ്രദ്ധത്തിലുള്ള ശവമെൻറിനെ ജനകീയ ജനാധിപത്യ സർവ്വാധിപത്യമായി പരിഗണിക്കപ്പെടുന്നു. ഈ രണ്ടു ഘട്ടത്തിന്റെ പ്രാരംഭഘട്ടങ്ങളിൽകോളോണിയൽ ശക്തികളുടേയും അർദ്ധകൊളോണിയൽ ശക്തികളുടേ

കേരളശ്രീമണിയും പണ്ഡിതാഗ്രേസരനുമായ കൊല്ലങ്കോട്ട
പി. ഗോപാലൻനായർ അവർകളുടെ ലളിതവും
വിസ്തൃതവുമായ ഭാഷാവ്യാഖ്യാനത്തോടുകൂടിയ

ശ്രീമത് ഭഗവത്ഗീത

ക്രൗൺ ¼-ൽ ഒന്നാംതരം മേനിക്കടലാസ്സിൽ മംഗിയായി അച്ചടിച്ച് സന്ദർഭോചിതങ്ങളായ 6 കമനീയ ചിത്രങ്ങളും ചേർത്ത് മൂഴിക്കലിക്കോ ബയിൻഡു ചെയ്തിട്ടുള്ള പുതിയ രണ്ടാം പതിപ്പ്. വില 10 ക യിൽ നിന്നും 7 ക യാക്കി കുറച്ചിരിക്കുന്നു.

ഭ്രാന്തയജ്ഞം

(ശാന്തിനികേതനം കൃഷ്ണൻനായർ)

സമാധാനമായ മാർഗ്ഗത്തിൽക്കൂടി ഭൂമി പ്രയത്നവർഗ്ഗത്തിന്റേതായിമാറി ഇന്ത്യയിലെ ദുഷ്ടശക്തിയെന്നേക്കുമായി പരിഹാരം നേടുവാൻ വേണ്ടി ഗാന്ധിശിഷ്യനായ വിനോബാജി ആരംഭിച്ചിട്ടുള്ള ഭ്രാന്തയജ്ഞത്തിന്റെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരൊന്നാന്തരം പ്രസിദ്ധീകരണം. ഇതിൽ വിനോബാജിയുടെ ജീവചരിത്രവും അടങ്ങിയിരിക്കുന്നു. വില 1ക.

പി കെ. ബ്രദേർസ്—കോഴിക്കോട്

യും അവശിഷ്ടങ്ങൾ വീണ്ടും കുറേ സ്വാധീനശക്തി പുലർത്തുന്നുണ്ട്. തൽഫലമായി ജനങ്ങളെ ഉപര്യുപരി ഉൽബുദ്ധരാക്കേണ്ട കർത്തവ്യം അവരിൽ നിക്ഷിപ്തമായി.

ജനകീയ വിമോചനപ്രസ്ഥാനത്തിന്റെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും ബുദ്ധിമതക്കാരായ ചില മാമാന്മാരേയും ഇസ്ലാംമതക്കാരായ മഹാനുഭാവന്മാരേയും ഉൾപ്പെടെ എല്ലാ ക്രമിനാശങ്ങൾ വിപ്ലവശത്രുക്കളേയും കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുകയും ഒന്നിനിരത്തുകയും ചെയ്തു സാമ്രാജ്യത്വവുമായും, ചിയാങ്ങ്കൈഷക്കുമായും ചർച്ചിലുകൂടി ഉണ്ടായിരുന്നതുകൊണ്ട് ക്രിപ്സ്സുൻ ചമ്മികൂടുമാത്രം ഐക്യമുന്നണിയിൽ നിന്നും മാറി നിർത്തപ്പെട്ടിരുന്നു. വിമോചനത്തിനു ശേഷവും രാഷ്ട്രശക്തിയുടെ സുദൃഢമായ നിലനിൽപ്പിനു സംഭാവന ചെയ്യുന്ന സമസ്തശക്തികളേയും സംപൂർണ്ണമായി ഉപയോഗപ്പെടുത്തി. ബുദ്ധിമത പുരോഹിതന്മാരേയും, മഹത്തായ പുരോഹിതന്മാരേയും, ദേശീയ മുർഷ്ടാസിയേയും, പെറ്റിബുർഷ്ടാസിയേയും, ധനിക കൃഷിക്കാരേയും, പുരോഗമനം പറയുന്ന ജന്മികളെപ്പോലും പുതിയ രാഷ്ട്രം പരിരക്ഷിച്ചുപോരുകയും ഭരണസോപാനത്തിന്റെ കീഴേ പടവുകളിൽ ഓരോ പങ്ക് അവർക്ക് നൽകുകയും ചെയ്തു. കേന്ദ്രഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് കൗൺസിലിലു, ഡിസ്ട്രിക്ടു ഭരണത്തിലും, പ്രവിശ്യാഭരണത്തിലും അങ്ങുമിങ്ങുമുള്ള ചില ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും പ്രാതിനിധ്യം നൽകപ്പെട്ടു. പ്രൊസർവ്സ് ആൻഡ് വർക്കേഴ്സ് ഡെമോക്രാറ്റിക് പാർട്ടി, ചൈനാ റവല്യൂഷൻ പ്രമോഷൻ കമ്മിറ്റി, ചീക്കുങ് പാർട്ടി, നാഷണൽ കൺസ്ട്രക്ഷൻ പാർട്ടി, മുസ്ലീം ലീഗ് തുടങ്ങിയവയെല്ലാം ഗവൺമെന്റിലെ ഉന്നതകക്ഷികളിൽ ഉൾപ്പെടുന്നുണ്ടെന്നാണ് വയ്പ്പ്. ഭരണമണ്ഡലത്തിലെ വിവിധ ഘടകങ്ങളിലും നിലകളിലും അവർക്ക് പ്രാതിനിധ്യമുണ്ട്. പക്ഷേ ചൈനയിലെങ്ങും അവർക്ക് സംഘടനകളോ ജനകീയപിൻതുണയോ ഇല്ല.

ജനകീയകോൺഗ്രസ്സുകളുടെ വിവിധനിലകളിലുള്ള ജോലികൾ ചെയ്തിരുന്നതിനായി പീപ്പിൾസ് കൺസൽട്ടേറ്റീവ് കമ്മറ്റികൾ ഗവൺമെന്റ് രൂപവൽക്കരിക്കയുണ്ടായി. ഒരു ജനാധിപത്യ സംവിധാനത്തിന് അത്യന്താപേക്ഷിതമായ എല്ലാ സാഹചര്യങ്ങളും സംപൂർണ്ണമായി സമാഗതമാകുന്ന സന്ദർഭംവരെ ആ കമ്മിറ്റികൾ പ്രവർത്തിക്കും പുതിയ ഭരണസംവിധാനത്തിന്റെ അടിത്തറ മുന്നുകൊല്ലക്കാലം രാജ്യത്തെ കമ്മ്യൂണിസ്റ്റേതരപാർട്ടികളുടെ വിമർശനപ്രമേയങ്ങൾ നടപ്പിൽ വരുത്തുകയും പ്രതിവിപ്ലവശക്തികളേയും, പ്രവണതകളേയും ഉരിക്കുകയും ചെയ്ത കൊറിയായിലേയും, ഭൂചൈനയിലേയും അമേരിക്കൻ അധിനിവേശങ്ങളെ നേരിടുകയും, നിരോധിക്കുകയും ചെയ്ത ബുദ്ധിജീവികളെ ആശയപരമായി പ്രതിവിപ്ലവപ്പെടുത്തുന്ന പ്രസ്ഥാനം ഫലപ്രദമായി അരങ്ങേറിച്ചു. തൽഫലമായി മാർച്ച്സിൻ തത്വസംഹിതകളെ പ്രത്യക്ഷത്തിൽത്തന്നെ വൈരുദ്ധ്യം പ്രകടമായിക്കാണുന്ന പുതിയ ജനാധിപത്യത്തിന്റെ സിദ്ധാന്തങ്ങളെ ആദ്യം ഇന്നത് പ്രോദ്ഘാടനം ചെയ്യപ്പെടാതായിട്ടുണ്ട്. വ്യാവസായികോൽപാദനവും, കാർഷികോൽപാദനവും, ശ്രദ്ധനീയമായ നിലയിൽ വർദ്ധിപ്പിക്കുകയും ദേശീയ ധനനിലയും സാമ്പത്തിക സംവിധാനവും സുസ്ഥിരമായ അടിസ്ഥാനത്തിൽ ഉദ്ഘാടനപ്പെടുത്തുകയും ചെയ്ത സാധനവില സുസ്ഥിരമായി ജീവിതനിലവാരം ഉയർത്തപ്പെട്ടു.

ഈ വസ്തുതകളെല്ലാം ജനങ്ങളുടെ ഉജ്ജീവനത്തിന്റെ നിലവാരം ഉയർത്താൻ പ്രേരിപ്പിക്കുകയുണ്ടായി. ചൈനീസ് പീപ്പിൾസ് പൊളിറ്റിക്കൽ കൺസൽട്ടേറ്റീവ് കോൺഫറൻസിന്റെ പൊതുപരിപാടിയിൽ പതിനാലാംവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ജനകീയകോൺഗ്രസ്സുകൾ വിളിച്ചുകൂട്ടുന്നതിനുള്ള സാഹചര്യങ്ങൾ സമാഗതമായി. ആദ്യത്തെ മൂന്നുകൊല്ലക്കാലം കൺസൽട്ടേറ്റീവ് കോൺഫറൻസുകളിൽ ലക്ഷ്യോപലക്ഷം ജനങ്ങളാണ് പങ്കെടുത്തിരുന്നത്. ഇതുപയോഗിച്ച് പ്രവിശ്യകളിലേയും, നാഷണൽ മൈനോറിറ്റികളിലേയും, എണ്ണമറ്റ പതിനായിരക്കണക്കിനായ കൗണ്ടികളിലേയും, രണ്ടുലക്ഷത്തി എൺപതിനായിരം ടൗണ്ഷിപ്പുകളിലേയും ഡെപ്യൂട്ടിമാരിൽ എൺപതുശതമാനവും നേരിട്ടോ, അല്ലാതേയോ തെരഞ്ഞെടുക്കപ്പെട്ടതും വോട്ടവകാശം സാർവ്വത്രികമാക്കുന്നതിനുള്ള എല്ലാ പന്ഥാവുകളും അങ്ങനെ ഉറക്കപ്പെട്ടു. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ പീപ്പിൾസ് കൺഗ്രസ്സ് വിളിച്ചുകൂട്ടുന്നതും പ്രസ്തുത സമ്മേളനം ഒരു ഭരണഘടന എഴുതിയുണ്ടാക്കുന്നതും ആണ്. കോൺഗ്രസ്സ് പഞ്ചവത്സരപരിപാടികൾ അംഗീകരിക്കും. കേന്ദ്ര ജനകീയ ഗവൺമെന്റിലേ അംഗങ്ങളെ തിരഞ്ഞെടുക്കും നിയമപ്രകാരം വോട്ടവകാശം നിഷേധിക്കപ്പെട്ടിട്ടുള്ള വർക്കൊഴിച്ച് എല്ലാവർക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാം. സ്ത്രീപുരുഷവ്യത്യാസത്തിനേർയോ, മതത്തിനേർയോ സ്വത്തുടമയുടേയോ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും ഉണ്ടായിരിക്കയില്ല

ചൈനയിലെ വിവിധജനാധിപത്യവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ചൈനീസ് പീപ്പിൾസ് പൊളിറ്റിക്കൽ കൺസൽട്ടേറ്റീവ് കോൺഫറൻസുകൾ ഒരു പൊതുപരിപാടി എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. മുതലാളിത്തരാജ്യങ്ങളിലെ താല്ക്കാലികഭരണഘടനകൾക്ക് സമാന്തരമായിട്ടുള്ളതാണ് ഈ പൊതുപരിപാടി. ഭരണഘടനയുടെ അവസാനരൂപം പീപ്പിൾസ് കോൺഗ്രസ്സ് അംഗീകരിക്കുന്നതുവരെ ഈ പൊതുപരിപാടി പ്രാബല്യത്തിലിരിക്കും. താല്ക്കാലിക ഭരണഘടനയുടെ പ്രവർത്തനത്തിൽ പ്രയോഗക്ഷമമായിത്തെളിയുന്ന എല്ലാ നല്ല സമ്പ്രദായങ്ങളും ഭരണഘടനയുടെ അവസാനരൂപത്തിൽ ഉൾക്കൊള്ളിക്കുന്നതായിരിക്കും. പീപ്പിൾസ് കോൺഗ്രസ്സിന്റെ സമ്മേളനത്തിനു ശേഷവും കോൺസൽട്ടേറ്റീവ് കോൺഫറൻസ് നിലനിൽക്കുന്നതും സമൂഹത്തിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ പുലർത്താൻ ഉപയോഗിക്കപ്പെടുന്നതുമാണ്. പീപ്പിൾസ് കോൺഗ്രസ്സിന്റെ സമ്മേളനത്തിനു ശേഷം, കൺസൽട്ടേറ്റീവ് കോൺഫറൻസിനു അതിന്റെ നിയമനിർമ്മാണചുമതലകൾ നഷ്ടപ്പെടുന്നതാണ്, എങ്കിലും കൺസൽട്ടേറ്റീവ് സമ്പ്രദായം വളരെയധികം പ്രയോജനകരവും ഫലപ്രദവുമാണെന്നു തെളിഞ്ഞിരിക്കയാൽ, എല്ലാ വിഭാഗ

(ശേഷം 32-ാംപേജിൽ)



അറക്കയ്യോ? നിൽക്കൂ!

★

(കെ. എൽ. കെ. നായർ)

വനിതാവിഭാഗത്തിൽപ്പെട്ട ഒരു വളായതുകൊണ്ടു് കഴമുദിയിലെ വനിതാപംക്തി ഞാൻ പതിവായി വളരെ താല്പര്യത്തോടുകൂടി വായിക്കാറുണ്ടു്. അടുത്തകാലം വരെ കഴമ്പുള്ള ലേഖനങ്ങളും അധികമൊന്നും ഈ പംക്തിയിൽ കാണാൻ സാധിച്ചിട്ടില്ലെന്നു് പറയേണ്ടിവന്നതിൽ സങ്കടമുണ്ടു്. ചോളിയും മുടിക്കെട്ടും സ്നോയും, പൗഡറും ലിപ്സ്റ്റിക്കും മാത്രമാണോ സ്ത്രീകളെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്നു് പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ടു് പക്ഷേ കഴിഞ്ഞ ഒരുലക്കം കഴമുദിയിൽ "കുമാരി" എഴുതിയിരുന്നലേഖനം വളരെ അർത്ഥശൂന്യവും ചിന്തോദ്ദീപകവുമാണു്. ആ ലേഖനത്തിൽക്കൂടി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പ്രശ്നം കുമാരിയുടെതന്നെ ഭാഷയിൽ പറഞ്ഞാൽ "പ്രാതിനിദ്ധ്യ സ്വഭാവമുള്ളതും" അതുകൊണ്ടു് സംസ്ക്കാരമുള്ള ലോകത്തിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ടതുമാണു്.

കുമാരിയുടെ പ്രശ്നമിതാണു്— ഇടത്തരം കുടുംബത്തിൽ ജനിച്ചു് സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരു യുവതി സ്നേഹശീലയായ ഒരു ഭാര്യയാകാനും ഒരു പിഞ്ചുകുഞ്ഞിനെ മാറോടടക്കിപ്പിടിക്കാനുമെല്ലാം അവൾ അത്യധികം ആഗ്രഹിക്കുന്നുണ്ടു്. പക്ഷേ സാമ്പത്തികമായ പരാധീനത അവളുടെ അടക്കാനാകാത്ത അഭിലാഷങ്ങളുടെ മുന്നിൽ ഒരു വിലങ്ങുതടിയായി നിൽക്കുകയാണു്. സ്ത്രീധനംകൂടാതെ അവളെ വിവാഹം കഴിക്കാൻ ആരും തയ്യാറില്ല. അഥവാ കൊടുക്കാനുള്ള പരിതസ്ഥിതി അവൾക്കില്ല; യൗവ്വനം അവളോടു് യാത്ര പറയുകയുമാണു്. ഈ സ്ഥിതിയിൽ മാതാവാകുക എന്നുള്ള അവളുടെ ജന്മോദ്ദേശം ആ അറക്കൈ പ്രയോഗിച്ചു സഫലീകരിച്ചാൽ സംസ്ക്കാരമുള്ളലോകം അവളെ സ്വാഗതം ചെയ്യുമോ?

കുമാരി പറയുന്നവിധത്തിലുള്ള അറക്കൈ (സന്താനലാഭത്തെ മാത്രം ഉദ്ദേശിച്ചു് പുരുഷനെ പ്രാപിക്കുക എന്നതു് ആയിരിക്കുമല്ലോ) പ്രയോഗിക്കുന്നതു് അത്ര ബുദ്ധിപൂർവ്വമായിരിക്കയില്ലെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങനെയൊരു പ്രയോഗം നടത്താതെതന്നെ, സംസ്ക്കാരമുള്ള ലോകത്തിന്റെ ദൃഷ്ടിയിൽ ശരിയായിട്ടു തോന്നുന്ന മാർഗ്ഗത്തിൽക്കൂടിത്തന്നെ അവളുടെ ജന്മോദ്ദേശം സഫലീകരിക്കാമല്ലോ. അഥവാ, അങ്ങനെയൊരു അറക്കൈ പ്രയോഗിച്ചാൽ തന്നെയും പൂർണ്ണമായ ആഗ്രഹനിവൃത്തി വരുമോ? ഒരു മാതാവാകാൻ മാത്രമല്ല, ഒരു പുരുഷന്റെ ആത്മസഖിയാകാൻ കൂടി അവൾ ആഗ്രഹിക്കുന്നുണ്ടു്. ഈ രണ്ടു് അഭിലാഷങ്ങളിൽ ഏതാണു് കൃത്രിമ പ്രധാനമെന്നു ചോദിക്കുന്നതു് "അണ്ടിയോ മുത്തതു് മാവോ മുത്തതു്" എന്നു് ചോദിക്കുന്നതുപോലെ തന്നെയല്ലേ? അപ്പോൾ ആ അറക്കൈ പ്രയോഗിച്ചാലും ഉല്പ്രോധാന്യമുള്ള രണ്ടു് മോഹങ്ങളിൽ ഒന്നുമാത്രമല്ലേ സഫലീകരിക്കാൻ സാധിക്കൂ. അങ്ങനെയാകുമ്പോൾ അവളുടെ ജന്മോദ്ദേശത്തിനു് മാഗികമായ സഫലത്വംമാത്രമല്ലേ കിട്ടുകയുള്ളൂ അപ്പോൾ, തന്റെ ഉദ്ദേശം പൂർണ്ണമായി സാധിക്കാൻ നല്ല മാർഗ്ഗം വേറെയുണ്ടെന്നിരിക്കെ ഇങ്ങനെയൊരു അറക്കൈ പ്രയോഗിക്കുന്നതു് ബുദ്ധിയാണോ? അതിന്റെ ആവശ്യമുണ്ടോ?

മുൻക്രൂരൻ ഒരു സംഖ്യ കോഴകൂടാതെയുള്ള ബന്ധത്തിനു തയ്യാറില്ലാതെ 'അവളെ' ആവശ്യമുള്ള ഒരു മനുഷ്യനെ-ചോരയും നീരുമുള്ള ഒരു തൊഴിലാളിയെ-തന്റെ ജീവിത സഖാവായി അവൾ സ്വീകരിക്കണം. കോഴകൊടുത്തു് ഒരു പണത്തിന്റെ കാവൽനായുടെ അരിവയ്പുകാരിയാകുന്നതിനേക്കാൾ എത്രയോ എത്രയോ അഭികാമ്യമാണു് സ്വന്തം അദ്ധ്വാനത്തിന്റെ ഫലം കൊണ്ടു് അഭിമാനത്തോടു് ജീവിക്കുന്ന ഒരു 'മനുഷ്യന്റെ' ജീവിത സഖിയാവുക.

സമാധാനവും സംതൃപ്തിയും നിറഞ്ഞ ആ വിധത്തിലുള്ള ഒരു ജീവിതം നയിക്കാനാഗ്രഹിക്കാതെ 'കുമാരി'യെ കോഴകൊടുക്കാനുള്ള കഴിവില്ലായ്മയിൽ പരിതപിച്ചു കുന്നതു നിലവിലിരിക്കുന്ന ദുഷിച്ചു നാറിയ സാമൂഹ്യവ്യവസ്ഥിതിയാണു്. നാണയങ്ങളുടേതായ ആ ലോകത്തിൽ നിന്നകന്നു് ഹൃദയമുള്ള 'മനുഷ്യരുടെ' ഇടയിലേയ്ക്കു വരാൻ ആഗ്രഹിക്കാത്തതു് നിശ്ചയമായും ഒരു മുതലാളിത്തമനസ്ഥിതികൊണ്ടായിരിക്കണം കുമാരിയെപ്പോലെ പരശ്ശതം ലലനാലലാമങ്ങളുടെ ആയിരമായിരം അഭിലാഷങ്ങളും മൊട്ടിലേതന്നെ കരിഞ്ഞിഞ്ഞുപോകുവാൻ ഇടയാക്കുന്ന ഈ ദുഷിച്ചു വ്യവസ്ഥിതി മാറണം. മാറിയേതീരൂ നമുക്കതുമാറ്റുകതന്നെവേണം. ഈ വ്യവസ്ഥിതിയുടെ നട്ടെല്ലികരണായുധങ്ങളിൽ സർവ്വപ്രധാനമായ സ്ത്രീധനസമ്പ്രദായം അനന്തമായ ദുരിതങ്ങൾക്കിടവരുത്തുന്ന ഒരു ദുർഭൂതമാണു്. ആ ഘോരപിശാചിന്റെ ഭീകര വിളയാട്ടങ്ങൾക്കു് ഒരുതിരശ്ശീലയിടുവാനുള്ള ധീരമായ ഒരു പ്രസ്ഥാനത്തിന്റെ മാർഗ്ഗദർശിയാകാൻ കുമാരിയെ ആഹ്വാനംചെയ്തുകൊള്ളട്ടെ. കുമാരിയുടെ വീടിനുചുറ്റും തൊഴിലാളികുടുംബങ്ങൾ ധാരാളമുണ്ടാകും. അവയിൽ ചോരത്തിളപ്പുള്ള, നട്ടെല്ലുള്ള, ഹൃദയമുള്ള യുവാക്കന്മാരുമുണ്ടു്. ധൈര്യമായി അവരിലൊരാളെ തന്റെ ജീവിത സമരത്തിലെ പങ്കാളിയായിസ്വീകരിക്കൂ, കുമാരീ! ഇടറാതെ പതറാതെ, നിശ്ചയദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകൂ! കുമാരിയുടെ കാല്പാടുകൾ പിൻതുടരാൻ ഹൃദയമുള്ളയുവതികൾ നിരവധിയുണ്ടാകും.

കുമാരിയെപ്പോലെ സാമ്പത്തിക പരാധീനതയില്ലാത്ത— പണം കൊടുത്തു് ഒരു ഭർത്താവിനെ വാങ്ങാൻ കെൽപുള്ള എന്റെ സഹോദരിമാരോടു്, എനിക്കൊരു ഭൂതാനയുണ്ടു്. പണം കൊടുക്കാൻ കഴിവുണ്ടെങ്കിലും നിങ്ങൾ അങ്ങനെ ചെയ്യാതെ കുമാരിയെപ്പോലെ വിഷമിക്കുന്ന പന്ഥാവിൽക്കൂടി സഞ്ചരിക്കുക അങ്ങനെയാകുമ്പോൾ അദൃശ്യനിയന്താവു് തന്നെ അങ്ങു നിന്നുകൊള്ളും. അനേകം യുവതികൾക്കു് തങ്ങളുടെ യാത്രപറയുന്നയവസരത്തിനു് സർവ്വമംഗളകരമായ ഒരു 'ഒസനോഹ' കൊടുക്കാൻ സാധിക്കുകയും ചെയ്യും.

—

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
„ Last Page	„	100
„ 2nd Page	„	75
„ 3rd Page	„	75
Inner Full Page	„	50
„ Half Page	„	30
„ Pr inch Single Col.	„	2

ചെറുകഥ

★ എഴുതാത്ത കഥ ★

വെള്ളായണി, പലവേഷൻ

ജലദോഷംവന്നാൽ 2 പെഗ്ഗ് ബ്രാൻഡി കുടിച്ചാൽ മതിയെന്ന ഒരു സ്നേഹിതൻ എന്നെ ഉപദേശിച്ചു. അതിൽ കുറച്ചു ആറഞ്ചു സ്പൂൺ ഷുഗർ ഒഴിച്ചു കൊള്ളണം. ബ്രാൻഡിമാത്രം പോര കുറെ ജിഞ്ചർ ചേർക്കണം. ബ്രാൻഡിയും ജിഞ്ചറും ആറഞ്ചുസ്പൂൺ ഷുഗറും ഒരു ഗ്ലാസ് അകത്തു കടത്തുക. ജലദോഷം പറപറക്കും.

ഞാനന്നു ആദ്യമായി കുടിക്കുകയാണ്. കുടി. അയ്യോ അതനാചാരമാണ്. സന്മാർഗ്ഗവിരുദ്ധമാണ് കുടിയന്മാരെ ഞാൻ ചെറുപ്പത്തിലെ വെറുത്തിരുന്നു. വെറുക്കപ്പെടേണ്ടവരുടെ ഒരു ലിസ്റ്റ് അമ്മൂമ്മ പറഞ്ഞു തന്ന കുട്ടത്തിൽ — അംഗുലീയും യക്ഷിയും മാടനും ഉള്ള ലിസ്റ്റിൽ കുടിയനുമുണ്ടായിരുന്നു.

കുടിയൻ! അവനൊരു പിശാചാണ്. അവന്റെ കണ്ണു ചുവന്നിരിക്കും കാലുകൾ ആടിക്കൊണ്ടിരിക്കും ചീത്ത പറയും. അടിക്കും. ഛർദ്ദിക്കും. കഞ്ഞിനിവർക്കും. ഇങ്ങനെ ഭീഭത്സമായ ഒരു രൂപം എന്റെ ഹൃദയത്തിൽ തെളിഞ്ഞു പൊങ്ങി.

ഞാൻ പഠിച്ചുകൊണ്ടിരുന്ന കാലത്തു കുടിയന്മാർ എതിരെ വരുന്നതു കണ്ടു ഭയന്നോടിയിട്ടുണ്ട്. കുഞ്ഞൻപിള്ള എന്റെ നാട്ടിലെപേരുകേട്ട കുടിയനാണ്. മത്തായി, പരമു, പാച്ചുപിള്ള ഇവരൊക്കെ കള്ളുഷാപ്പിൽ കിടന്നുറങ്ങുന്നവരാണ്!

അപ്പോൾ ഞാനൊരു കുടിയനാണോ? അല്ല അല്ല. ഞാനൊരു മദ്യദ്വേഷിയാണ്. പച്ചപ്പരമാർത്ഥി. മരുന്നിനുവേണ്ടി രോഗശമനത്തിനുവേണ്ടി കുടിക്കേണ്ടിവന്നതാണ്.

അന്നു രാവിലെനേരം ഞാൻ കന്റീനിൽ (Cunteen) ചെന്നു. എന്റെ മുമ്പിൽ മൂന്നു ഗ്ലാസുകളും നിറഞ്ഞ ബ്രാൻഡി, ജിൻ, സ്കോച്ച്. ഞാൻ കുടിച്ചുതുടങ്ങിയപ്പോൾ എന്റെ ഉള്ളംകാലിൽനിന്നു ഒരു കിരുകിരുപ്പ് ഉയർന്നു മേലോട്ടരിപാഞ്ഞു. എന്റെ തൊണ്ടയും കുടലും ചുരുങ്ങിച്ചുരുങ്ങി വരുന്നതുപോലെതോന്നി.

കുറെക്കുടി കുടിച്ചു. ഹായ്! ഒരു രസം! ലോകമൊക്കെ രസമുള്ളതായിതോന്നി. മദ്യത്തിന്റെ ലഹരി തലയ്ക്കുകയറി.

രണ്ടുപെഗ്ഗില്ല കുറെ അധികം അന്നകുടിച്ചുപോയി.

ഞാൻ കൻറീനിൽനിന്നു വെളിയിലിറങ്ങി. പ്രകൃതി നീണ്ടുനിവർന്നു കിടക്കുകയാണ്. മണി എട്ടുകഴിഞ്ഞു ഒരു നടക്കാൻതോന്നി. എന്റെ താമസസ്ഥലത്തിന്റെ പുറകുവശം ഒരു മൈതാനമാണ്. അതിലൂടെ ഒരു നടക്കുക തന്നെ.

മദ്യത്തിന്റെ ലഹരി മിനിട്ടുകൾ കഴിയുന്തോറും വർദ്ധിച്ചുവന്നു. അപ്പോൾ ഞാനോർത്തു തെങ്ങിനു വേലചെയ്യുന്ന മുനിചാലിനെപ്പറ്റിയാണ്. മുനിചാൽ! ഒരു നല്ല മനുഷ്യനാണവൻ 65 വയസ്സായിട്ടും ഇപ്പോഴും ഷൗഖുള്ളവനാണു. ബ്രഷ്ഷ് കൈയിലെടുത്തു ശക്തിപൂർവ്വം ഇടതുകയ്യിലിരിക്കുന്ന ഷൂസു തേയ്ക്കുന്നതു കാണണം ഒരു ജോടി ഷൂസിൽ അവൻ 5 മിനിട്ടു പണി ചെയ്തു കഴിയുമ്പോൾ അതു സാധനം കണ്ണാടിപോലെ മിന്നും.

10 പേർ ഒന്നിച്ചു താമസിക്കുന്ന ആ ബാറക്കിൽ മുനിചാൽ കാലത്തു 5 മണിക്കു വരും. ക്ലാസുകളിൽ വെള്ളം നിറയ്ക്കും. പല്ലുതേയ്ക്കാനും മുഖംകഴുകാനും അവൻ രണ്ടു മുന്നു പാത്രങ്ങളിൽ വെള്ളം നിറച്ചു വയ്ക്കും. ബെഡ്ഡ് ശരിപ്പെടുത്തും കമ്പിളികളും ബെഡ്ഷീറ്റുകളും മംശിയായി മടക്കി അടുക്കിവയ്ക്കും കണ്ടോ 65 വയസ്സുകാരന്റെ പ്രയത്നശീലം. 10 പേർക്കു എല്ലാ പരിചരണങ്ങളും അവൻ ചെയ്യുന്നു.

ഞാൻ ഒരു ദിവസം പുല്ലു തിന്നുന്ന മനുഷ്യനെക്കണ്ടു. മുനിചാൽ പുല്ലുതിന്നുകയാണ്. ബാരക്കിന്റെ ചുറ്റുമുള്ള ചെടികളുടെ ഇലകളും മൂടുവായ പുൽത്തലിരും അവൻ പറിച്ചു തിന്നുന്നു. വിശന്നിട്ടാണ്. മുനിചാലിനു വിശക്കുന്നു. ഞങ്ങൾക്കു മെസ്സിൽനിന്നു ചോറുകിട്ടും. പക്ഷേ അവനോ?

പലപ്പോഴും ഞാൻ പൂരിയും ചായയും കൊണ്ടുവന്നു അവനുകൊടുത്തിട്ടുണ്ട്. പാവപ്പെട്ട മനുഷ്യൻ

ഞാൻ നടക്കുന്തോറും മദ്യത്തിന്റെ ശക്തി വർദ്ധിച്ചുവന്നു. എന്റെ യൗവ്വനം പത്തുവയസ്സു താഴോട്ടു പോയി ഞാൻ-അപ്പോൾ രാത്രിയുടെ ആരംഭത്തിൽ പതിനെട്ടാമത്തെ വയസ്സിൽ ചൊന്നനിന്നു ഏകാന്തതമനുഷ്യനെ പലതും ചിന്തിപ്പിക്കുന്ന ഒന്നാണ് എന്റെ ഹൃദയകുടം ശക്തിയായി തുടിക്കുന്നു. തണുപ്പുകാലമായതിനാൽ ഞാൻ രണ്ടു കയ്യും പാൻറിന്റെ പാക്കറ്റിൽ ഇട്ടു.

തണുക്കുന്നു. എന്തൊരു തണുപ്പ്! വടക്കേഇൻഡ്യയിലെ ശീതത്തിന്റെ മെഞ്ചിലൂടെ ഞാൻ നടക്കുകയാണ്. തനിച്ചുനടക്കാൻ മടിതോന്നി. ഒരാൾകൂടിയുണ്ടെങ്കിൽ. ഒരാളെന്നുവച്ചാൽ ഞാൻ സ്നേഹിക്കുന്ന ഒരു സ്ത്രീകൂടെ ഉണ്ടെങ്കിൽ എന്നാണ് വിവക്ഷിക്കുന്നതു.

സ്ത്രീ എന്തൊരു കുളിർമയുള്ള വാക്ക്! ചന്ദ്രനും സൂര്യനും പൊട്ടുന്ന ഭ്രമിയിൽനിന്നു മറയുന്നുവെന്നു വിചാരിക്കുക അതായതു സൂര്യനും ചന്ദ്രനും എത്തിനോക്കാത്തദിനരാത്രങ്ങൾ ഉണ്ടാവുന്നുവെന്നു വിചാരിക്കുക അപ്പോൾ സ്ത്രീകളാണ ലോകത്തിനു വെളിച്ചംനൽകുന്നതു സ്ത്രീകൾ അതുകൊണ്ടു നല്ലവരാണ്. ഞാനവരെ ബഹുമാനിക്കുന്നു.

ഇരുട്ടുമുതിനാൽ അധികം നടക്കാൻതോന്നിയില്ല. ബ്രാൻഡിയും ജിഞ്ചറും അകത്തുകിടന്നു മറിയുകയാണ്. ആ പുൽത്തകിടിയിൽ ഒന്നിരിക്കാമെന്നു വിചാരിച്ചു.

കുറച്ചുനേരമിരുന്നപ്പോൾ എഴുന്നേൽക്കണമെന്നുതോന്നി. അതു രോഗമുണ്ടാക്കുന്നു. ആ ശ്രമം അടുത്തുവന്നു.

മുനിചാലിന്റെ മകനെ!

അവളെന്റെ അടുത്തുവന്നപ്പോൾ ഞാൻ അവിടെ എന്തിനിരുന്നുവെന്നു അവൾ എന്നോടു ചോദിച്ചു. അവളെന്നെ അറിയും. അവളുടെ ബാരക്കും അതിന്റെ അറ്റത്തുള്ള എന്റെ മുറിയും ദിവസവും കാണുന്നതാണ്.

ശീലയ്ക്കു 14 വയസ്സു പ്രായമുണ്ട്. അവളെ കാണാനഴകുണ്ട്. കൈയിൽ വളകളുണ്ട്. തടിച്ചിട്ടല്ലെങ്കിലും പ്രായത്തിൽ കവിഞ്ഞ വണ്ണം. അവളെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തുകയാണ്. ശീല സുന്ദരിയാണ്.

"നീ എവിടെനിന്നു വരുന്നു?" എന്റെ മദ്യം അവളോടു ചോദിച്ചു.

"ഞാൻ കടയിൽ പോയിട്ടു വരുന്നു ഉപ്പും മുളകും വാങ്ങാൻ പോയി"

"ശീലേ ഞാൻ പഠിപ്പിച്ചുതന്ന പാട്ടുകൾ വല്ലതും നിനക്കോർമ്മയുണ്ടോ?"

അവൾ പാടാൻ ഒരുക്കമാണ്. പ്രകൃതി മനോഹരമായി നിൽക്കുന്നു. അരിവാരിയിട്ടതുപോലെ ആകാശം നിറയെ നക്ഷത്രങ്ങളും ആനന്ദം ആനന്ദം.

"ചുപ് ചുപ് ഖടേഹോ മുർഗ്ഗി കോയി ബാഹർഹേ?"

ശീല പാടാൻതുടങ്ങി. എന്റെ റേഡിയോ മുളിയിരുന്ന ഒരു ഗാനമാണതു.

അവൾ മുഴുവൻ പാടിത്തീർക്കുന്നതിനുമുമ്പു ഞാൻ അവളെ കടന്നുപിടിച്ചു ആ വിരലുകൾ സ്പർശിച്ചുപ്പോൾ - എന്റെ ലഹരി ഒന്നുകൂടി വർദ്ധിച്ചു.

ഞാനവളെ കെട്ടിപ്പിടിച്ചു ഉമ്മവച്ചു.

തള്ളുകാരിപ്പെണ്ണ്.

അവൾ അനങ്ങുന്നില്ല വിളഞ്ഞപുഷ്പമിയാണവൾ! ഒരു പരുന്തുകുട്ടിയുടെ അനുസരണശീലത്തോടെ അവൾ എന്റെ ദേഹത്തു ചേർന്നുനിന്നു തണുപ്പുകൊട്ടയിരിക്കുകയാണ്. എന്റെ വയറിൽ കിടക്കുന്ന മദ്യം ഇപ്പോൾ തലച്ചോറിലും ഞരമ്പുകളിലും കടന്നുകുടിയിരിക്കുകയാണ്.

ശീല ഒരക്ഷരം മിണ്ടിയില്ല. അവളെ ഞാൻ കെട്ടിപ്പിടിച്ചുമ്മവച്ചും ഇഷ്ടമയിതന്നിരിക്കണം നല്ലപെണ്ണ് "പെണ്ണെ ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്റെ ബ്രാൻഡി അവളോടു പറഞ്ഞു.

ഞാനും അവളും ആ പുൽത്തകിടിയിൽഇരുന്നു അവിടം വിട്ടെന്നും മിണ്ടുന്നില്ല. ഞാൻ പറഞ്ഞു.—"ശീലേ നീ നല്ലകുട്ടിയാണ്"

ഇംഗ്ലീഷ് വ്യാകരണ പ്രവേശിക

ഇംഗ്ലീഷ് വ്യാകരണം മലയാളത്തിൽ

ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ ഒരേ ഒരു പുസ്തകം. തെറ്റുകൂടാതെ ഭാഷ കൈകാര്യം ചെയ്യാൻ പഠിക്കാം. വില തപാൽ ചാർജ് രണ്ടര രൂപാ 10 അണ.

ഇംഗ്ലീഷ് മലയാളം നിഘണ്ടു പദങ്ങളും, ശൈലികളും, പ്രയോഗവിശേഷങ്ങളും എന്നിവയുടെ നാനാർത്ഥത്തോടുകൂടിയും അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും തർജ്ജമക്കാർക്കും എന്നുവേണ്ട ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാ മലയാളികൾക്കും അത്യാവശ്യമായ ഒരു ഗ്രന്ഥം ഇതാ, 600 പുറം. മുഴുകാഡിക്കോ രണ്ടൻഡ്. വില തപാൽ 6. തപാൽചാർജ് ചാർജ് 1

വിദ്യാധിരാജൻ ബുക്ക് ഡിപ്പോ
പഴവങ്ങാടി (K. W

USHA

അത്യുച്ചസ്ഥിതിയിലെത്തി ഞാനവളെ ഒന്നുകൂടി കെട്ടിപ്പിടിച്ചു. അവളുടെ മുഖത്തിലും കവിളിലും കണ്ണിലും ഞാൻ തെരുതെരെ ചുംബിച്ചു.

അവളൊന്നും മിണ്ടിയില്ല. ഞാൻ മൂന്നാമതും കെട്ടിപ്പിടിച്ചു. അപ്പോൾ കവിളിൽ ഞാൻ ചുണ്ടമർത്തി. മാംസളമായ കവിളുകളിൽ ഞാൻ.... അവസാനം.... ആ കവിളിൽ ഒന്നുകടിച്ചു.

"മാ....വേരിഗുഡ്....." അവൾ നിലവിളിച്ചു. "ബാബുജി മുഖത്തോട് തോ' എന്റെ പിടിവിട്ടുവിച്ചു അവൾ ഓടിമറഞ്ഞു.

ഞാൻ തിരിച്ചു ബാരക്കിലേക്കു ചെന്നപ്പോഴും മദ്യത്തിന്റെ ശക്തി കുറഞ്ഞുതുടങ്ങി. അതായതു ഞാൻ കുറേശ്ശകുറേശ്ശ കാര്യബോധത്തിലേക്കു വരികയാണ്. ഞാനെന്താണു ചെയ്തതു? മുറിയിൽ വന്നു കൊതുകുവലയ്ക്കകത്തു കയറി. കമ്പിളികൊണ്ടു തലവഴിമൂടി, എല്ലാം മറക്കണം. കണ്ണടയ്ക്കണം. ഇതുലോകം ഒന്നു നശിച്ചെങ്കിൽ അല്ലെങ്കിൽ—ലോകമല്ല ഞാനാണു നശിക്കേണ്ടതു്. ലോകത്തിനു യാതൊരു തരക്കേടുമില്ല. നേരം വെളുക്കാതിരുന്നെങ്കിൽ ഞാനെന്താണു ചെയ്തതു്? ഞാൻ ശീലയെ ഉപദ്രവിച്ചു.

അവളെ ചുംബിച്ചതെന്തിനാണു്? വാൽസല്യംകൊണ്ടായിരിക്കണം. എനിക്കു 9 വയസ്സുള്ള ഒരു മകളുണ്ടു്. പക്ഷേ ഞാൻ മകളെ ഒരിക്കലും എല്ലാവരുടേയും മുമ്പിൽവച്ചാണു ചുംബിക്കുക. ഞാൻ ശീലയെ ചുംബിച്ചതു അതുപോലുള്ള സ്ഥലത്തുവച്ചാണു്. രാത്രിയിലാണു്. എങ്കിലും എന്റെ മകൾക്കും ശീലയ്ക്കും പ്രായത്തിനു വലിയ വ്യത്യാസമില്ല. കൂടാതെ പതിനാലും മറ്റൊരാളുത്തിനു ഒൻപതും.

ലീല! ഞാൻ ചോരനീരാക്കി വളർത്തിയെടുത്ത മകൾ! അവൾ ഇപ്പോൾ എന്റെ നാട്ടിൽ അമ്മയുടെ അടുത്തുകിടന്നുറങ്ങുകയായിരിക്കും.

ലീലയും ശീലയും
ശീലയും ലീലയും.

ഒരു വ്യർത്ഥമനുഷ്യസ്നേഹിയുടെ മനസ്സിൽ എന്റെ ചിന്ത ചെന്നു നിന്നു. എനിയ്ക്കൊന്നും മനസ്സിലാകുന്നില്ല. ചിന്ത തകർന്നു തലയ്ക്കു ഭാരം വന്നു. അധികം ആലോചിച്ചതുകൊണ്ടായിരിക്കണം. ക്രൂരതെ—ഞാൻ ജലദോഷം പിടിച്ചു കിടക്കുകയുമാണല്ലോ!

മണിരണ്ടായി. ഞാൻ അപ്പോഴും ഉറങ്ങിയിട്ടില്ല. എന്താണു ഞാൻ ചെയ്തതു്. ഞാനൊരു പെൺകുട്ടിയെ ചുംബിച്ചു. അതൊരു തെറ്റാണോ? പെണ്ണിനെ ആരും ചുംബിക്കുന്നു.

പക്ഷേ ഞാൻ അവളുടെ കവിളുകളും മുറിപ്പെടുത്തി-ക്രൂരതകൻ എന്റെ മദ്യം ചെയ്ത പണികളാണിതു് ഉത്തരവും വരുത്തിവച്ചതു്—അബ്രാൻഡിയാണു്.

ഞാനിനി ഈ ജന്മം കുടിക്കുകയില്ല. ഞാനവളെ എന്തിനു ചുംബിച്ചു? അവളെ ഞാൻ എന്റെ മകളായി വിചാരിച്ചു ചുംബിച്ചു. വാത്സല്യമാണു എന്റെ ചുംബനത്തിനു പ്രേരകം. 29 വയസ്സായ എനിക്കു അങ്ങനെ ഒരു മകളുണ്ടാവുമോ എന്ന കാര്യമാണു അടുത്തു ചിന്തിക്കേണ്ടതു്. ശീലയ്ക്കു 14 വയസ്സുണ്ടു്. 29-ൽനിന്നു 14 കുറച്ചുനോക്കുക. അപ്പോൾ എന്റെ പതിനഞ്ചാമത്തെ വയസ്സിൽ ഒരു പെൺകുട്ടി ജനിക്കണം. സാധ്യമല്ല. അപ്പോൾ അവളെന്റെ മകളല്ല.

ശീല എന്റെ മകളല്ല.

ശീല എന്റെ മകളല്ലാത്ത പെണ്ണാണു്. അങ്ങനെയുള്ള ബന്ധത്തിനു—എന്നെ ചുംബിക്കാൻ പ്രേരിപ്പിച്ച ബന്ധത്തിനു പ്രേമമെന്നു പേരിട്ടുകൂടാ. കാരണം ഞാൻ വിവാഹിതനാണു്. ഞാനവളെ പ്രേമിച്ചുകൂടാ. പിന്നെ എന്താണു എന്നിൽ ആ രാത്രി ഉയർന്നുപൊങ്ങിയ വികാരം? അതു സ്ത്രീയോടു തോന്നിയ ബഹുമാനമാണു്. പക്ഷേ ബഹുമാനം മുദ്രിതമാകുന്നതു ചുംബനംകൊണ്ടാണോ?

ആവാം. ബഹുമാനം ചുംബനം കൊണ്ടു വ്യക്തമാക്കാം. ചില രാജ്യങ്ങളിൽ അതു സമ്പ്രദായം ഉണ്ടു്.

അതേ—ഞാൻ ശീലയെ ബഹുമാനിക്കുന്നു പക്ഷേ ഞാൻ..... അതു ചെയ്യേണ്ടിയിരുന്നില്ല. കുടിച്ചതുകൊണ്ടു ചെയ്തുപോയതാണു്.

ഇനി ഞാൻ ഈ ജന്മം കുടിക്കുകയില്ല.

ആ രാത്രി വല്ലവിധവും അവസാനിച്ചു. പിറ്റേദിവസം ഞാൻ ഉണർന്നില്ല. കണ്ണുതുറക്കാൻ തോന്നിയില്ല. കുട്ടകാരൊക്കെ എണീറ്റു ജോലിക്കു പോയി. എന്റെ കൊള്ളരുതായ്മകളും മറഞ്ഞുനിന്നു കണ്ടിട്ടുകാണും തെളിയിക്കാനെന്നവണ്ണം വെന്നിയ സൂര്യൻ ഉദിച്ചുപൊങ്ങി. എന്റെ കൊതുകുവല എന്നിട്ടും താഴ്ന്നുകിടക്കുകയാണു്. ഞാൻ ഉറങ്ങുന്നു! ജോലിക്കുപോകുന്നില്ല സുഖമില്ലെന്നുപായാൻ ഒരാളിനെ ഏർപ്പാടുചെയ്തു.

മുനിലാൽവന്നു. പുല്ലുതിന്നാറുള്ള മനുഷ്യനാണെന്നു തോന്നിപ്പോയി.—

'സാബ്—എന്താണു ജോലിക്കു പോകാത്തതു്?'

"എനിക്കു സുഖമില്ലെടാ. ജലദോഷമാണു്."

അവൻ വ്യസനിക്കുന്നു. ഞാൻ മാംസംതോറും 5 രൂപ അവനു കൊടുക്കുന്നുണ്ടു്. അതുകൊണ്ടു അവന്റെ മുഖം വാടി. അവൻ എന്നെ നോക്കിപ്പറഞ്ഞു:—

"സാബ്, ജലദോഷത്തിനു ഒരു നല്ല മരുന്നുണ്ടു്. കാലിമിരിയും (കുരുമുളകു്) സുന്തും (ചുക്കു്) രണ്ടും കൂടി പൊടിച്ചു വെള്ളത്തിലിട്ടു തിളപ്പിച്ചു കുറച്ചു വാറ്റിച്ചു കുടിക്കണം. രണ്ടുനേരം കുടിക്കുമ്പോൾ ജലദോഷം പമ്പകടക്കും.

"ശീലയെവിടെ?"

ഞാൻ ചോദിച്ചു. "സാബു്—അവൾക്കു സുഖമില്ല. ഇന്നു അവളെ അടിച്ചുവാരാൻ വരില്ല. അവളെ ഇന്നലെ രാത്രി വഴിക്കുവച്ചു ഒരു വിഷപ്പക്ഷി കടിച്ചു. കവിളിലാണു്. കുറെയധികം മുറിഞ്ഞിട്ടുണ്ടു്.

ഞാൻ കൊതുകുവല ഒന്നുകൂടി ശരിയാക്കി കമഴ്ന്നു കിടന്നു. കണ്ണിൽ നിന്നു ധാരധാരയായി ജലമൊഴുകുന്നുണ്ടു്. ശീല ഒരു കൊച്ചു മിടുക്കിയാണു്. അച്ഛനോടവൾ കള്ളം പറഞ്ഞിരിക്കുന്നു. സ്നേഹമുള്ള പെണ്ണു്.

അന്നു വൈകുന്നേരവും ഞാൻ കുളിച്ചൊരുങ്ങി കുറെ ബ്ലേഡ് വാങ്ങാൻ കൻറീനിൽ പോയി. അവിടെ പലതും ഇരുന്നു കുടിക്കുന്നു. "ഒഴിക്കണം ഒഴിക്കണം" എന്നൊരുത്തൻ "കഴിയ്ക്കണം കഴിയ്ക്കണം" എന്നു വേറൊരുത്തൻ. ഇങ്ങനെ ആ ഹാൾ ആകപ്പാടെ ഴകാരമയമാണു്. ശബ്ദമേയമാനമാണു്. എല്ലാം മായാലോകമാണു് ഞാനെന്തിനു കുഞ്ഞൻ പിള്ളയെ കുറ്റം പറയുന്നു? വിദ്യാഭ്യാസം ഉണ്ടെന്നു പറയുന്ന എന്റെ പല സ്നേഹിതന്മാരും ഇന്നു കുടിക്കുകയാണു്. ശബ്ദം മുഴുവൻ മദ്യത്തിന്റെ മയക്കത്തിൽ ചെന്നു വീണതകരുന്നു.

പക്ഷേ ഞാനൊരുദിവസം കുടിച്ചു. മരുന്നിനുവേണ്ടി കുടിച്ചുപോയതാണു്. ആ രാത്രി ഞാൻ മരിക്കുകയില്ല.

ശീലേ, നിന്നെ ഞാൻ നൊന്തപ്പെടുത്തി.

അഴകുള്ള പെണ്ണേ, ഞാനിതാ കുമുദിയിലൂടെ എന്റെ വ്യസനം രേഖപ്പെടുത്തുന്നു.

ഇല്ല—ഞാൻ ഈ ജന്മം കുടിക്കുകയില്ല.

— —

★ അംബാപ്രസാദ് സൂഫി ★

★

ക്ഷേത്രസ്വീയായ ഒരു മഹാൻ

1858-ലെ ഒരു ശുഭദിനത്തിൽ മുഷിക്കാബാദ് നഗരത്തിലെ ഒരു സാധാരണ കുടുംബത്തിൽ അംബാപ്രസാദ് സൂഫി ജനിച്ചു. പുത്രബുദ്ധികൊണ്ടുണ്ടാകേണ്ട ആനന്ദാതിരേകത്തിനു പകരം, വലംകയ്യില്ലാതെ പിറന്ന ശിശുവിന്റെ രോഗിയെ സംബന്ധിച്ചുള്ള ഉൽക്കണ്ഠയാണ് മാതാപിതാക്കൾക്കുണ്ടായത്. സഹസ്രബാഹുവിനും അസാധ്യമായ കാര്യങ്ങളും അതുകയ്യില്ലാത്ത ബാലന് ചെയ്തീർക്കുവാൻകഴിയുമെന്ന് അന്ധമാതാപിതാക്കൾപോലും സന്ദേഹിച്ചിരുന്നില്ല.

ഒരു കയ്യില്ലാത്ത സൂഫി ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു പഠിക്കാൻതുടങ്ങിയതു് എല്ലാവർക്കുമതീവ നേരമ്പോക്കിനു കാരണമായിത്തീർന്നു. ഏന്നാൽ കുറച്ചുദിവസങ്ങൾക്കുള്ളിൽ സ്വന്തം പ്രതിഭാവിശേഷംകൊണ്ട് അതുകുട്ടി കൈയുകുത്തിന്റെ സ്ഥാനത്തു് ശ്രദ്ധയും ആദരവും അർഹിക്കുവാൻ തുടങ്ങി. മൂർഷിക്കാബാദ്, ബറേലി, ജലന്ധർ എന്നീ മിഷനുകളിലെ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ പഠിച്ചു് എഫ്. എ. പാസ്സായശേഷം സൂഫി നിയമപരീക്ഷയ്ക്കുണ്ട് ചേർന്നതു്. അതിൽ അദ്ദേഹം പ്രശംസനീയമായ വിധം വിജയിച്ചു അഭിഭാഷകന്മാർ അപൂർവമായിത്തന്നെ അക്കാലത്തു് ഉദ്യോഗമുഖേന സൂഫി അളവില്ലാത്ത സമ്പാദ്യം നേടുമെന്നായിരുന്നു എല്ലാവരും കാത്തിരുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ പ്രവൃത്തി അവരെയെല്ലാം അത്ഭുതാധീനരാക്കി. ന്യായാധിപക്കു ധീരതയെണ്ടായിരുന്നു് സത്യാസത്യങ്ങളെ നിർണ്ണയിക്കേണ്ടിവരുന്നതിൽക്കവിഞ്ഞ മറ്റൊരുകേസും സദ്പ്രവൃത്തികൾക്കായി സ്വന്തം ബുദ്ധിയും ശ്രദ്ധയും വിനിയോഗിക്കാനതകരമെന്നദ്ദേഹം വ്യക്തമാക്കി.

രാഷ്ട്രീയ പ്രവർത്തനത്തിനു് ഒരു ഉപകരണായുധമായി സൂഫി ആദ്യമായി സ്വീകരിച്ചതു് തൂലികയാണു്. ഉദ്ദേശപത്രങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങളും സാധാരണയായി വരുവാൻ തുടങ്ങി. ക്രമേണ സുഹൃജ്ജനങ്ങളുടെയെന്നപോലെ പൊതുജനങ്ങൾക്കിടയിലും അദ്ദേഹം പ്രശസ്തനായിത്തീർന്നു. നാട്ടുവഴികളായ വലിയ പ്രഭുക്കളും രാജാക്കന്മാരും കൂടി ഈ പ്രതിഭാശാലിയായ യുവാവിനെ സ്വാധീനിക്കുവാൻവേണ്ടി നിരന്തരയത്നം ചെയ്തു.

അക്കാലത്തു്, വിദേശീയ ഭരണത്തിൻ കീഴിൽ നാട്ടുരാജാക്കന്മാർ അനുവേക്കേണ്ടി വന്നിരുന്ന ഏതൊരവസ്ഥയും ജനങ്ങൾ സ്വന്തം മാനാവമാനങ്ങളായി പരിഗണിച്ചുപോന്നിരുന്നു. സാധാരണജനങ്ങളല്ല, പണ്ഡിതന്മാരായ മഹാന്മാർപോലും സ്വാതന്ത്ര്യത്തിന്റെയും സ്വാധീനതയുടേയും മാനമണ്ഡമായി അതിരിച്ചിരുന്നതും ഇംഗ്ലീഷുകാരെ തന്നെയായിരുന്ന ജനങ്ങളുടെ അശയും വിശ്വാസവുമെല്ലാം സ്ഥിതിചെയ്തിരുന്നതും ഇവരിൽ തന്നെയായിരുന്നു. എന്നാൽ ഈ നാട്ടുരാജാക്കന്മാരോ സാമന്തപ്രഭുക്കളോ നാട്ടിനേറെയോ നാട്ടാരുടേയോ നന്മയ്ക്കോ സ്വാതന്ത്ര്യത്തിനോ വേണ്ടി ഒന്നും ചെയ്യുന്നവരല്ലെന്നും, അധികാരമോഹംകൊണ്ടുള്ള സ്വാർത്ഥമാത്രമാണവർക്കുള്ളതെന്നും സൂഫി ക്രമേണ മനസ്സിലാക്കി. ഈ സത്യാവസ്ഥ അനുഭവപ്പെട്ടതോടുകൂടി അദ്ദേഹം തികച്ചും അവരിൽ നിന്നകന്നു്, സാമാന്യജനതയോടു കൂടുതൽ അടുക്കുകയും സ്വന്തം ആശയങ്ങളേയും വിശ്വാസങ്ങളേയും അവരിൽ പകർത്തുവാൻ ശ്രമിക്കയും ചെയ്തുതുടങ്ങി. കാശ്മീർ, ജോധ്പൂർ മുതലായ രാജ്യങ്ങളിൽ ഇംഗ്ലീഷുകാർ നടത്തിപ്പോന്നിരുന്ന അക്രമങ്ങളെ അംബാപ്രസാദിന്റെ തൂലിക ധീരമായവിധം ചെറുക്കുകയും അങ്ങനെ ഇംഗ്ലീഷുകാരുടെ വിദ്വേഷം സ്വയം ആർജ്ജിക്കുകയും ചെയ്തു.

സൂഫിയുടെ സ്വന്തം പരിശ്രമത്തിൽ 1890-ൽ മൂർഷികാബാദിൽനിന്നു് "ജാമുവൽ ഉലൂം" എന്ന ഒരു പ്രതിവാരപത്രത്തിന്റെ പ്രസിദ്ധീകരണമാരംഭിച്ചു ഇതിലെ ഹാസ്യരസപ്രധാനങ്ങളായ ഉള്ളടക്കങ്ങളും ചാരത്തിൽപൊതിഞ്ഞ തീക്കനലുകൾപോലെയായിരുന്നു. അന്നത്തെ അപഭ്രംശമായ നിലയിൽപോലും, അരുമാത്രം സൂക്ഷ്മമായ ഒരു ശ്രവണേന്ദ്രിയത്തെ അദ്ദേഹം എത്രത്തോളം ധീരതയോടെ എതിരിട്ടു നിന്നുവെന്നു്, ആ പഴയ ലക്കങ്ങളും കൈവശമുള്ളവർക്കു് ഇന്നും അറിയാൻകഴിയും.

ജനനം, കോൺഗ്രസ്സു് ജന്മമെടുത്തുകഴിഞ്ഞിരുന്നു. വിദേശീയ മേൽക്കോയ്മയ്ക്കു് വിശ്വസ്തരായിരുന്ന നാട്ടുരാജാക്കന്മാർ—അതായതു് ഒരുതരം രാജ്യത്തിലെ ഭരണാധികാരികളും—ഈ രാഷ്ട്രീയ സംഘടനയെ പാടേ തകർക്കണമെന്നു നിശ്ചയിച്ചു. ഇതിനു വേണ്ടി സേർ സയ്യദ്, രാജാ ശിവപ്രസാദ്, സർ ഹിന്ദ് തുടങ്ങി ജനസ്വാധീനമുള്ള ചിലർ പ്രത്യേക വ്യക്തികളും ഒത്തുചേർന്നു് ഹിന്ദുമുസൽമാൻ സംഘടനയായ "കോൺഗ്രസ്സ് വിരുദ്ധ കക്ഷി" സ്ഥാപിച്ചു മറ്റൊരു ഭാഗം മുഹമ്മദൻ എജ്യൂക്കേഷനൽ കോൺഫറൻസും തുടങ്ങിച്ചു ഇതിനൊക്കെയെല്ലാം ഒരു തരാത്ഥം സൂഫിയുടെ സൂക്ഷ്മദർശികളായ കണ്ണുകൾ മുൻകൂട്ടി കാണുവാൻ ഈ കൃത്രിമത്തന്ത്രത്തിൽ അകപ്പെടാതെ ഭാരതീയ ജനതയെ ഉൽബുദ്ധരാക്കുവാൻ വേണ്ടി അദ്ദേഹം നിരന്തരം പ്രയത്നിച്ചു തുടങ്ങി. 1890 ൽ ഇതുസംബന്ധമായ അദ്ദേഹം എഴുതിയിരുന്ന ലേഖനങ്ങളൊന്നുപോലെ. 1930-ലോ, 32-ലോ കൂടി മറ്റൊരാളെഴുതുവാനോ പ്രസിദ്ധീകരിക്കാനോ ധൈര്യപ്പെട്ടതായിരുന്നില്ല.

ഇതിനൊക്കെയെല്ലാം ഫലമായി സൂഫിയുടെ മേൽ രാജദ്രോഹകുറ്റം ആരോപിക്കപ്പെട്ടു. നിയമലംഘനപ്രസ്ഥാനത്തിനുശേഷം ഉണ്ടായിത്തീർന്ന മനോഭാവമല്ല അക്കാലത്തു രാജദ്രോഹപരമായ കേസുകളെക്കുറിച്ചു് ജനങ്ങൾക്കിടയിലുണ്ടായിരുന്നതു്. രാജദ്രോഹിയായി ശങ്കിക്കപ്പെട്ടവനു് പൊതുജനങ്ങളിൽ നിന്നു് യാതൊരു സഹായവും പ്രതീക്ഷിക്കാമായിരുന്നില്ലെന്നതന്നെയല്ല രാജദ്രോഹികളുടെ പേരു് അച്ചിരിക്കുന്നതിനുപോലും ജനങ്ങൾ ഭയപ്പെട്ടിരുന്നു. സൂഫി, കേസ്സിൽ സ്വന്തം ഭാഗം നിർഭയമായി വാദിച്ചുവെങ്കിലും വിധികർത്താക്കന്മാർ അദ്ദേഹത്തിനു് അമർമാസം കഠിനതടവു് വിധിക്കയാണു് ചെയ്തതു്. വിധിപ്രസ്താവിച്ചു കേട്ടപ്പോൾ സൂഫിയുടെ മനോഭാവത്തിൽ ഒരു മുഴിവുപോലും ഉണ്ടായില്ല.

അക്കാലത്തെ കാരാഗൃഹവാസം അപായകരമായതായിരുന്നു. ജയിലിൽനിന്നു സൂഫി 1898-ൽ വിമുക്തനായി. ഏറ്റവും ശോഷിച്ചുപോയിരുന്ന അദ്ദേഹത്തിന്റെ ദുർബ്ബലശരീരംകണ്ടു് ശത്രുക്കൾപോലും ഖേദിച്ചുപോയി. എന്നാൽ സൂഫിയുടെ മുഖം കൃതാർത്ഥതകൊണ്ടും ആത്മവിശ്വാസംകൊണ്ടും അപ്പോഴും തിളങ്ങിക്കൊണ്ടിരുന്നു. വിട്ടതിലധികം ആ ദിവസംതന്നെ അദ്ദേഹം വീണ്ടും തന്റെ നിർമ്മീകമായ തൂലിക കയ്യിലെടുത്തു! സംയുക്തപ്രാന്തത്തിൽപെട്ട ചെറിയ ചെറിയ രാജ്യങ്ങളും ഇംഗ്ലീഷുഭരണത്തിൻകീഴിൽ അനുഭവിക്കുന്ന ക്രൂരമായ അക്രമങ്ങളേയും അഴിമതികളേയുംകുറിച്ചു് അദ്ദേഹം എഴുതുവാൻ തുടങ്ങി. സ്വാതന്ത്ര്യത്തെ അപഹരിച്ചു് അന്യായങ്ങളെ അമർത്തിയും പൂഴ്ത്തിയും പ്രതിപാദിക്കുവാനദ്ദേഹം ഇഷ്ടപ്പെട്ടില്ല. നികുതിയുടെ പേരിൽ എത്രൊരുദ്യോഗസ്ഥർ എവിടെനിന്നു് എന്തൊക്കെ തുകയാണു് വാങ്ങിച്ചതു് അതു മേടിക്കുവാൻ

EFFICIENT PERSONAL POSTAL TUITION

For

M. A. Degree Examination (Economics Nagpur
B. A. Degree Examination Nagpur for ladies only
Intermediate Examination Nagpur for ladies only
Ajmir Intermediate (for both sexes)
Madras Matriculation
Banaras Matriculation No mathematics, no cience, no age restriction)
S S. L. C. (T C. State).
Sahitya Visarad Examination

This is the proper time for you to join When applying state the class in which you studied last.

Manager,

The Cambridge College,

Kythamukku, (K W.) Trivandrum.

USHA

വേണ്ടി ആ നാട്ടിൽ ഏതൊരു ദ്യോഗസ്ഥൻ എന്തെല്ലാം അഴിമതികളാണ് നടത്തിയതു് എന്നതിനെപ്പറ്റിയെല്ലാം സുഹിയുടെ ഉലിക വിശദമായി പ്രതിപാദിച്ചു.

ശവമെങ്കിൽ ഇതെങ്ങനെ സഹിച്ചിരിക്കും? സുഹിയുടെ പേരിൽ വീണ്ടും കേസ്സെടുക്കുകയും സകല സ്വത്തുക്കളും സർക്കാരിലേക്ക് പിടിച്ചടക്കി അദ്ദേഹത്തിനെ ആറുവർഷത്തേയ്ക്ക് ജയിലിലടയ്ക്കുകയും ചെയ്തു. വ്യസനകരമെങ്കിലും അപ്രതീക്ഷിതമല്ലായിരുന്ന ഈ അനുഭവത്തെ സുഹി വളരെ പ്രസന്നതയോടെയാണ് സ്വാഗതം ചെയ്തതു്.

ജയിലിനുള്ളിൽ, തടവുപുള്ളികളായി കഴിഞ്ഞിരുന്ന ഒരു വർഗ്ഗത്തെക്കുറിച്ച്, അവർ രാഷ്ട്രീയപ്രവർത്തകരോ സാധാരണക്കുറ്റവാളികരോ ആവട്ടെ, അക്കാലത്തെ നാട്ടുകാർ ശ്രദ്ധിക്കയോ അവരുടെ ഏതെങ്കിലും കാര്യങ്ങളിൽ പ്രവേശിക്കയോ പതിവുണ്ടായിരുന്നില്ല. ജയിലിനുള്ളിൽ എന്തു തരം കർമ്മനടപടികൾ നടന്നുകൊള്ളട്ടെ, ആരെങ്കിലും മരിക്കയോ ജീവിക്കയോ ചെയ്തുകൊള്ളട്ടെ, നാട്ടുകാക്കതിൽ യാതൊരു ശബ്ദവും പുറപ്പെടുവിക്കാനുണ്ടായിരുന്നില്ല. ഇതുകൊണ്ടെല്ലാം നിശ്ചയിക്കുവായിരുന്ന ജയിലധികാരികൾ സുഹിയുടെമേൽക്രമാതീതവും നിർദ്ദയവുമായ നടപടികളാണെടുത്തിരുന്നതു്. നിരന്തരമായ മർദ്ദനത്തിനു് അദ്ദേഹം ഇരയായിത്തീർന്നു. സുഹിക്ക് രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നല്ല, ജീവിതവിഷമങ്ങളിൽ നിന്നു തന്നെ ഒരുനാളും ഒഴിവുകൊടുക്കണമെന്നും അവരെത്രമാത്രം ആശിച്ചിരുന്നുവോ അതിലധികം ഇവിടെന്നെ ഉറച്ചിരിക്കണമെന്നും സുഹിയും നിശ്ചയിച്ചു.

മർദ്ദനഫലമായി ഒരു അവണസുഖക്കേടിൽ കിടപ്പായപ്പോൾ സുഹിയെ ഇട്ടുങ്ങിയതും വൃത്തികെട്ടതുമായ മുറിയിലാണ് ജയിലധികൃതന്മാർ അടച്ചിട്ടിരുന്നതു്. എല്ലാ രാവിലേയും വൈകുന്നേരവും ജെന്നിഫർ അവിടെ ചെന്നുനോക്കിച്ചിരിച്ചുകൊണ്ട് ചോദിക്കാറുണ്ടായിരുന്നതു—"ഹോ, ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലേ? കൊള്ളാം. എത്രകാലം ഇങ്ങനെ ഇരിക്കുമെന്നറിയാമല്ലൊ"

ആ ജെയിലർ വിചാരിച്ചിരുന്നതു് സുഹി എപ്പോഴെങ്കിലുമൊരിക്കൽ മാപ്പപേക്ഷിച്ച് പുറത്തുപോകുമെന്നായിരുന്നു. എന്നാൽ സുഹിയാകട്ടെ അയാളുടെ പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും ദ്രോഹങ്ങൾക്കുംനേരെ പുഞ്ചിരിക്കൊള്ളുകയല്ലാതെ ഒന്നും പറഞ്ഞില്ല. ഒടുവിൽ 1908-ൽ ജയിലിൽനിന്നും വിമുക്തനായ ഉടനെ തന്നെ അദ്ദേഹം വീണ്ടും രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

വിട്ടയൽ കിട്ടിയഉടനെ സുഹി നേരെ ഹൈദരാബാദിലേയ്ക്കാണ് പോയതു്. അന്നത്തെ നൈസാമുമായി അദ്ദേഹത്തിനു നേരത്തെതന്നെ പരിചയമുണ്ടായിരുന്നു. സുഹിയോട്ട് രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നെല്ലാം വിരമിച്ച് ശാന്തമായ ഒരു ജീവിതം നയിക്കാനായി നൈസാം ഉപദേശിച്ചു, സുഹിക്കു താമസിക്കുവാൻ മനോഹരമായ കൊട്ടാരങ്ങളും വേണ്ടതായ എല്ലാ സുഖസൗകര്യങ്ങളും താൻ ഒരുക്കിവെച്ചിട്ടുണ്ടെന്നും അറിയിച്ചു "ഞാനും എല്ലാറ്റിനും തയാറായിതന്നെയാണ് വന്നിരിക്കുന്നതു്" എന്നാണ് സുഹി സംക്ഷിപ്തമായി മറുപടി പറഞ്ഞതു് പിന്നീടവിടെ താമസിക്കാതെ അദ്ദേഹം അന്നുതന്നെ പഞ്ചാബിലേയ്ക്കായി യാത്രതിരിച്ചു. പഞ്ചാബിൽ എത്തിയശേഷം അവിടത്തെ 'ഹിന്ദുസ്ഥാൻ' പത്രത്തിന്റെ ഒരു പ്രധാന പ്രവർത്തകനായി ജോലിയേറ്റു. എന്നാൽ സുഹിയുടെ അശ്രയാതിയുടേയും അഭിപ്രായപ്രകടനത്തിന്റേയും മുന്നിൽ പത്രത്തിന്റെ ഭാരവാഹികളെ അത്യന്തം ഭയചകിതരാക്കിയതുകൊണ്ട് സുഹി തന്നെ ആ ജോലി ഉപേക്ഷിച്ചുകളഞ്ഞു

ഇതേകാലത്തുതന്നെ സുഹിക്ക് സർദാർ ശേവത് സിങ്ങിന്റെ കുടുംബവുമായി പരിചയത്തിനിടയായി ശേവത് സിങ്ങിന്റെ പിതാവായ സർദാർ കൃഷ്ണസിങ്ങ്, അദ്ദേഹത്തിന്റെ അനുജന്മാരായ അജിത് സിങ്ങ്, സ്വർണ്ണസിങ്ങ് എന്നിവരുൾപ്പെടുന്ന പഞ്ചാബിൽ ഒരു വിപ്ലവപ്രവർത്തകസംഘടിപ്പിച്ചുകഴിഞ്ഞിരുന്ന സമയമായിരുന്നു. സുഹിക്ക് സർദാർ കുടുംബത്തിലെ തന്റെ ശരിയായ സ്നേഹിതരും സഹപ്രവർത്തകരുമായിക്കിട്ടി അന്നുതൊട്ട് സുഹി ആ കുടുംബത്തിലൊരംഗമായിത്തീർന്നു. പ്രത്യേകിച്ചും അജിത് സിംഗുമായി അദ്ദേഹം അത്യന്തം സൗഹാർദ്ദത്തിലായിരുന്നതിനാൽ പരിചിതജനങ്ങളും സുഹിയെ അജിത് സിംഗിന്റെ സഹോദരനാണെന്നുപോലും വിശ്വസിച്ചിരുന്നു.

അയിടയ്ക്കുതന്നെ ശവമെങ്കിൽ വിദ്രോഹക്കേസ്സിൽപ്പെട്ടതിനാൽ ലാലാ ലജപത്റായിയേയും അജിത് സിംഗിനേയും രാജ്യഭ്രഷ്ടരാക്കി മാൻഡലേയിലേയ്ക്കയച്ചു. സുഹിയും കൃഷ്ണസിങ്ങും അവരുടെ ഒരന്യമിത്രമായ മഹന്ത് ആനന്ദകിശോർ സിംഗിനൊപ്പം നേപ്പാളിലേയ്ക്കു തിരിച്ചു. സുഹിയുടെ ഒരാരാധകനായിരുന്ന അതിന്നിടയിലെ ശവർണ്ണർ ജംഗ് ബഹദൂർ ഈ പെരിയയാത്രാസംഘത്തിന് വേണ്ട സഹായങ്ങളെല്ലാം ആദരപൂർവം ചെയ്തുകൊടുത്തു

ശവമെങ്കിൽ ഈ സംഗതി എങ്ങനെയോ അറിഞ്ഞു. ഇതുകാരണം ജംഗ് ബഹദൂറിനെ ശവർണ്ണർ സ്ഥാനത്തുനിന്നും നീക്കുകയും അദ്ദേഹത്തിന്റെ സ്വത്തെല്ലാംതന്നെ സർക്കാരിലേയ്ക്കു കണ്ടുകെട്ടുകയും ചെയ്തു. സുഹിയെ അറസ്റ്റുചെയ്ത് പഞ്ചാബിലേയ്ക്കുതന്നെ കൊണ്ടുപോയി. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ അവിടെ കേസ്സൊന്നും ഏർപ്പെടുത്തിട്ടുണ്ടായിരുന്നില്ല. അതിനാൽ ലാലാ ബിന്ദ്രാബനിന്റെ ആധിപത്യത്തിൽനിന്നും പുറപ്പെടുന്ന 'ഇൻഡു' എന്ന പത്രത്തിൽ മുഖപ്രസംഗമെഴുതിയിരുന്ന സുഹിയുടെ ചില ലേഖനങ്ങളും അനേകം കവിതകളും കണ്ടുപിടിച്ച് അതിൽ കേസ്സുണ്ടാക്കുവാൻ ശവർണ്ണർ ശ്രമിക്കയുണ്ടായി. എങ്കിലും ഇപ്രാവശ്യം കോടതി അദ്ദേ

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ് സെക്യൂരിറ്റിയിന്മേൽ"

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	75 രൂ.	40 മാസം.	രൂ. 3000	(E)	17½ രൂ	40 മാസം.	രൂ. 700x2
(B)	50 ,,	,,	2000	(F)	15 ,,	,,	600
(C)	37½ ,,	,,	1500	(G)	12½ ,,	,,	,, 500x4
(D)	25 ,,	,,	100x2				

ഉടനെ ചിട്ടികൾ തുടങ്ങുന്നു. ആവശ്യപ്പെട്ടാലുടനെ വന്നോ അയച്ചുതരുന്നതാകുന്നു.

കെ. രാമോദരൻപിള്ള,

മാനേജിംഗ് ഡയറക്ടർ.

ഹരത്തെ വെറുതെ വിട്ടുകയാണു ചെയ്തത്.

കുറെ മാസങ്ങൾക്കുശേഷം കാരാഗൃഹമുക്തനായി സച്ചിസിംഗും, നിർവ്വാസം കഴിഞ്ഞ് അജിതസിംഗും സ്വഗൃഹത്തിൽ മടങ്ങിയെത്തി. അനന്തരമാണു കൃഷ്ണസിങ്ങിന്റെ പുത്രനായ ഭഗവത്സിങ്ങ് ജനിച്ചതു്. വർഷക്കണക്കായി പിരിഞ്ഞിരുന്ന തന്റെ രണ്ടു പുത്രന്മാരുടെ പുനഃസമാഗമവേളയിൽത്തന്നെ ഭാഗ്യവാനായ പൌത്രനെ, കൃഷ്ണസിംഗിന്റെ മാതാവു് ഭാഗ്യവാൻ എന്നുവിളിച്ചുവന്നു.

ഈ ഭാഗ്യവാനായ ബാലനാണു് കാലാന്തരത്തിൽ പ്രസിദ്ധനായ ഭഗവത്സിങ്ങായിത്തീരുകയും ഒരു രക്ഷസാക്ഷിയായിത്തീർന്നു് വിപ്ലവപാരമ്പര്യമുള്ള തന്റെ കുടുംബത്തിനു് അനശ്വരമായ കീർത്തിനേടിക്കൊടുക്കുകയും ചെയ്തതു്. ഭഗവത് സിങ്ങിന്റെ ജനനദിവസം അമ്മയുടെ സന്നിഹിതനായിരുന്ന സൂഫി, ബാലനെ ആശീർവദിച്ചതു്. അച്ഛനേയും ഇളയച്ഛന്മാരേയും കവിഞ്ഞ ദേശസേവകനായിത്തീരട്ടെ എന്നായിരുന്നു പ്രത്യേകിച്ചും ഇടത്തുകയ്യില്ലാതിരുന്ന സൂഫി ഏറ്റെടുത്തിൽ തിരിച്ചറിയപ്പെട്ടിരുന്നു.

ഇന്ത്യയിൽനിന്നു പുറംരാജ്യങ്ങളിലെവിടെയെങ്കിലും പോയിത്താമസിച്ചു തങ്ങളുടെ പ്രവർത്തനങ്ങളുമായുള്ള ബന്ധം പുലർത്തിപ്പോരാൻ സാധ്യമാകയില്ലേ എന്നവരാലോചിച്ചു. മറ്റു വഴികളില്ലാതിരിക്കെ, ഒടുവിൽ അങ്ങനെയൊരു തീരുമാനമെടുത്തതു് സൂഫിയും അജിത്സിങ്ങും തങ്ങളുടെ ജീവനെക്കൂടെ അപകടത്തിലാക്കിക്കൊണ്ടു് ഇറാനിലേയ്ക്കു് യാത്രതിരിച്ചു. ശക്തിമത്തായ ഒരു ഗവർമ്മെണ്ടിന്റെ നിശിതമായ നിയമങ്ങൾ ലംഘിച്ചു്, അതിർത്തി പിടികൊടുക്കാതേ എങ്ങനെയാണിവർ ഇറാനിലെത്തിച്ചേർന്നതെന്നു് ഇന്നും അജ്ഞാതമായ ഒരു രഹസ്യമായിരിക്കുന്നു.

ബ്രിട്ടീഷ് സാമ്രാജ്യമാഹം ഇറാനിലും വല വീശിക്കഴിഞ്ഞിരിക്കുന്നതായി അവിടെയെത്തിയ സൂഫിക്കും സഹപ്രവർത്തകന്മാർക്കും അനുഭവപ്പെട്ടു. ഇറാനിലെ എണ്ണഖനികളിലാണു് ഇംഗ്ലീഷുകാരുടെ കൊതി ആദ്യംതന്നെ എത്തിച്ചേർന്നിരുന്നതു്. ഉടമകൾ സ്വന്തം അവകാശം സ്വാർത്ഥമോഹത്തോടു് അവർക്കു് വിറ്റുകഴിഞ്ഞിരുന്നു എന്നാൽ ഇതേസമയം. ഇറാനിലെ സാധുക്കളുമുള്ള സാമാന്യജനത പ്രാണാപ്പണംകൊടുപോലും സ്വരാജ്യക്ഷേമം സംരക്ഷിക്കുന്നതിനു് സന്നദ്ധരായിരുന്നു. അതിനുപയുക്തമായ ഒരു സംഘടനയും അവർ രൂപീകരിച്ചു കഴിഞ്ഞിരുന്നു സൂഫി അതിവേഗത്തിൽ ഈ സംഘടനയുമായി പരിചയപ്പെടുകയും സ്വന്തം വ്യക്തിപ്രഭാവത്താൽ അവരുടെ ഇടയിൽ ഒരു പ്രമുഖനേതാവായിത്തീരുകയും ചെയ്തു. ഇതും മഹത്തായ ഒരു സംഘടനയിൽ, അതും വിപ്ലവകക്ഷിയിൽ, ചേർന്നു്, അവരുടെ ആന്തരമായ വിശ്വാസവും മമതയും അർഹിക്കുന്നതിനു് സൂഫിക്കും അജിതസിങ്ങിനും യാതൊരു താമസവും പ്രതിബന്ധവും നേരിട്ടില്ല. അവർ ഇറാനികമ്മിറ്റിയോടുചേർന്നു പേർഷ്യക്കാരോടൊപ്പം പാർട്ടിയിൽ അംഗങ്ങളായിത്തീരുകയും പ്രവർത്തനങ്ങൾ

കൗമുദിവാരിക

	രൂ.	ണ.
ഏജൻറന്മാർക്കുള്ള കമ്മീഷൻ	0	8
വാർഷിക വരിസംഖ്യ പോസ്റ്റേജ്	10	8
,, ഫോറിൻപോസ്റ്റേജ്	13	0

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക

പേട്ട-തിരുവനന്തപുരം

അതിവേഗത്തിൽ ആരംഭിക്കുകയും ചെയ്തു.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി കാര്യങ്ങളും ഇന്നത്തെപ്രതിപാദിക്കുന്ന "ആഇനാ" "മില്ലത്ത്" എന്നീ രണ്ടു പത്രങ്ങളും സൂഫിയുടെ ഉത്തരവാദിത്വത്തിൽ പുറപ്പെടുവാൻ തുടങ്ങി. ഇറാനിലെ ഉദ്ധതകിയമാഷയായിരുന്ന പാഴ്സി യിലാണ് അവ രണ്ടും പ്രസിദ്ധീകരിച്ചിരുന്നത്. ഇതിനൊ പത്രാധിപർ ഒരു ഇറാനിയല്ല. ഹിന്ദുവാണെന്നും വായനക്കാർ സംശയിച്ചിരുന്നില്ല.

ഇറാനിലെ അനേകം ഉത്തമപൗരന്മാർ സൂഫിയിൽ ആകൃഷ്ടരായിത്തീർന്നു. അവർ അദ്ദേഹത്തെ അത്യുത്സാഹപൂർവം സഹായിക്കയും ചെയ്തുവന്നു. ഇവരിൽ ഏറ്റവും പ്രധാനിയായ ആയം വധശിക്ഷയ്ക്ക് കീഴ്പ്പെട്ട് ഇറാനിലെ തത്ത്വവിചിന്തകനും തോഷ കൈവിലങ്ങോടുകൂടി സഞ്ചരിക്കേണ്ടിവന്നു 'സർദാർ ഹസ്മദ്ദംമുൽക്ക' എന്ന മഹാനായിരുന്നു. കലാന്തരത്തിൽ ഇറാനിലെ പ്രധാനമന്ത്രിയായിത്തീർന്ന സയ്യദ്സിയാവുദ്ദീൻ സൂഫിയുടെ മറ്റൊരു സഹപ്രവർത്തകനായിരുന്നു.

ഇറാൻ ജനതയ്ക്കുവേണ്ടി അനവരതം പ്രയത്നിച്ചുകൊണ്ടിരുന്ന ഇക്കാലത്തും സൂഫി സ്വന്തം നാടിനെ നിമിഷനേരത്തേയ്ക്കും മറന്നില്ല. ഇറാനെപ്പോലെയുള്ള അയൽരാജ്യങ്ങളും പാരതന്ത്ര്യത്തിൽ കിടക്കുന്ന കാലത്തോളം ഇന്ത്യയിലും ബ്രിട്ടീഷുകാരുടെ പിടി മുകിവരികയേ ചെയ്യുകയുള്ളുവെന്നും ആ മഹാനായ വിപ്ലവകാരി ജനങ്ങളെ ഉൽബോധിപ്പിച്ചു. അദ്ദേഹം ഇന്ത്യയിലുള്ള വിപ്ലവകക്ഷികളുമായി അദൃശ്യമായ ബന്ധം പുലർത്തിപ്പോരുകയും അവർക്ക് അന്യാദൃശമെന്ന് കരുതിയ ആയുധസാമഗ്രികളും എത്തിച്ചുകൊടുക്കയും ചെയ്തുവന്നു. ബ്രിട്ടീഷ് ആധിപത്യത്തെ തകിടം മറിക്കത്തക്കവിധത്തിൽ ഈ രണ്ടു രാജ്യങ്ങളിലും ഒരേസമയംതന്നെ സമരം പൊട്ടിപ്പുറപ്പെടണമെന്നായിരുന്നു സൂഫിസാഹബ്ബിന്റെ ആഗ്രഹം. ഇതനുസരിച്ചുതന്നെ യൂറോപ്പിൽ മഹായുദ്ധം ആരംഭിച്ചപ്പോൾ ബ്രിട്ടന്റെ ശത്രുക്കളിൽനിന്നും ഇന്ത്യയ്ക്കാവശ്യമായ സഹായസഹകരണങ്ങളും ആവശ്യപ്പെട്ടറിയുന്നതിനും സ്വാതന്ത്ര്യത്തിനുവേണ്ടി സൂഫി അജിത്സിംഗിനെ യൂറോപ്പിലേയ്ക്കയച്ചു. ബ്രിട്ടീഷുകാരുമായി ഒരു ഉറച്ചയുദ്ധത്തിനിടയിൽ സമയമായെന്ന് ഇറാൻപൗരന്മാരേയും തയ്യാറാക്കി.

ഇന്ത്യൻ വിപ്ലവകാരികളുമായി ബന്ധമുണ്ടായിരുന്ന അമേരിക്കയിലെ 'ഗദർ പാർട്ടി" ഈ അവസരത്തിൽ തങ്ങളുടെ പ്രവർത്തകന്മാരിൽ അനവധി പേരെ ഇന്ത്യയിലേയ്ക്കയച്ചുകൊടുത്തു എന്ന വസ്തുത ഇവിടെ പ്രസ്താവയോഗ്യമാണ്. ഈ ഗദർപാർട്ടിയുമായി സൂഫിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു.

ഇറാനിൽ വിപ്ലവം പൊട്ടി സൂഫിയുടേയും മറ്റു ചില പ്രമുഖപ്രവർത്തകരുടേയും നേതൃത്വത്തിൽ ഒരു ശക്തിമത്തായ ജനസംഘടനകൾ കോയ്മയോടതിരിട്ടു. ഇറാനിലെ ഒരു പ്രധാനപട്ടണമായ സിറാജിൽ തല്ക്കാലത്തേയ്ക്കെങ്കിലും ഒരു ഭരണാധിപത്യം സ്ഥാപിച്ചു. എന്നാൽ ഇറാനിലെ സ്ഥാനപതികളോ മുതലാളികളോ ആയവർ എല്ലാം ഇംഗ്ലീഷുകാരോട് യോജിച്ചു നിൽക്കുകയും പേഴ്സ്യൻ ഉൾക്കടൽ വഴിയായി ഇംഗ്ലീഷുസൈന്യത്തെ സിറാജിൽ കടക്കുവാൻ സഹായിക്കയും ചെയ്തു. ജനങ്ങളും തങ്ങളുടെ മുഴുവൻ ശക്തിയുമുപയോഗിച്ച് ബ്രിട്ടീഷ് സേനയോടെതിരിട്ടു. എന്നാൽ യന്ത്രത്തോക്കുകളുടേയും പീരങ്കികളുടേയും മുമ്പിൽ ആ ശക്തി അധികനേരം നിലനിന്നില്ല.

ഇംഗ്ലീഷുകാർ നേതാക്കന്മാരെ മുഴുവൻ ബന്ധനത്തിലാക്കി. സൂഫിയുടെ വസതിയെ പട്ടാളം വളഞ്ഞു. സൂഫിയുൾപ്പെടെ അവസാനംവരെ നിന്നെതിർത്തു. അദ്ദേഹത്തിന്റെ ഇടതുകയ്യിൽ നിന്ന് നിരന്തരമായി പൊട്ടിക്കൊണ്ടിരുന്ന റിവോൾവർ, പോലീസിലെ ഭീതി വഹിക്കുന്ന ഒരു ജനകീയ സാഹിത്യകാരൻ മാത്രമല്ല, ആയുധമെടുത്തും അക്രമികളോടെതിരിടാൻ കഴിവുള്ള ഒരു ധീരയോദ്ധാവുകൂടിയാണ് ആ മഹാനായ മനുഷ്യനെന്ന വാസ്തവം ലോകത്തോട്പ്രഖ്യാപിക്കുകയുണ്ടായി. വെടിമരുന്ന് അവസാനിച്ചപ്പോൾ നിരായുധനായ അദ്ദേഹത്തെ ശത്രുക്കൾ ബന്ധനത്തിലാക്കുകയും, 'പിറോന്നാമൻ മറ്റു നേതാക്കളോടൊന്നിച്ച് വെടിവെച്ചുകൊല്ലണമെന്ന തീരുമാനം പ്രസ്താവിക്കയും ചെയ്തശേഷം കാരാഗൃഹത്തിലടച്ചു.

സൂഫി തന്റെ വധശിക്ഷ പ്രസ്താവിച്ചുകേട്ടപ്പോൾ പുഞ്ചിരികൊള്ളുകയാണ് ചെയ്തത്. ശത്രുഹത്തിന്റെ ആ ചിരിയിലുണ്ടായിരുന്ന രഹസ്യപരിഹാസം മറ്റാരെന്നും പിറോന്നും തടവുമുറിയിൽ കിടന്നിരുന്ന ജനറൽ ഹബീബുള്ളാഖാന്റെ നിർജ്ജീവമായ ദേഹം വെളിപ്പെടുത്തി. ഇംഗ്ലീഷുകാരന്റെ കൈകൊണ്ട് മരിക്കുന്നതവമാനമായിക്കരുതി ഒട്ടുവിൽ അദ്ദേഹം ആത്മഹത്യചെയ്യുകയുണ്ടായത്.

ഇങ്ങനെ ഇന്ത്യയിലെ ആഹ്വാനായ വിപ്ലവകാരി, ഉൽകൃഷ്ടനായ സാഹിത്യകാരൻ, നാടിനും നാട്ടാർക്കുംവേണ്ടി നിരന്തരം പ്രയത്നിച്ചവന്ന ധീരയോദ്ധാവ്, ചിരിച്ചുകൊണ്ട് മരണത്തെ സ്വീകരിച്ചു.

സൂഫിയുടെ നാമം ഇറാനൊട്ടുക്ക് ആരെയിക്കപ്പെട്ട. ഇറങ്ങിയതങ്ങളുടെ ഏറ്റവും അടുത്ത സ്നേഹിയായിരുന്ന ആ മഹിമേശിയ നേതാവിനുവേണ്ടി സീറാജിലെ പ്രകൃതിസുന്ദരമായ ഒരു പ്രദേശത്ത് മനോഹരമായ അദ്ദേഹത്തിന്റെ ശവകുടീരം നിർമ്മിക്കുകയും അതിന്മേൽ "പ്രേരണായ ഭാരതീയനേതാ ആഗാ സൂഫി" എന്നു കൊത്തിയിടുകയും ചെയ്തു.

ഡൽഹിയിൽവച്ചുകൂടിയ ഏഷ്യാകോൺഫറൻസിൽ സംബന്ധിച്ചിരുന്ന ഇറാൻ രാഷ്ട്രപ്രതിനിധി അസഗർഅലിഹിക്മത്ത് സൂഫിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ അറിയാനാഗ്രഹിക്കുന്നുണ്ടായി. അദ്ദേഹത്തിന്റെ അഭ്യർത്ഥനയനുസരണം സർദാർ അജിത്സിംഗ് സൂഫിയുടെ പൂർവ്വമിത്രങ്ങളെയെല്ലാം വിളിച്ചുകൂട്ടി ഒരു വിരുന്നുകഴിച്ച സർദാർ കൃഷ്ണസിംഗ്, മേഹന്ത് ആനന്ദകിശോർ, ലാലാകേദാർനാഥ്സഹഗൻ എന്നിവരെല്ലാം അതിൽ പങ്കെടുത്തിരുന്നു. ഫ്രൂസ്ഫ്രൂസമേളനത്തിൽവെച്ച് സൂഫിയെപ്പറ്റി സംസാരിക്കുവാൻ തുടങ്ങിയ ഹിക്മത്ത് സാഹബ്ബിന്റെ കണ്ണുകൾ അശ്രുപൂർണ്ണമായിത്തീർന്നു. സൂഫി തന്നെ ഇംഗ്ലീഷു പഠിപ്പിച്ചിരുന്നുവെന്നും, ഒരു കുടുംബത്തിലെയെന്നപോലെയാണ് അദ്ദേഹത്തെ തങ്ങളെല്ലാവരും കരുതിയിരുന്നതെന്നും ഹിക്മത്ത് പ്രത്യേകമായി എടുത്തുപറയുകയുണ്ടായി.

ഭാരതീയർ സൂഫിയെ ഒരു പക്ഷെമറന്നുപോയിരിക്കാം എങ്കിലും ഇറാനിലെ ദേശഭക്തന്മാരും, വിപ്ലവകാരികളും, ഇന്നു ഇന്നത്തെ ഭരണാധികാരികളുമായ അനേകം പേരുടെ ഹൃദയത്തിലും അദ്ദേഹത്തെക്കുറിച്ചുള്ള ശരിയായ പൂർണ്ണമായ സ്മരണ ഇന്നും നിലനിന്നു പോരുന്നു.

ഹിന്ദിയിൽനിന്ന്.

വിവർത്തക ദേവി

(24-ാംപേജിൽനിന്നും തുടർച്ച)

ങ്ങളുടെയും രഹസ്യനയങ്ങളുടെയും സമ്പ്രദായങ്ങളുടെയും ഉപയോഗപ്പെടുത്തുന്നതായിരിക്കും.

ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും ഇതരജനാധിപത്യകക്ഷികളിൽനിന്നും ഗ്രൂപ്പുകളിൽനിന്നും, തദ്ദേശീയ സംഘടനകളിൽനിന്നും സായുധസേനാവിഭാഗങ്ങളിൽനിന്നുമുള്ള ഡപ്യൂട്ടിമാർ ഉൾക്കൊള്ളുന്നതാണ് കൺസൽട്ടേറ്റീവ് കോൺഫറൻസ്സുകൾ. സമൂഹമദ്ധ്യത്തിലുള്ള പ്രധാനപ്പെട്ട വ്യക്തികളും അതിൽ പ്രതിനിധ്യമുണ്ട്. കോൺഗ്രസ്സിന്റെ സമ്മേളനങ്ങൾക്കിടയ്ക്കും കൺസൽട്ടേറ്റീവ് കോൺഫറൻസിന്റെ എക്സിക്യൂട്ടീവ് അധികാരം നഷ്ടപ്പെടുന്നതും, ഒരു തരത്തിലും ഉപദേശകസമിതിയായി അതു നിലനിൽക്കുന്നതുമാണ്.

ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം ഒരു ഡപ്യൂട്ടിയെന്നാണ് ഇലക്ഷൻ നിയമത്തിൽ ഇരുപതാംവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. പക്ഷേ, ജനസംഖ്യ വളരെ കുറവായിട്ടുള്ള സിംഗ്ഷായെപ്പോലുള്ള (ഒരു വശത്ത്, പ്രവിശ്യകളിൽ ഏറ്റവും കുറഞ്ഞത് മൂന്ന് ഡപ്യൂട്ടിമാരെങ്കിലുമുണ്ടായിരിക്കണം അങ്ങനെയുള്ള സ്ഥലങ്ങളിൽ കണ്ടെത്തിയ ജനസംഖ്യയുള്ള വ്യവസായിക ഗവർണ്മെന്റ് സിറ്റികളിൽ ഒരു ലക്ഷത്തിനു മേൽ ഒരു ഡപ്യൂട്ടിയെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ദേശീയന്യൂനപക്ഷങ്ങളുടെ അധികമുള്ള ജനസംഖ്യ ഇതേപ്രകാരമുള്ള ലക്ഷത്തിൽ കുറവാണെങ്കിലും, അവർക്കും പീപ്പിൾസ് കോൺഗ്രസ്സിലേക്ക് അവർ താമസിക്കുന്ന ഡപ്യൂട്ടിമാരെ അയയ്ക്കുന്നതിനും സ്പെഷ്യൽ റെപ്രസന്റേഷൻ വ്യവസ്ഥചെയ്തിട്ടുണ്ട്. സായുധസേനകൾക്ക് അവരുടെ ഡപ്യൂട്ടിമാരെയും വിദേശങ്ങളിൽ പാർക്കുന്ന ചീനക്കാർക്ക് തങ്ങളുടെ ഡപ്യൂട്ടിമാരെയും അയയ്ക്കാം.

കോൺഗ്രസ്സിലേയ്ക്ക് സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതും ഇലക്ഷൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇതര ജനാധിപത്യകക്ഷികളും വ്യക്തികളും പ്രത്യേകമായോ സംയുക്തമായോ തെരഞ്ഞെടുപ്പുപട്ടികയിൽ നാമനിർദ്ദേശം ചെയ്യുന്നു. പക്ഷേ, പ്രയോഗത്തിൽ വിവിധകക്ഷികളും വിവിധവിഭാഗങ്ങളും തമ്മിൽ കൂടിയാലോചിച്ച് ഒത്തുതീർപ്പിലെത്തിയശേഷമാണ് സ്ഥാനാർത്ഥികളെ നിർത്തുന്നത്. എല്ലാ സമൂഹവിഭാഗങ്ങൾക്കും ആവശ്യമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാണ് ഈ സമ്പ്രദായം സ്വീകരിച്ചിട്ടുള്ളതെന്നാണ് ആദ്യന്തരവകുപ്പ് മന്ത്രി പ്രസ്താവിക്കുകയുണ്ടായി. വിവിധകക്ഷികളും തമ്മിലുള്ള മൽസരം ജനാധിപത്യസമ്പ്രദായത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള പാശ്ചാത്യ ഡമോക്രസികളിൽ നിന്നും ഇതു തികച്ചും വ്യത്യസ്തമാണ്. വിവിധകക്ഷികളും തമ്മിലുള്ള സഹകരണമാണ് ചീനസമ്പ്രദായം. കഴിഞ്ഞ മൂന്നുകൊല്ലക്കാലമായി അതിന്റെ പ്രയോജനവും കായ്ക്ഷമതയും തെളിയിക്കപ്പെട്ടിട്ടുമുണ്ട്.

പരോക്ഷനിർദ്ദേശങ്ങളും നിയമംമൂലം നിഷേധിക്കപ്പെട്ടിട്ടില്ലാത്തവരും, ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ളവരുമായ, പതിനെട്ട് വയസ്സു പൂർത്തിയായിട്ടുള്ള എല്ലാവർക്കും ഡെപ്യൂട്ടിമാരാകാവുന്നതാണ്. ജനങ്ങളുടെ വിശ്വാസത്തിന്റെ മാനദണ്ഡം പാശ്ചാത്യസങ്കല്പങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഉദാഹരണമായി, മാതൃകാതൊഴിലാളികൾ, വീരപുരുഷന്മാർ, സേവനത്തിന് പ്രയോജനകാരികളാകുന്നവർ എന്നിവരാണ് ഏറ്റവും കൂടുതൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുന്നത്. മദ്ധ്യകാലഘട്ടത്തിൽ പറഞ്ഞാൽ, പുതിയ ഭരണക്രമത്തോട് സ്വമനസ്സാലെ സഹകരണവും സംശുദ്ധിയുമുള്ളവരെന്ന് തെളിഞ്ഞിട്ടുള്ളവർക്ക് സ്ഥാനാർത്ഥിനിർണ്ണയത്തിൽ മുൻഗണന നൽകപ്പെട്ടുമെന്നർത്ഥം.

നാലുതരം ആളുകളുടെ വോട്ടവകാശം നിരോധിക്കപ്പെട്ടിട്ടുണ്ട്.

1 നിയമമനുസരിച്ച് വർഗ്ഗസഹജമായ അവസ്ഥകൾക്ക് വ്യതിയാനം വരുത്താത്ത ജന്മിമാർ.

2 നിയമപ്രകാരം രാഷ്ട്രീയാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരോ, സാമൂഹ്യവിരുദ്ധ നടപടികൾക്ക് ശിക്ഷിക്കപ്പെട്ടവരോ ചെയ്തിട്ടുള്ള പ്രതിവിപ്ലവകാരികൾ.

3. പ്രതിവിപ്ലവകാരികളെക്കുറിച്ചുള്ള തടവുപുള്ളികൾ.

4. ഭ്രാന്തുപിടിച്ചവർ

(ഇലക്ഷൻ നിയമത്തിലെ അറുപത്തിനാലാം വകുപ്പനുസരിച്ച് ഡപ്യൂട്ടിമാരെ തിരിച്ചുവിളിക്കാനുള്ള അവകാശം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു)

ഡയറക്ടറസമ്പ്രദായമനുസരിച്ചാണ് സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഷിയാങ്ങുകളെയും ചെറിയചെറിയ മുനിസിപ്പാലിറ്റികളെയും പോലുള്ള അടിസ്ഥാനസ്ഥാപനങ്ങളിൽ അസമ്പ്രദായമാണ് സ്വീകരിച്ചുപോരുന്നത്. കണ്ടെത്തിപ്പിടിക്കുന്നു കോൺഗ്രസ്സുകാർ പ്രാദേശിക കോൺഗ്രസുകളിലേക്കുള്ള ഡെപ്യൂട്ടിമാരെയും, പ്രാദേശിക ഡെപ്യൂട്ടിമാർ അഖില ചൈനാ പീപ്പിൾസ് കോൺഗ്രസ്സിലേക്കുള്ള ഡെപ്യൂട്ടിമാരേയും തെരഞ്ഞെടുക്കുന്നു. സ്റ്റാലിൻ മരണപ്രഭാഷണത്തിനുശേഷം സോവിയറ്റ് യൂണിയനിൽ നിലവിലിരിക്കുന്ന സമ്പ്രദായത്തിൽനിന്നും ചൈനയിൽ അംഗീകരിച്ചിരിക്കുന്ന ഈ സമ്പ്രദായം അങ്ങനെ വ്യത്യസ്തമായി നിലകൊള്ളുന്നു.

തെരഞ്ഞെടുപ്പു തീയതി ശരിയായി നിശ്ചയിച്ചിട്ടില്ല. ഷിയാങ്ങുകളിലേയും പട്ടണങ്ങളിലേക്കും മുനിസിപ്പാലിറ്റികളിലേക്കുമുള്ള തെരഞ്ഞെടുപ്പ് മേയ് മുതൽ ഒക്ടോബർവരെയുള്ള കാലയളവിലാണെന്നും പീപ്പിൾസ് കോൺഗ്രസ്സിലേക്കുള്ള തെരഞ്ഞെടുപ്പ് നവമ്പറിലാണെന്നും കേന്ദ്ര ഇലക്ഷൻ കമ്മിറ്റി അറിയിച്ചിട്ടുണ്ട്. പ്രാദേശിക പീപ്പിൾസ് കോൺഗ്രസിലേക്കുള്ള തെരഞ്ഞെടുപ്പ് നവമ്പറിലോ ഡിസംബറിലോ ആയിരിക്കും. അഖിലചൈനാപീപ്പിൾസ് കോൺഗ്രസ്സ് 1954-ന്റെ ആദ്യം കൂടുകയും ചെയ്യും.

നിയമപാലനം-

ആഭ്യന്തരവകുപ്പ് മന്ത്രിയുടെ അഭിപ്രായമനുസരിച്ച് ജുഡിഷ്യറി എക്സിക്യൂട്ടീവിൽ നിന്നും സ്വതന്ത്രമായി നിൽക്കണമെന്നുള്ള ആശയം മുതലാളിത്ത ചിന്താഗതിയിൽ നിന്നുടലെടുത്തതാണ് ചൈനയിൽ നിയമപാലനം വേളകളിൽ മാത്രമാണ് കോടതിയും മറ്റും സ്വതന്ത്രമായിനിൽക്കുന്നത്. പരാതി ബോധിപ്പിക്കുന്നതിന് ജനങ്ങളും ഫീസൊന്നും കൊടുക്കേണ്ടതില്ല. പുതിയ സമ്പ്രദായമനുസരിച്ച് ജനങ്ങളാണ് ജഡിഷ്യറിയെ തെരഞ്ഞെടുക്കുന്നത്.

അങ്ങനെ 1954-ലെ തെരഞ്ഞെടുപ്പിനുശേഷം ജനാധിപത്യ ചൈനയുടെ സംപൂർണ്ണ ജനകീയജനാധിപത്യ സർവ്വാധിപത്യരാഷ്ട്രം അതായിത്തീരും. ബുദ്ധിജീവികളുടെ അഭിപ്രായപരമായി ശ്രദ്ധയുടെ പ്രബുദ്ധരാഷ്ട്രമാക്കിയുമാണ് ഈ നിലയിലേയ്ക്കു ചൈനയെ എത്തിച്ചേരാൻ കഴിഞ്ഞത്. 1953 മേയ് 19-ാം തീയതി നടന്ന ഒരു ചർച്ചയിൽ സ്റ്റാലിൻ പ്രസ്താവിച്ചതനുസരിച്ച് ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയാണ്. പക്ഷേ നേതാക്കന്മാരുടെ ചിന്താഗതികളും അചഞ്ചലം പിടിച്ചുതായിതീരുമ്പോൾ ആരാണ് അവരെ വിദ്യാഭ്യാസം ചെയ്യിക്കുക.

തൊഴിലാളിവർഗ്ഗത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും രണ്ടാമത്തെ ചെയർമാൻ മാവോസെതുംഗിന്റെയും നേതൃത്വത്തിലുള്ള വിവിധ ജനാധിപത്യവിഭാഗങ്ങളുടെയും വർഗ്ഗങ്ങളുടെയും ഐക്യമുന്നണിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതു നാമമാത്രമായിട്ടാണ് നിലവിലുള്ളത്. പ്രായോഗത്തിൽ വിവിധ വർഗ്ഗങ്ങളും തമ്മിൽ ഒരു സഖ്യവുമില്ല— വിധേയത്വമാണുള്ളത് വിമോചനപ്രസ്ഥാനങ്ങളിൽനിന്നും അന്യംനിന്നുപോയ ചൈനയിൽ പരമപ്രാധാന്യം വഹിച്ചിരുന്ന വർഗ്ഗശക്തി ബുദ്ധിജീവികളായി മാറിക്കഴിഞ്ഞിട്ടുണ്ട്. കർഷകരായിരുന്ന ഭക്ഷിണ പ്രദേശങ്ങളുടെ വിമോചനത്തോടുകൂടി ചട്ടുകമായി മാറി. വൻപിച്ച വ്യാവസായിക

നഗരങ്ങളും പുതിയ ഭരണക്രമത്തിൻ കീഴിലായി. വ്യവസായം പുനഃസംഘടിപ്പിക്കുകയും. പുനഃസംവിധാനം ചെയ്യുകയും ചെയ്ത കൊണ്ട് പുതിയ ഒരു സംവിധാനം ലക്ഷ്യമായ ഉൽപ്പാദനം ലക്ഷ്യമാക്കി പ്രയാണം ചെയ്യുകയാണ്. കാർഷികോപ്പന്നങ്ങളുടെ വില നിയന്ത്രിച്ചും സമതുലമായ സങ്കേതങ്ങൾ സ്വീകരിച്ചും ഏറ്റവും ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളും സ്ഥാപിച്ചും ജീവിതനിലവാരമുയർത്താൻ ചൈനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

അതുകൊണ്ട് ഏറ്റവും വലിയ തൊഴിലാളികേന്ദ്രങ്ങളെല്ലാം പുതിയ രീതിയുടെ പൊതുപരിപാടികളുമായി ക്രമേണ യോജിച്ചുകൊണ്ടിരിക്കുകയാണ്. നേരേ മറിച്ച് ഭക്ഷിണപ്രദേശങ്ങളിലുള്ള കർഷകർ അതുകണ്ട് സന്തുഷ്ടരല്ല. ഭൂപരിഷ്കാരങ്ങളും അവരുടെ ഉദ്ദേശങ്ങൾക്ക് ഒരുതരത്തിലും യോജിച്ചതായിരുന്നില്ല.

പാവപ്പെട്ട കൃഷിക്കാരനു ലഭിച്ച ഭൂമിയുടെ കേവലം, മാന്യമായ ഒരു ജീവിതം പുലർത്താൻ പര്യാപ്തമായവയായിരുന്നില്ല. സമീപപ്രദേശങ്ങളിലുള്ള നഗരങ്ങളിലെ തൊഴിലാളികൾ കൂടുതൽ മെച്ചപ്പെട്ട നിലയിലാണ്. ചിലയിടങ്ങളിൽ ധനിക കൃഷിക്കാരനും ഏതാനും ഭൂമിമാത്രം ഇനിയും നഷ്ടമായിട്ടുണ്ട്. വൽസരങ്ങളായി തങ്ങളെ ദ്രോഹിക്കുന്ന ആ ചിരന്തനശത്രുക്കളുടെ അവസ്ഥയിലേക്ക് ഇടിഞ്ഞു താഴുന്നതു കണ്ടു കൊണ്ട് കൺകളിർക്കാൻ പോലുമുള്ള ഭാഗധേയം ഭക്ഷിണപ്രദേശങ്ങളിലെ കർഷകന് നിരോധിച്ചിരിക്കുകയാണ്. അക്കാരണത്താൽ അവിടങ്ങളിലെ കർഷകരുടെ പ്രബുദ്ധതയുടെ നിലവാരം തൃപ്തികരമായ വണ്ണം വളർന്നിട്ടില്ല.

ഒരു ലക്ഷത്തോളം ജനസംഖ്യയുള്ള വ്യാവസായിക നഗരങ്ങൾക്ക് ചുറ്റിച്ച പ്രത്യേകാവകാശങ്ങളും ഇലക്ടോറൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ പിന്നിലുള്ള രഹസ്യമതാണ്.

ഇതര ജനാധിപത്യകക്ഷികളുടെയും താല്പര്യങ്ങളുടെയും പ്രശ്നമാണെങ്കിൽ ഇനിയും ശബ്ദമെൻറിൽ അവക്ക് പ്രാതിനിധ്യം ലഭിച്ചുകൊണ്ടിരിക്കും. പക്ഷേ പാർട്ടികളുടെ പൊതുക്കിടാണിച്ച പേരുകൾ സ്വയം സ്വീകരിച്ചുകൊണ്ട് ആ കക്ഷികളെല്ലാം ഏതാനും വ്യക്തികളായി ഇന്ന് ചുരുങ്ങിക്കഴിയുന്നുണ്ട്. അവക്ക് സംഘടനയോ പിന്തുണയോ ഇല്ല. ഒരിക്കൽ ഒരു ചീനഭാഷിണിയോട് ഞാൻ ചോദിച്ചു ഈ ജനാധിപത്യകക്ഷികളിൽ ഏതിനെങ്കിലും അംഗങ്ങളെ ചേർക്കുന്നതിനുണ്ടോയെന്ന്. അവർ മറുപടി പറഞ്ഞു "ആരെങ്കിലും ആസംഘടനകളിൽ ചേരുമോ? അവരുടെ നേതാക്കൾ അത്ര ശ്രേയസ്കരമാണെന്നല്ല. അവക്ക് ഒരു ഭാവിയുമില്ല." ശരിയാണ്. ഈ കക്ഷികൾക്ക് ഭാവിയിൽ യാതൊരു നിലനിൽപുമില്ല. പരമാർത്ഥം പറഞ്ഞാൽ ഇന്നും അവക്കൊരു നിലനിൽപ്പില്ല. ഐകകണ്ഠ്യേന പാസ്സാക്കുന്ന ഒരു പ്രമേയത്തിനെ അവതരിപ്പിക്കാൻ അങ്ങനെ കുറെ പാവകളെ നിരത്തിവച്ചിരിക്കുന്നുവെന്നേയുള്ളു ചൈനയിൽ ഒരേ ഒരു നേതാവ് മാത്രമാണുള്ളത്—മാവോസേതുംഗ്. പക്ഷേ ദീർഘകാലത്തെ ആത്മാർത്ഥമായ സഹകരണംകൊണ്ടും പരസ്പരധാരണകൊണ്ടും മൂന്നേയസ്റ്റാലെയും ലിയോഷിയോചിയെപോലെയും ചൗ-എൻ-ലായിയെപ്പോലെയുമുള്ള മറ്റു നേതാക്കന്മാർ മാവോസേതുംഗുമായി സമുന്നതമായ ഐകകണ്ഠ്യത്തിലും യോജിച്ചിരിക്കുന്നു.

ജപ്പാൻകാരുടെ കീഴടക്കത്തോടുകൂടി നയപരിപാടികളും തിരിച്ചുവയ്ക്കണമെന്ന് ജനാലിസമോസ്റ്റാലിൻ ചൗ-എൻ-ലായിക്ക് നിർദ്ദേശം കൊടുത്തു. കമ്മ്യൂണിസ്റ്റ് പാർട്ടി ക്രമിന്താംഗുമായി സഹകരിച്ചു പോകണമെന്നും ക്രമിന്താംഗിന് വിധേയമായി പ്രവർത്തിക്കണമെന്നുമായിരുന്നു സ്റ്റാലിന്റെ ആഗ്രഹം. ആ നിർദ്ദേശങ്ങളും ചൗ-എൻ-ലായി നിരുപാധികമായി അംഗീകരിച്ചുവെന്ന് തോന്നുന്നു. മാവോസേതുംഗും മറ്റു സഹപ്രവർത്തകരുമൊന്നിച്ച് റഷ്യയിൽ നിന്നും മടങ്ങിയെത്തി കഴിഞ്ഞ് സ്റ്റാലിന് ഇടപെടാൻ സമയം ലഭിക്കുന്നതിനുമുമ്പ് അദ്ദേഹം വിമോചനപ്രസ്ഥാനം പൂർണ്ണതയിലെത്തിച്ച് ചൈനയിലെ ഉന്നതന്മാരായ നേതാക്കന്മാർ തമ്മിലുള്ള ഈ ഏകയും ശക്തമായ സഹകരണബന്ധത്തെപ്പറ്റി വിദേശീയനായ ഒരു നയതന്ത്ര പ്രതിനിധിയോട് ഞാനിയിടെ ചോദിക്കുകയുണ്ടായി. അദ്ദേഹം മറുപടി പറഞ്ഞു: ഓ! അവർ കള്ളന്മാരെപ്പോലെ തന്നെ ഒരുമിപ്പുള്ളവരാണ്.

ആ ശൈലി അത്ര സുഖകരമല്ലെങ്കിലും ചൈനയിലെ സ്ഥിതിഗതികളെ ആ വാചകം ആവിഷ്കരിക്കുന്നുണ്ട് മാവോസേതുംഗാണ് സാക്ഷാൽ സർവ്വാധിപതി. ഉറ്റബന്ധമുള്ള ഏതാനും സുഹൃത്തുക്കളും സഹപ്രവർത്തകന്മാരും അദ്ദേഹത്തിന് സഹായവും സഹകരണവും നൽകുന്നു. ഒരു കർഷകനായ മാവോസേതുംഗിനെ ചൈനയിലെ കർഷകന്റെ നാഡിസ്പന്ദനം കേൾക്കുവാനുള്ള കഴിവുണ്ട് ഒരദ്ധ്യാപകനെന്ന നിലയിലും പണ്ഡിതനെന്ന നിലയിലും ശിക്ഷണം നേടുകയും ഹൃദയശക്തികൊണ്ട് ഒരു കവിയുടെ ചേതോവികാരങ്ങളും പുലർത്തുകയും ചെയ്യുന്ന മാവോസേതുംഗ് മാനുഷികമായ മൂല്യങ്ങളെ മാനിക്കുകയും സാദ്ധ്യമാകുന്നിടത്തോളം മനുഷ്യദുരിതങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന ഭയാലുവായ ഒരു സർവ്വാധിപതിയാണ്.

R. S. P. TIMBER DEPOT,

EAST THAMPANOOR


TRIVANDRUM 1

തേക്ക്, ഇറ്റ്ടി, വേങ്ങ, തേമ്പാവ്, മരുത് ആഞ്ഞലി, മുതലായ എല്ലാത്തരം: ഉരുപ്പടികളും അറുത്ത ഒരൈസസ് ഉരുപ്പടികളും മിതമായ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്.

N. B. ഓർഡർപ്രകാരം ഏതിനം ഒരൈസസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണ്,

Phone 2743.

Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ



തിരുവിതാംകൂർ നിയമസഭയ്ക്ക് ഒരു ചരിത്രമുണ്ട്, ഒരു മേന്മയുമുണ്ട്. അവസാനത്തിൽ ചില്വാനം നാട്ടുരാജ്യങ്ങളും ഇൻഡ്യയിൽ ഉണ്ടായിരുന്ന അവയിൽ ആദ്യമായി ഒരു നിയമനിർമ്മാണസഭ രൂപം കൊള്ളുന്നതു് തിരുവിതാംകൂറിൽ ആയിരുന്നു. ഏതാണ്ടു ഇരുനൂറ്റാണ്ടിനു് മുമ്പുകൊല്ലം മുൻപു് ആയിരത്തി അറുപത്തിമൂന്നിൽ ആണ് അതു സംഭവിച്ചതു്. അന്നു് രാമാറാവു ആയിരുന്നെന്നു തോന്നുന്നു ദിവാൻ. രാജഭരണം അതിസങ്കീർണ്ണമായി തീർന്നുകൊണ്ടിരിക്കുന്നതായിരുന്നു വിനും മന്ത്രിക്കും ഭാരിച്ച്യമായതിനാൽ ഫലമായിട്ടുണ്ടായ ഈ പരിഷ്കാരം. അന്നു മുതൽ ഏട്ടുവരെ അംഗങ്ങളുംനിയമനിർമ്മാണസഭക്കു നിശ്ചയിച്ചു അവരിൽ രണ്ടു പേർ ശവമെമ്പർ നിയമിക്കുന്ന അനുദ്യോഗസ്ഥന്മാർ ആയിരിക്കണമെന്നു് വച്ചു അനുദ്യോഗസ്ഥന്മാർക്കു് അനുകൂലമായി നിയമനിർമ്മാണകാര്യത്തിൽ അങ്ങനെ പങ്കുചേർത്തു. പരോക്ഷ സർക്കാരിന്റെ ദൃഷ്ടിയിൽ ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരായവർക്കു ഈ നോമിനേഷൻ വ്യവസ്ഥ മൂലം നിയമസഭയിൽ വരാൻ സാദ്ധ്യമായിരുന്നുള്ളൂ. അധികാരങ്ങളും പരിമിതമായിരുന്നെങ്കിലും ഇതു് ഒരു നല്ല ആരംഭംതന്നെ ആയിരുന്നു. പത്തുകൊല്ലംകഴിഞ്ഞു് അംഗസംഖ്യ എട്ടിൽനിന്നു പതിനാലു വരെ ആക്കി ഉയർത്തുകയും ശവമെമ്പർ നിയമിക്കുന്ന അനുദ്യോഗസ്ഥാംശങ്ങളുടെ അനുപാതം അതുകൊണ്ടുണ്ടായതിനാൽ രണ്ടിനും കുറച്ചുകൊടുത്തുകയും ചെയ്തു. കുറേക്കാലം കഴിഞ്ഞു് മാറ്റം വ്യതിയാനം ഈ അനുദ്യോഗസ്ഥന്മാരുടെ നിയമനംസംബന്ധിച്ചു് വന്നുകയുണ്ടായി. ജനങ്ങളുടെ അഭിലാഷങ്ങൾ നേരിട്ടറിയിക്കുന്നതിനു് വി. പി. മാധവരായർ ശ്രീമൂലം പ്രജാസഭ എന്നു് ഒരു പൂർണ്ണസമിതി രൂപവൽക്കരിച്ചു പ്രജാസഭ ഈ പാർശ്വചെയ്യുന്ന അനുദ്യോഗസ്ഥന്മാരെ നിയമസഭയിലേക്കു് ശവമെമ്പറുടെ നിയമനം ചട്ടവട്ടവും അതോടെ ഉണ്ടായി. സംസ്ഥാനത്തെ നാലു വനഡിവിഷനുകളും ഓരോന്നിനും ഓരോ അനുദ്യോഗസ്ഥനെ തിരഞ്ഞെടുക്കാമെന്ന വ്യവസ്ഥയാണ് തന്മൂലം ഉണ്ടായതു്. പരോക്ഷമായ ഒരു തരം തിരഞ്ഞെടുപ്പു്. പ്രജാസഭക്കു് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള വോട്ടവകാശയോഗ്യത ആണ്ടിൽ അൻപതു രൂപാ കരംതീരുവ ആയിരുന്നു എന്നും ഓർമ്മിക്കേണ്ടതുണ്ടു്.

ഇങ്ങനെ നടന്നുവന്ന നിയമനിർമ്മാണസഭയ്ക്കു് പിന്നൊരു പരിവർത്തനം വരുന്നതു് ഞാൻ മേൽപ്പറഞ്ഞിട്ടുള്ള തൊണ്ണൂറഞ്ചിലെ റിഫോർമേഷൻമൂലമാണു്. നിയമസഭയുടെ അംഗസംഖ്യ ആ റിഫോർമേഷൻമൂലം ഇരുപത്തഞ്ചായി വർദ്ധിപ്പിച്ചു. പകുതിയിൽ അല്പം കുറഞ്ഞ അനുദ്യോഗസ്ഥന്മാർക്കു് അതിൽ സ്ഥാനവും നൽകി ഈ നിയമം ആരെയും സംതൃപ്തരാക്കിയില്ല. നാടൊട്ടുക്കു് പ്രതിഷേധിച്ചു അതിന്റെയുടെ ഫലമായി കഴിഞ്ഞ രണ്ടു കൊല്ലംകഴിഞ്ഞപ്പോൾ ഈ നിയമവും കടലിൽ കളയപ്പെട്ടു. തൊണ്ണൂറേഴിൽ വീണ്ടും നിയമസഭാ പരിഷ്കാരം നടന്നു. നിയമസഭയിൽ അൻപതു അംഗങ്ങളും ഉണ്ടായിരിക്കും. ഇരുപതഞ്ചുപേർ തിരഞ്ഞെടുക്കപ്പെടുവരും 25 പേർ നോമിനേറ്റു ചെയ്യപ്പെടുവരും ആയിരിക്കും. അതുകൊണ്ടു 22 പേരിൽ 15 പേർ ഉദ്യോഗസ്ഥന്മാരാണ്. ദിവാനാണു് അദ്ധ്യക്ഷൻ. ഹൈക്കോടതിയിലെ അഡ്വക്കേറ്റ് ജനറൽ നിയമമെമ്പർ ഒരു ഡെപ്യൂട്ടി പ്രസിഡന്റും അദ്ധ്യക്ഷനായിരിക്കും. വോട്ടവകാശയോഗ്യത ഗ്രാമപ്രദേശങ്ങളിൽ അഞ്ചുരൂപാകരം തീരുവയും പട്ടണങ്ങളിൽ മൂന്നു രൂപയും ആയിരുന്നു. ഭൂസ്വത്തും കരംതീരുവയും ഉള്ളവർക്കു മാത്രം നിയമസഭയിൽ പ്രാതിനിധ്യം നൽകുന്ന ഏർപ്പാടു് ഈ നിയമസഭയാണു് ആദ്യം ഏർപ്പെടുത്തിയതു്.

ജനസംഖ്യയിൽ തിരുവിതാംകൂറിൽ പ്രഥമസ്ഥാനം ഉണ്ടായിരുന്ന സമുദായമായിരുന്ന ഈഴവർ. എങ്കിലും ഒരാറ്റം ആളെപ്പോലും തിരഞ്ഞെടുപ്പുമൂലം നിയമസഭയിലേയ്ക്കയയ്ക്കുവാൻ ആ സമുദായത്തിനു് സാദ്ധ്യമായിരുന്നില്ല നാലുതവണ ഈ നിയമസഭക്കു് തിരഞ്ഞെടുപ്പുകൾ നടന്നു. ഈഴവർക്കു നാലുതവണയും കിട്ടിയ സ്ഥാനാർത്ഥികൾ പൂജ്യമായിരുന്നു. നായന്മാർക്കും മറ്റു സവർണ്ണഹിന്ദുക്കൾക്കും തെരഞ്ഞെടുക്കപ്പെടേണ്ട ഇരുപത്തിമൂന്നുപേരിൽ പതിനാറു സീറ്റും ആദ്യത്തെ മൂന്നു തെരഞ്ഞെടുപ്പുകളിലും പതിനെട്ടു സീറ്റും ഒടുവിലത്തെ തിരഞ്ഞെടുപ്പിലും സിദ്ധിച്ചു. മുസ്ലീമിനു് ഒരു തെരഞ്ഞെടുപ്പിൽ ഒരു സീറ്റു കിട്ടി ക്രിസ്ത്യാനികൾക്കു് ഏഴും അതും നാലുമൊക്കെക്കിട്ടി ഈഴവർക്കും മറ്റു പിന്നണിസമുദായങ്ങൾക്കും തിരഞ്ഞെടുപ്പുവ്യവസ്ഥ ഇങ്ങനെയിരിക്കുമ്പോൾ ഈ ദുർഗ്ഗതിയേ വരാനുണ്ടായിരുന്നുള്ളൂ. എല്ലാ സമുദായങ്ങൾക്കും [illegible] സ്ഥാനാർത്ഥികളെ നിർത്തിക്കൊടുക്കാൻ ഒരു സന്നാഹവും ഉണ്ടാകത്തക്ക അളവുകോൽ ഈഴവരിൽ നിന്നു് മാത്സര്യക്കാഞ്ഞിട്ടല്ല. തൊണ്ണൂറേഴിൽ എൻ. കുമാരൻ കെ. പി. രാമൻപിള്ളയുമായി വാശിയേറിയ ഒരു മത്സരം നടന്നു. ആ മത്സരത്തിൽ യഥാർത്ഥത്തിൽ വോട്ടകം അധികംകിട്ടിയതു് എൻ. കുമാരനായിരുന്നുവെങ്കിലും ജയിച്ചതു് രാമൻപിള്ളതന്നെയായിരുന്നു. എൻ. കുമാരനുകിട്ടിയ വോട്ടുകളിൽ കുറെ അധികം അസാധുവായിപ്പോയി. പിന്നീടുണ്ടായ തിരഞ്ഞെടുപ്പിൽ മഹാകവി കുമാരനാശാൻ കൊല്ലത്തുനിന്നു മത്സരിച്ചുനോക്കി. ആശാന്റെ യശഃപരിമളം അന്നു കേരളക്കരെ ഒട്ടുക്കു വ്യാപിച്ചിട്ടുണ്ടു് സ്വാഭാവികമായിരുന്നു അദ്ദേഹം ആ തെരഞ്ഞെടുപ്പുകാലത്തെ ആശാനെക്കുറിച്ചു പല സ്മരണകളും എനിക്കുണ്ടു്. സി. വി. അന്നു കൊല്ലത്തു ഡെപ്യൂട്ടിപ്രസ്സിനു തെക്കുവശം ഒരു കെട്ടിടത്തിൽ താമസമായി കുമിനടത്തികൊണ്ടിരിക്കുന്നു. ആശാനും സി. വി. യും അന്തേവാസിത്തക്കാളാണു്. ആശാന്റെ ശകാരത്തെക്കുറിയും ഏതാണ്ടു് സി. വി. യുമാനിച്ചു ആയിരുന്നു എന്നതിനെപറ്റിയാം ആശാൻ അന്നു് കണക്കു എഴുതി മുഴുമിപ്പിച്ചിട്ടില്ല. ആദ്യത്തെ രണ്ടു കാണ്ഡങ്ങൾ എഴുതിയിട്ടുണ്ടു്. വഞ്ചിപ്പാട്ടാണെങ്കിലും സ്വന്തം മതം തീരുതിയിലാണു് ആശാൻ അതു ചൊല്ലിയാവു്. സി. വി. യുടെ ഭവനം അക്കാലങ്ങളിൽ ഒരു വിപ്ലവസമസ്യായിത്തന്നെ ശ്രുതാന്തരപ്പെട്ടിരുന്നു. അതെങ്കിലും അഗ്രഹം പ്രദർശിപ്പിച്ചാൽ മതി കരുണയാണു് കേൾക്കണമെന്നു്. ആശാന്റെ പ്രസിദ്ധമായ അന്തകൽ സഞ്ചയിൽ സംഭ്രമമായ അപൂർണ്ണചൊരിനിമിഷത്തിൽ പൂർത്തിവരികയായി ഒരു പൊട്ടിച്ചിരിയോടും അതിനോടൊപ്പോടുംകൂടി ആശാൻ അതങ്ങോട്ടു വായിക്കുകയായി. പക്ഷേ അതു ശവമെമ്പർപോലും കൊല്ലം നിയോജകമണ്ഡലം തിരഞ്ഞെടുപ്പിൽ

(ശേഷം 36-ാംപേജിൽ)

ഇന്നത്തെ ശകുന്തള!

രാധാമണി

തരളോവന പൊന്നിൻ ചിറകടി-
ച്ചുതിവിട്ടിരം പാറിനടന്നങ്ങനെ
കവിതകളും പൂത്തു സൗന്ദര്യമാധുരി
വിടരുമാ മൺമറഞ്ഞ കാലങ്ങളിൽ
നവനിലാവു നെയ്തെടുത്തയോ മാദക-
ലഹരി ചേർന്ന വസന്തവനികയിൽ
ഹൃദയഹാരിയാമായിരം കൊച്ചുപൂ-
ങ്കുചികകളും പുഞ്ചിരിച്ചു പൂവാടിയിൽ
മധുതുളുമ്പുന്ന രാഗാർദ്രഗീതികളും
ഋതിതന്മോഹനക്കൊച്ചു പുല്ലാങ്കുഴൽ
സരളഗാനം കൊഴിച്ചു സകലതുമകമുകർന്നു ഞാൻ ചുണ്ടോടു ചേർക്കവേ

* * * * * *

അവിടെ നോക്കൂ: ശകുന്തള! ഭാരതാ-
വനിയിലേ തേനിയന്ന വാടാമലർ!
മഹിതമാം കണ്വാശ്രമാങ്കണം ശിത-
ന്നഴകെഴുന്ന ജയവൈജയന്തിക!
കുസുമിതം വനജ്യോത്സ്നാ സുശീതള-
തളിർനികുഞ്ജക സുന്ദരച്ഛായയിൽ
കുളിർനിലാവു വിരിച്ച പൊന്മഞ്ചിളി,
ഭരത രാജാധിരാജന്റെ കണ്മണി!
അരുണസുന്ദരപങ്കജത്തിന്നിളം-
തളിരിലോമനത്തൊങ്കവിരൽത്തുമ്പിനാൽ
പ്രണയഗാനം രചിച്ചതിൻ മാദക-
ലഹരിയേകുന്ന നിർവൃതിലീനയായ്
കവിതതുളുമ്പിത്തുളുമ്പുമാ മോഹന-
നയനനീലാരവിന്ദ ദളങ്ങളിൽ
വിവിധരമ്യവികാരങ്ങളാകവേ-
യണിനിരന്നെത്തി നൽനനമാടവേ-
പുളകവല്ലിതൻ പൂമൊട്ടു മിന്നുമാ
ഹൃദയഹാരിയാം പൊൻ കവിൾത്തളിരും
മദകരം തേൻതുളുമ്പുമാറങ്ങിനെ
വിടരവേ നറും കുങ്കുമപ്പൂവുകൾ,
കിലുകിലെച്ചിരിതൂകിയാ മാലിനീ-
സലില നീലതരംഗമാലകളും
കനകപാദ സരോജസുമങ്ങളേ
ഹൃദയ പൂർവ്വകമുമ്മവച്ചീടവേ,
കവനമോഹന മഞ്ചിളിപ്പുനിലാ-
വൊഴുകിവീണപോൽ ലാവണ്യറാണിയായ്,
സുരപഥത്തിലേ സൗന്ദര്യ ശംഗയിൽ
വിഹരണം ചെയ്ത മഞ്ജുളഹംസമായ്
വിമലമാമിനി വെണ്മണൽത്തിട്ടയിൽ
ജലസയായ് ചാഞ്ഞലോകൈകസുന്ദരി!
ഭവനം ജനിത്രിയാണാപ്തവേദിത-
ന്നനഘമാകും കരംതുടിപ്പാണവനം

* * *

അഴകെഴും വിശ്വനായികോൽസംശക-
സുഖദശീതളശയ്യാതലത്തിലായ്,
അലസമായ് തലചായ്ച്ചു മയങ്ങിഞാൻ
മധുരസപ്നം നുകർന്നുകൊണ്ടങ്ങനെ-
അരനിമേഷം; മുഴങ്ങീപൊട്ടന്നനേ-
രൊരുനിനാദം; "ഉറങ്ങു നിൻകണ്ണുകൾ!
ക്ഷണമുണർന്നു നടുങ്ങിഞാനെങ്കിലു-
മിഴിതുറന്നു, തുടച്ചു വീക്ഷിക്കയായ്.
കരിപിടിച്ചു കവർന്നുകീറുന്നുണി-
ക്കുകൊരുസ്ഥി ചലിക്കുന്ന മന്ദമായ്
അതിഭയാനകരൂപം, ചിരിച്ചുകൊ-
ണ്ടവിടെനില്പൂയാണപ്പൈശാചിനി!
മിഴികളും ക്രൂരിയുറങ്ങിക്കിടക്കയാ-
ണഴകെഴും കൊച്ചുപൈതലാരക്കകളിൽ
വനികയിൽകരിന്തായലിൻ മാറിലായ്
തലയയത്തുന്നാരാന്ധല'ൻ മൊട്ടപോൽ!

ധീരകലന്നൊരരൻ കണ്ണാരുത്തിൽനി-
ന്നടരയന്നൊരുചോദ്യം—"മാരാണനീ?"
തുടരയാത്തുചിരിച്ചുവരം തൽക്ഷണ-
മലറി! "നിൻറൊശകന്തളയാണഞാൻ."
മമഹൃത്തം മിടിച്ചു; ഭയന്നൊ-
ന്നുരുളി- "പോകൂ, വെറും ഭ്രാന്തിയാണനീ!"
തെരുവുതണ്ടിയീപ്പെണ്ണോദ്ഘോഷ്ടന്തനം
ഹൃദയഗാണിയാം മേനകാനന്ദിനി?

അവൾ ചിരിച്ചു—"നീകേൾക്ക ഞാൻ ചൊല്ലുമീ-
കഥ, കിനാവുകൾപോകട്ടരക്ഷണം
അഴകിലായിരം തേന്മാവുപൂത്തൊരാ
തണുതണുപ്പാൻഗ്രാമീണവക്ഷസ്സിൽ
പുളകമായകം തങ്കുകിനാക്കളെ
തീകിമേവിഞാനാഹ്ലാദപൂർവ്വകം.
കരിപുരണ്ടിരുന്നില്ലയന്നനിളം-
കരളിൽ— ഏതിനിന്നോർക്കിക്കണം വൃഥാ?

സകലതും ചൊന്ന "കാളിദാസന്റെയാ
ഭവനമോഹിനി നീ തന്നെയോ മനേ!"
ഹൃദയവേദിയിലാഞ്ഞു തറച്ചിട്ടും
ചിരിയുമായല്പനാഴികയ്ക്കപ്പുറം
ഒരു യുവതിയെത്തി, ഞാനറിയാതെയെൻ
കരളിൽമെല്ലെത്തുഴഞ്ഞെറിഞ്ഞിയന്നവൾ
അരുമസ്വപ്നം നകർന്നകന്ന ഞാൻ
ദിനശതങ്ങൾ കഴിക്കയായുൽസുകം.
ഒരുദിനം യാത്രയോതാതെ മാമക-
ഹൃദയനായകൻ ഗ്രാമം വെടിഞ്ഞുപോയ്
വളരെ നാളകം കാത്തുകാത്തെൻകരൾ
ഉരുകി, നൊന്തു തകർന്നുപോയ് ഹൃത്തടം.
കരുതിയില്ല ഞാനെൻപൊൻകിനാക്കളിൽ
കലരുമല്പവും കണ്ണുനീരെന്നഹോ!
പതിതയായിഞാൻ തപ്താശ്രുമഗ്നയായ്
ജനനിജീവൻവെടിഞ്ഞുമറഞ്ഞുപോയ്.
ഒടുവിലാട്ടിപ്പുറത്താക്കിയെന്നെയൻ
സഹജരേതോനിശാമദ്ധ്യവേളയിൽ
കരളൊന്നാളുമനാഥയിക്കരഞ്ഞുഞാൻ
പരവുമയ്യോ, തളർന്നു കുഴഞ്ഞുപോയ്
കൊടിയക്രൂരരിലാരോരാരാത്രിയിൽ
തണുതണുത്തുമരവിച്ചകാറിലും
അവശയായെയെൻറെ വീട്ടുവാതില്പുറ
ശിലയിലന്നു ചരിഞ്ഞുഞാൻ വീഴ്കയ യ്

....

അറിയുമോയെന്റെ കുഞ്ഞിനെ?—ക്രൂരനാ-
മൊരു ദുഷ്ഷന്തനെൻസന്നിധാനമാണവൻ"
കൊടിയ പട്ടിണിതീമഴ കാരണം
പെരുമൊരസ്ഥിയായ്മാറി ഞാൻ നാമക്കനാമം
വയറുകത്തും വിശപ്പിൽ പൊരിഞ്ഞുപോയ്
മമശിരസ്സു ഞാൻ തൃക്കിച്ചു സമസ്തവും.
തളരുമാമണിച്ചുണ്ടും വിടർത്തിയെ-
ന്നമമനന്ദനൻ വിങ്ങിക്കരയവേ.
സകലതും, മമ മാനവുംകൂടിയീ
ത്തെരുവിൽ വിറ്റു ഞാൻ കുഞ്ഞിനപ്പോറ്റുവാൻ
ചെളിനിറഞ്ഞൊരീയോടയാണിന്നെനി
ക്കമ്മയുമെൻ കുഞ്ഞിനോമൽമണി ഗൃഹം
സകലതും കല്പാന്തത്തോട്ടിയങ്ങനെ
യകലമാറ്റുമീശപ്തമാതാവിനേ.
ഏവിടെയാവാമൊരിക്കലെൻ ചിന്തയിൽ
സുധപകർന്നൊരെൻ ജീവനേറ്റ നായകൻ?
ഒരു നിമേഷമെൻ ചൈതലിൻ താതനേ-
യകലെനിന്നൊന്നു കാണുവാൻ പറ്റുകിൽ!
മരണമെന്നെ ഗ്രസിപ്പതിൻ മുമ്പിലാ
യരുണമെനിക്കന്ത്യയാത്രാമൊഴി!'
പൊരിയുമഗ്നിസ്ഫുലിംഗങ്ങളായിര
മുടനയ്ന്നു കഴിഞ്ഞൊരാക്കൺകളിൽ.
അവജ്ഞചലിച്ചു രചിച്ചുരോമാഗ്നിയിൽ
പിടയുകയായ് ദുഷ്ഷന്തനും രാമനും!
വിളറിഞാൻ; നിന്നിയില്ലവം ചോദ്യമായ്,
"പറയൂ; ഞാൻതന്നെയല്ലേ ശകുന്തള?
അതിശയിക്കേണ്ട; കാമുകതൃകൃതയാം
അഭിരാധയും ഞാൻതന്നെയല്ലയോ?
ജഗദധീശനാം രാമൻ വലിച്ചെറി-
ഞ്ഞടവിയിൽ കേണ മൈഥിലീദേവിയും?

....

ഇതുവിധം കാത്തുകാത്തു കൊതിക്കുമീ-
ക്കരളിളപ്പാട്ടിക്കകന്നുപോയിടവേ,
ഒരു ദുഷ്ഷന്തനെറെയെങ്കിലും കൺകളിൽ
പൊടിയുമോ രണ്ടു കണ്ണുനീർത്തുള്ളികൾ?"

(34-ാംപേജിൽനിന്നും തുടർച്ച)

രിഷ്ക്കരിക്കയാണുണ്ടായതു്. ഇ
ന്നെനിക്കു രാമപോലും വരത്തെ
തോ ഒരു ഗംഭീരനെ കൊല്ലും
ന്നു വരിച്ചു സി. വി. യായി
ന്നു തിരഞ്ഞെടുപ്പിന്റെ കടി
ത്താൻ പിടിച്ചിരുന്നതു്. കേര
ളകേസരിയിൽ സി. വി. യുടെ
നതൃജ്ജ്വലമായ കുറെ ലേഖന
ങ്ങളും അന്നു് ഈ തിരഞ്ഞെടുപ്പു
സംബന്ധിച്ചു് വന്നിരുന്നു അതു്
എനിക്കു് അനുവേദ്യംകൊള്ളിച്ചു.
ഈഴവന്റെ പരാധീനത എന്നെ
ബോദ്ധ്യപ്പെടുത്തി എങ്കിലും എന്റെ
ഭരിയത ഒരു ഉദാസീനഭാവം
കൈക്കൊള്ളുവാൻ എന്നെ പ്രേരി
പ്പിച്ചു ഈഴവസമുദായ
ത്തിനു്, ജനസംഖ്യയിൽ മുന്നിട്ടു
നിന്ന ഒരു സമുദായത്തിനു് ഈ
രാജ്യത്തെ ഭരണകാര്യങ്ങളിൽ ഒരു
പങ്കുണ്ടായിരുന്നില്ലെന്ന വ
സ്തുത, ഈഴവനേതാക്കന്മാരുടേയും
പത്രങ്ങളുടേയും വാദങ്ങൾക്കു് ഒരു
അംഗീകാരവും കരിടത്തുനിന്നും
കിട്ടിയിരുന്നില്ലെന്നും രാഷ്ട്രീയശക്തി പി
ടിച്ചടക്കിയിരുന്ന നായർസമുദായം
പോലും ഒരു കാരുണ്യവും ഈഴ
വരോടു കാണിച്ചിരുന്നില്ലെന്നും ഉ
ള്ള വസ്തുത എനിക്കു് ബോദ്ധ്യ
മായിരുന്നു. ഏൻറെ ദേശീയതയിൽ
പൂർണ്ണത്തു് ഉണ്ടോയെന്ന ഒരു
നേരിയ സന്ദേഹം എനിക്കു് പി
ന്നെയും പിന്നെയുമുണ്ടായ തിര
ഞ്ഞെടുപ്പു ഫലം എനിക്കു് ഉളവാ
ക്കാതെയും ഇരുന്നില്ല. അപ്പോഴാ
ണു് ഈഴവനേതാക്കന്മാർ ഒരു പു
തിയ അടവു് എടുത്തതു് ഈഴവക്കു് നിയമസഭയിൽ തിര
ഞ്ഞെടുപ്പുമൂലം സ്ഥാനങ്ങൾ ലഭി
ക്കാൻ സാദ്ധ്യമല്ലാതിരിക്കെ സം
വരണം കിട്ടേണ്ടതാണെന്നും, പ്രാ
യപൂർത്തി അടിസ്ഥാനമാക്കി വോ
ട്ടവകാശം നിഷ്കർഷിക്കേണ്ടതാണെ
ന്നും എസ്. എൻ. ഡി. പി. യോഗ
വും ഈഴവപത്രങ്ങളും വലിയ ഒരു
പ്രക്ഷോഭണവും ആരംഭിച്ചു. രാജ്യ
മൊട്ടുക്ക ഈഴവമഹായോഗങ്ങൾ
കൂടി സമുദായപ്രാതിനിധ്യത്തി
നും പ്രായപൂർത്തിവോട്ടവകാശത്തി
നുംവേണ്ടി നിശ്ചയങ്ങൾ പാസ്സാ
ക്കി. മഹാരാണിക്കും ദിവാൻജി
മാർക്കും നിവേദനങ്ങൾ സമർപ്പി
ച്ചുതുടങ്ങി പക്ഷേമോക്ഷം നാസ്തി,
ഫലം നാസ്തി എന്ന നിലയെ ഉണ്ടാ
യുള്ളൂ 103-ലാണെന്നു തോന്നുന്നു
സൈമൺ കമ്മിഷൻ ഇൻഡ്യയിൽ
വന്നതു്. അന്നു് യോഗം ജനറൽ
സെക്രട്ടറി സി. വി. ആയിരുന്നു.
അദ്ദേഹം ആ കമ്മിഷനു് യോഗം
വകയായി ഒരു മെമ്മോറാണ്ടം സ
മർപ്പിച്ചു. അതു് ഒരു കൊച്ചു പരിത്ര
രേഖ തന്നെയാണു്. ഇൻഡ്യയി
ലെ ബഹുഭൂരിപക്ഷം ജനങ്ങളെ
നിശ്ശേഷം മറച്ചുനിർത്തിക്കൊ
ണ്ടുള്ള ഒരു ഭരണപരിഷ്ക്കാര
ത്തിനു ശുപാർശചെയ്യാൻ കമ്മി
ഷൻ ഒരുമ്പെട്ടതെന്തുകൊണ്ടാ
ശകതിയായി അതിൽ ഉന്നയിച്ചി
രുന്ന സകല അധികാരങ്ങളും കു
ത്തുകയിവച്ചിരുന്ന സവർണ്ണഹിന്ദുക്ക
ളുടെ ഇരുമുഷ്ടിയൽനിന്നും അ
വർണ്ണരെ മോചിപ്പിക്കുന്ന വ്യവസ്ഥ
കളാണ് വേണ്ടിയിരിക്കുന്നതെന്നു്
അതിൽ പ്രസ്താവിച്ചിരുന്ന പ്ര
ത്യേക നിയോജകമണ്ഡല
ങ്ങൾമൂലം സമുദായപ്രാതിനിധ്യം
നൽകണമെന്നും പ്രായപൂർത്തി വോ
ട്ടവകാശം നൽകണമെന്നും മറ്റും
മാറ്റം അതിൽ വാദിച്ചിരുന്ന ഇ
ങ്ങനെ ഒരു പ്രക്ഷോഭണം ഈഴവരു
ടെ നേട്ടവിഭാഗത്തു് 108-ാമത്തെ നിയ
മസഭാപരിഷ്ക്കാരവിളംബരം ഉ
ണ്ടായതു്.

കൊറിയയിൽ ഇന്നു് നടക്കുന്ന സൈനിക രാഷ്ട്രീയ നാടകം

★

മല്ലുകത്തു ജി വെല്ലപ്പൻപിള്ള, കൊറിയ

തടവുകാരെ യുദ്ധകക്ഷികളിൽ നിന്നും ഏറെറടുത്തു് അവരുടെ ഹിതം ചോദിച്ചുറിഞ്ഞു് ഇഷ്ടമുള്ള സ്ഥലത്തേയ്ക്കു് വിട്ടയയ്ക്കുമെന്നാണല്ലോ ഇൻഡ്യൻ സൈന്യവും നിഷ്പക്ഷകമ്മീഷനും കൊറിയയിൽ വന്നതു്. ഞങ്ങളിൽ ഏറെവും പുറകിൽ വന്നവർ മദ്രാസ്സിൽ നിന്നും കപ്പൽ കയറുന്നതിനു മുൻപുതന്നെ കൊറിയായിൽനിന്നും അസുഖകരമായ വാർത്തകൾ കേട്ടു; ആദ്യം എത്തിയ ഇന്ത്യാക്കാരെ തടവുകാർ മുഷ്ടിചുരുട്ടിക്കാണിക്കുന്നു എന്നു്. ഏതു പക്ഷത്തുനിന്നും ഏറെവാങ്ങിയ തടവുകാരാണു് ഇങ്ങനെ ശത്രുതാപ്രകടിപ്പിക്കുന്നതെന്നോ ഇൻഡ്യാക്കാരോടു വിരോധത്തിനു കാരണമെന്തെന്നോ ഞങ്ങൾക്കാർക്കും മനസ്സിലായില്ല. സെപ്തമ്പർ 27-ം തീയതി ഞങ്ങളുടെ ഒരു മേജറെ തടവുകാർ തടവിലാക്കി. മേജർ ജനറൽ തൊറാട്ടിനെ പിടിക്കാൻ ശ്രമിച്ചു. അയാളെ ഇവിടെയെത്തിയ ഞങ്ങൾക്കു് ഇതു് അത്ഭുതമായിത്തോന്നി, തടവുകരിൽ ചിലർ കൂട്ടുതടവുകാരെകൊന്നു അന്വേഷണംനടത്താൻഏർപ്പെടുത്തിയ ഇൻഡ്യൻ ഭടന്മാരെ ആക്രമിക്കാൻ ഭാവിച്ചു. ഏല്ലാ തടവുകാരുംകൂടി വേലിചാടിരാജ്യാൻ ഭാവിച്ചു. ഇതു തടയുന്നതിനായി ചൈനയോതിൽ ഒരു വെടിവയ്പുനടത്തുകയും തൽഫലമായി നാലഞ്ചുപേർ മരിക്കുകയും ചെയ്തു.

തടവുകാർക്കു് രണ്ടുതരക്കാരുണ്ടു്. ഖാൻറണ്ടു്. പാട്ടും ആട്ടവും ഉണ്ടു് പരേഡുണ്ടു്. പ്രസംഗങ്ങളുണ്ടു് ഈ കൃത്യങ്ങളെല്ലാം നോക്കിനടക്കുന്നതു് ചൈനീസ്സുകാരാണു്. ഇവരുടെ നിർദ്ദേശമനുസരിച്ചാണു് ഇവർ പ്രവർത്തിക്കുന്നതു്. ഇവരുടെ ഇടയിൽ ചൈനീസ്സുകാരായ ഓഫീസർമാരുണ്ട

5-ാം- വടക്കൻകൊറിയാ തെ
ൻകൊറിയായെ ആക്രമിച്ചു. തെ
ർ ആക്രമണോൽസുകരായി
സൈന്യസജ്ജീകരണം
ചയ്തതറിഞ്ഞു് അതി നെ
ടയാനായി പ്രതിരോധത്മകമാ
ി തങ്ങളും പ്രവത്തിച്ചുതാണെന്നാ
ം് വടക്കർ പറയുന്നതു്. ഏതാ
ാമും. ജൂൺ 28-ാം- കൊറിയായെ
ട തലസ്ഥാനമായ സിയോളും
ടക്കർ പിടിച്ചു. അമേരിക്ക ഉട
നെയും, മറ്റു പതിനഞ്ചു രാജ്യക്കാർ
ഐക്യരാഷ്ട്രസഭയുടെ "കൊറിയാ
യെ സഹായിക്കുക" എന്ന പ്രമേയം
പാസ്സായതിനുശേഷവും, സൈന്യ
ങ്ങളെ അയച്ചു തെക്കൻ കൊറിയാ
യെസഹായിച്ചു വടക്കൻകൊറിയാ
ക്രമണലക്ഷണം കണ്ടപ്പോൾ
ചനാ വാളൻറിയേഴ്സിനെ
യച്ചു് വടക്കരെ സഹായിച്ചു.
ടക്കരുടെ പുറകിൽ, വളരെ പുറ
ിൽ റഷ്യ ഉറച്ചുനിന്നുകൊടുക്കുക
ും ചെയ്തു ഒരു വർഷംകൊണ്ടു്
കൊറിയായിൽ അങ്ങോളമിങ്ങോ
ം രക്തപ്പുഴകൾ ഒഴുകി.

സന്ധിയാലോചന

ഇരുകക്ഷികളും കൊണ്ടും കൊടു
ത്തും തളർന്നപ്പോൾ റഷ്യയുടെ പ്ര
ോത്സാഹനഫലമായി, സന്ധിസംഭാഷ
ണം തുടങ്ങി. ഒരു വർഷത്തോളം
ടിയാലോചനകളും പൊരിയ
ാതിലുള്ള യുദ്ധവും മുടങ്ങിയും
ടർന്നും നടന്നുവന്നു. പല തർക്ക
വിഷയങ്ങളും പറഞ്ഞൊതുങ്ങി.
ണ്ടുപേരും പിന്നെയും അവശേഷിച്ചു.

തടവുകാരെ നാട്ടിലയയ്ക്കൽ

ഏറ്റം കടുക്കപിടിച്ച വിഷയങ്ങളിൽ
ഒന്നായിരുന്നു തടവുകാരെ കൈമാ
റ്റം ചെയ്യുക എന്നുള്ളതായിരുന്നു.
ഇരുപക്ഷത്തും പിടിക്കപ്പെട്ട തട
വുകാരുടെ സംഖ്യയെപ്പറ്റിയുള്ള
അന്തരം തർക്കം ഉണ്ടായി. അതു പ്ര
ശ്നം ഏതാണ്ടു ശരിപ്പെടുത്തിയപ്പോൾ
ചില തടവുകാർ സ്വന്തം
നാട്ടുകളിൽ പോകാൻ ഇഷ്ടപ്പെ
ടുന്നില്ലെന്നും അവരെ ഒരുകാരണവ
ശാലും നിർബന്ധമായി അയയ്ക്കുന്നതു
ചിതമല്ലെന്നും ഇരുകക്ഷികളും
വാദിച്ചുതുടങ്ങിയപ്പോൾ സന്ധിസംഭാഷ
ണത്തിൻറെ വിജയസാദ്ധ്യത ഇ
രുണ്ടുമങ്ങിക്കത്തുടങ്ങുന്നതായി ഇട
യ്ക്കിടയ്ക്കു തോന്നിപ്പോയതു്.

ഇൻഡ്യൻ മദ്ധ്യസ്ഥത

തടവുകാരെ ഹിതമറിഞ്ഞു് നാ
ട്ടിലയയ്ക്കുന്ന വിഷയത്തെപ്പറ്റി
ഇൻഡ്യയുടെ ഒരു പ്രമേയം 1952
നവമ്പർ 17-ാം- ഐക്യരാഷ്ട്ര
സഭയിൽ പാസ്സാക്കി. അതനുസ
രിച്ചു് തടവുകാരെ നാട്ടിലയയ്ക്കു
ന്നതിനു് കമ്മൂണിസ്റ്റുകാരുടെ
ഇഷ്ടപ്രകാരം രണ്ടു നിഷ്പക്ഷരാ
ഷ്ട്രക്കാരും അംഗങ്ങളായും ഐക്യ
രാഷ്ട്രസഭയുടെ ഇഷ്ടപ്രകാരം ഒരു
നിഷ്പക്ഷരാഷ്ട്രം അദ്ധ്യക്ഷനായും, ഒരു കമ്മീഷൻ രൂപീകരിക്കണമെന്നു് തീരുമാനിച്ചു മുടങ്ങിക്കിടന്ന സന്ധിസംഭാഷണത്തിനു് ഈ തീരുമാനം ജീവനേകി.

യുദ്ധവിരാമസന്ധിയും നാക്കുർറീയുടെ ചതിയും

സമാധാനേച്ഛുക്കളായ പല രാജ്യതന്ത്രജ്ഞന്മാരുടേയും ഉൽസാഹഫലമായി യുദ്ധകക്ഷികളും ഒത്തുതീർപ്പിലെത്തി. സന്ധിയിൽ ഒപ്പുവയ്ക്കുന്നതിനുള്ള ദിവസവും നിശ്ചയിച്ചു സന്ധിയെ തകിടം മറിക്കാനുള്ള ഏകലക്ഷ്യത്തോടുകൂടി ഡാക്ടർ റീതന്നെ അധീനതയിൽ ഇരുന്ന 27000 യുദ്ധതടവുകാരെ ആരോടും ആലോചിക്കാതെ വിമോചിപ്പിച്ചു വടക്കരെ ഏല്പിക്കാതേയും തടവുകാരുടെ ഹിതപരിശോധന നടത്താതെയും തടവുകാരെ മോചിപ്പിച്ചതു് സന്ധിസാദ്ധ്യതയെ തകർത്തേക്കുമെന്നു് ലോകം ഭയപ്പെട്ടു. എങ്കിലും, കമ്മൂണിസ്റ്റുകക്ഷിയുടെ സമാധാനപ്രേമം നിമിത്തം യുദ്ധവിരാമസന്ധിയിൽ ഇരുകക്ഷികളും നിശ്ചിതദിവസംതന്നെ ഒപ്പിട്ടു. അങ്ങനെ, മൂന്നുവർഷം മുപ്പത്തിമൂന്നു ദിവസം നീണ്ടുനിന്ന കൊറിയൻയുദ്ധവും, രണ്ടുവർഷം രണ്ടാഴ്ച നീണ്ടുനിന്ന സന്ധിസംഭാഷണവും, 1953 ജൂലൈ 27-ാം- അവസാനിച്ചു.

കൊറിയൻയുദ്ധത്തിൽ ഐക്യരാഷ്ട്രപക്ഷത്തുനിന്നും 71,500 പേർ മൃതരായി. 250,000 പേർക്കു പരുക്കുകൾ പറ്റി. 83,263 പേരെ കമ്മൂണിസ്റ്റുകാർ തടവിലാക്കി. (12,737 പേർ മാത്രമേ തടവിലുള്ളു എന്നാണു് വടക്കർ പറഞ്ഞിട്ടുള്ളതു്. ബാക്കി, 70,000 പേർ എവിടെ? രഹസ്യമായിട്ടു പുല്ലുപറിക്കുകയോ, കഴിവെട്ടുകയോ, റോഡുവെട്ടുകയോ ആവാം. കമ്മൂണിസ്റ്റുപക്ഷത്തുനിന്നും 1,347,000 പേർ പരുക്കേല്ക്കുകയോ മരിക്കുകയോ ചെയ്തിട്ടുണ്ടു്. 125,000 പേരെ ഐക്യരാഷ്ട്രകക്ഷി തടവിൽ പിടിച്ചു.

ഇൻഡ്യൻ അദ്ധ്യക്ഷൻ

സന്ധിയുടെ ഫലമായി മനസ്സുള്ള തടവുകാരെ യുദ്ധകക്ഷികളും അന്യോന്യം കൈമാറ്റം ചെയ്തു. നാട്ടിൽപോകാൻമനസ്സില്ലെന്നു പറയപ്പെട്ടവരെ ഏറെറടുക്കാൻ ഒരു നിഷ്പക്ഷക്കമ്മീഷൻ നിയമിതമായി. കമ്മൂണിസ്റ്റുകക്ഷി പോളണ്ടിനേയും ചെക്കോസ്ലോവേക്യയേയും രണ്ടു നിഷ്പക്ഷരാജ്യങ്ങളെന്ന നിലയിൽ കമ്മീഷൻറെ അംഗങ്ങളായി തിരഞ്ഞെടുത്തു. സ്വീഡനേയും സ്വിറ്റ്സർലണ്ടിനേയും ആണു് ഐക്യരാഷ്ട്രകക്ഷി തിരഞ്ഞെടുത്തതു്. യുദ്ധകക്ഷികളുടെ ഐകകണ്ഠ്യേന തീരുമാനമനുസരിച്ചു് ഇൻഡ്യ അദ്ധ്യക്ഷനമായി. തടവുകാരെ ഏറെറടുത്തു സൂക്ഷിക്കാനായി ഇൻഡ്യൻസേനതന്നെ വേണമെന്നും ഇരുകക്ഷികളും തീരുമാനിച്ചു.

നിഷ്പക്ഷക്കമ്മീഷൻറെ പ്രവർത്തനം

ഇരുശത്രുനിന്നും തടവുകാരെ ഇൻഡ്യൻസേന ഏറെറടുക്കണം ഇൻഡ്യയുടെ അദ്ധ്യക്ഷതയിലുള്ള കമ്മീഷൻറെ മേൽനോട്ടത്തിലും അധികാരത്തിൻ കീഴിലുമാണു് ഈ ഏറെറടുപ്പും തുടർന്നുള്ള സൂക്ഷിപ്പും നടക്കേണ്ടതു്. നാട്ടിൽപോകാൻ തടവുകാർക്കു് ഇഷ്ടമില്ലന്നാണു് പറയപ്പെട്ടതെങ്കിലും, ഇഷ്ടം ആരെങ്കിലും പ്രകടിപ്പിച്ചാൽ അവരെ നാട്ടിലയയ്ക്കണം. വീട്ടിൽ പോകാനുള്ള മനസ്സില്ലായ്മ സ്വയമുള്ളതാണോ പരപ്രേരണയാലോ പരഭീഷണിയാലോ ഉണ്ടായിട്ടുള്ളതാണോ എന്നറിയുന്നതിനു് തടവുകാർക്കു് "വിശദീകരണം" കൊടുപ്പിക്കണം. വിശദീകരണത്തിനുശേഷം മനസ്സുണ്ടാകുന്നവരെ നാട്ടിലയയ്ക്കണം. ബാക്കി വരുന്ന, മനസ്സില്ലാത്ത തടവുകാരെ കൊറിയൻ പ്രശ്നത്തിൽ ഉൾപ്പെട്ട എല്ലാ വിഷയങ്ങൾക്കും പോംവഴി കണ്ടുപിടിക്കുന്നതിനായി ക്ഷുണ്ണതയ്ക്കായ പൊളിറ്റിക്കൽ കാൺഫറൻസിനെയോ, അതു കൂടുന്നില്ലെങ്കിൽ, യുദ്ധകക്ഷികളേയോ ഏല്പിക്കണം. ഇവയാണു് പഞ്ചാംശക്കമ്മീഷൻറെ മൂലതത്വകരം.

വിശദീകരണം (EXPLANATION)

നിഷ്പക്ഷകമ്മീഷൻറെ മൂലതത്വകരങ്ങളിൽ ഏറ്റവും പ്രധാനം തടവുകാർക്കു വിശദീകരണം കൊടുക്കാനുള്ള സൗകര്യവും സാഹചര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണല്ലോ. ഐക്യരാഷ്ട്രകക്ഷിപിടിച്ച തടവുകാരോടു് കമ്മൂണിസ്റ്റു പ്രതിനിധികളും, കമ്മൂണിസ്റ്റു കരംപിടിച്ച തടവുകാരോടു് ഐക്യരാഷ്ട്രകക്ഷിയുടെ പ്രതിനിധികളും പ്രേരണാത്മകമായി സംസാരിക്കുന്നതിനാണു് വിശദീകരണം എന്നുപറയുന്നതു്. ഈ സംസാരത്തിൻറെ ഉദ്ദേശം? തടവുകാർക്കു് സ്വന്തം നാട്ടിലും വീട്ടിലുംപോകാൻ മനസ്സില്ലാതായതിൻറെ കാരണം മനസ്സിലാക്കുക. സ്വന്തം ഇഷ്ടം മൂലമാണോ പരപ്രേരണയോ ഭീഷണിയോ മൂലമാണോ, മനസ്സില്ലായ്മ ഉണ്ടായിരിക്കുന്നതെന്നു് അറിയുക. തടവുകാരുടെ സന്ദേഹങ്ങൾക്കു നിവൃത്തിവരുത്തുക. സ്വദേശത്തുപോയി സമാധാനജീവിതം നയിക്കാൻ സാധിക്കുമെന്നു് ഉറപ്പുകൊടുക്കുക.

(തുടരും)



പൊൻകിനാവു്

കഴിഞ്ഞലക്കം കൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന കെ. യു അബ്ദുൽഖാദറിന്റെ ചെറുകഥ വളരെ ഹൃദയാവർജ്ജകമായിട്ടുണ്ടു്. ഉയർന്നവരുന്ന ഒരു ചെറുകഥാകൃത്താണു് ശ്രീ. അബ്ദുൽഖാദർ. വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്ന പക്ഷം ആ യുവാവു് അദൂരഭാവിയിൽതന്നെ ഒരു മികച്ച ചെറുകഥാകൃത്തായിത്തീരുവാനുള്ള സാദ്ധ്യതകളെല്ലാമുണ്ടു്.

എം. എൻ. നാരായണൻ,
പൂന്ത.

പറ്റിയില്ല

മലയാളചലച്ചിത്രങ്ങൾ പരാജയപ്പെടുന്നതിന്റെ കാരണങ്ങളെ അപഗ്രഥിക്കുവാൻ നടത്തിയിരിക്കുന്ന ശ്രമം വിജയിച്ചില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇന്നു കേരളീയരെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ തീരെ അപ്രധാനമല്ലാത്ത ഒന്നാണതു്. കഴിയുന്നതും ശരീരവതരമായ പരിചിന്തനത്തെ അർഹിക്കുന്നതുമാണു് കലയിൽ വ്യവസായ മനോഭാവം കടന്നുകൂടിക്കൊണ്ടു് ചിത്രങ്ങൾ പരാജയപ്പെടണമെന്നില്ല. ഹോളിവുഡ്ഡും ഇംഗ്ലണ്ടും ഇറാലിയും എല്ലാം ചലച്ചിത്രത്തെ ഒരു വ്യവസായമെന്ന നിലയിലാണു് സ്വീകരിച്ചിരിക്കുന്നതു് അല്ലാതെ ഒരു കല സേവിക്കുന്നു എന്ന നിലയിലല്ല അവിടത്തെ നിർമ്മാതാക്കൾ ചിത്രനിർമ്മാണം നടത്തുന്നതു്. എന്നിട്ടും മികച്ച കലാസൃഷ്ടികൾ അവിടെയൊക്കെ ജന്മമെടുക്കുന്നില്ലെ കലാകാരന്മാർ സഹകരിച്ചു പ്രവർത്തിക്കുന്നതു് എന്തുകൊണ്ടും ഇന്ത്യയിലും നല്ലതാണെന്നു എനിക്കും അഭിപ്രായമുണ്ടു്. പക്ഷെ അതിനാരാണു് മുൻകൈയെടുത്തു പ്രവർത്തിക്കുക.

എൻ. രാമാനുജൻ, കൊല്ലം

മുഖപ്രസംഗം

മലയാളപത്രലോകത്തിലെ ഒരു പയനിയറായ ശ്രീ മാമ്മൻമാപ്പിളയെ കുറിച്ചെഴുതിയ മുഖപ്രസംഗം വികാരഭരിതവും പ്രൗഢോജ്ജ്വലവുമായിട്ടുണ്ടു് അദ്ദേഹത്തിന്റെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ടു് അശ്രദ്ധവ്യത്യസങ്ങളെ വിസ്മരിച്ചു് അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിനേരാൻ ആർക്കാണു തോന്നാതിരുന്നു. അദ്ദേഹത്തിന്റെ ചിത്രം കവറിൽ അടിക്കേണമായിരുന്നില്ലെ എന്നൊരു സംശയംകൂടി എനിക്കവതരിപ്പിക്കാനുണ്ടു്. മാമ്മൻമാപ്പിളയെ അനുസ്മരിച്ചു കൊണ്ടെഴുതപ്പെട്ടിട്ടുള്ള ലേഖനങ്ങളിൽ ഒൻപന്തിയിൽ നിൽക്കുന്നതിതാണെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

എം. തോമസ്, ആലപ്പുഴ

ചെക്കോവു

ഏതെങ്കിലും ഒരു വിശ്വസാഹിത്യകാരന്റെ ഒന്നോ രണ്ടോ കൃതികൾ കഷ്ടിച്ചു പാരായണംചെയ്തൽമതി ഉടനെ ഒരു ലേഖനമെഴുതണം എന്ന കിറുക്കു് നമ്മുടെ പല യുവാക്കളിലും ബാധിച്ചിരിക്കുന്നതു് ശോചനീയംതന്നെ. ആ സാഹിത്യകാരന്റെ പ്രത്യേകതകളെപ്പറ്റിയോ, അദ്ദേഹത്തിന്റെ ജീവിതനിരീക്ഷണ സാമർത്ഥ്യത്തെപ്പറ്റിയോ അദ്ദേഹവും കലയുമായുള്ള ബന്ധത്തെപ്പറ്റിയോ ഒന്നും മറിച്ചണമെന്നില്ല ഇക്കൂട്ടർക്കു്. ഈ പതിവു തുടരാൻ അനുവദിക്കുന്നതു് തീരെ സാഹസികമാണു്. കഴിഞ്ഞലക്കം കൗമുദിയിൽ ഒരു ലേഖകൻ റഷ്യൻ സാഹിത്യമണ്ഡലത്തിന്റെ ഒരത്യുജ്ജ്വലതാരമായ ചെക്കോവിനെപ്പറ്റി എഴുതിയിരിക്കുന്ന ലേഖനമാണു് എന്നെ ഇതെഴുതാൻ പ്രേരിപ്പിച്ചതു്, നിരവധി ചെറുകഥകളും നാടകങ്ങളും വിശ്വസാഹിത്യത്തിനു സംഭാവന ചെയ്തിട്ടുള്ള ആ സാഹിത്യകാരനെപ്പറ്റിയുള്ളതാകൊണ്ടാണു് ആ ലേഖനം ഞാൻ വായിച്ചതു്. ആ ലേഖനത്തിന്റെ രണ്ടു ചതുരശ്രനാട്ടകങ്ങളിലൂടെ കഥാഭാഗംമാത്രമാണു് ആ ലേഖനത്തിലെ പ്രതിപാദ്യം. നാടകകൃത്തു് ആ പ്രതിപാദ്യങ്ങളെ മീപിച്ചിരിക്കുന്ന രീതിയെപ്പറ്റിയായിരുന്നു ലേഖനമെങ്കിൽ ഞാൻ പരാതിപ്പെടുകയില്ലായിരുന്നു. ലോകത്തിലും വിശ്വസാഹിത്യകാരന്മാരെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധവും ആഴമേറിയതുമായിരിക്കാൻ പത്രാധിപർ ശ്രദ്ധിക്കേണ്ടതു വിശ്വസിക്കുന്നു.

കെ. മാധവൻനായർ
തിരുവനന്തപുരം

താരാപഥം
ജാനുവരി ലക്കം

★

ജി. വരലക്ഷ്മി

താരാപഥവുമായി സംസാരിക്കുന്നു

കെ. കാർത്തികേയൻ, വിമൽകുമാർ, പട്ടത്തുവിള കരുണാകരൻ എന്നിവരുടെ പ്രൗഢങ്ങളായ ലേഖനങ്ങളും

മാനേജർ,
താരാപഥം
പേട്ട, തിരുവനന്തപുരം

Printed and Published by K. Balakrishnan at the Indira Printing Works, Pettah, Trivandrum

Phone No. 2128

PRICE As. 3

REG: M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY


VOL: IV
18th MONDAY
JANUARY 1954
No. 43

FOR

ANYTHING AUTOMOTIVE

SUCH AS

SERVICING, RUNNING REPAIRS,
OVER HAULS, PAINTINGS,
BODY BUILDINGS ETC. ETC.



Contact Phone: 2834.

THE CITY MOTORS

DEALERS OF PONTIAC CARS, G. M. C. & BEDFORD TRUCKS

TRIVANDRUM

USHA